# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഒക്ടോബർ 2016 വാല്യം 43 ലക്കം 6 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 16 വില 5.00 രൂപ


## ഉയർന്ന ഫീസും കോഴയും:

# മെഡിക്കൽ വിദ്യാഭ്യാസം വഴിവാണിഭമായി

**ആണ്ടുതോറും നടത്തിവരാറുള്ള സ്വാശ്രയമെഡിക്കൽ പ്രവേശനകരാർ ഒപ്പുവയ്ക്കലിനും പ്രതിപക്ഷം വഴിപാടുപോലെ നടത്തുന്ന പ്രതിഷേധ സമരത്തിനും ഇത്തവണയും മാറ്റമുണ്ടായില്ല. കഥയ്ക്കും തിരക്കഥയ്ക്കും വ്യത്യാസമില്ല. അഭിനേതാക്കൾ നായക-വില്ലൻ വേഷങ്ങൾ പരസ്പരം കൈമാറി തങ്ങളുടെ റോൾ ഭംഗിയായി ആടിത്തീർത്തു. കഴിഞ്ഞ വർഷം വില്ലൻ വേഷത്തിൽ യുഡിഎഫ് നേതാക്കളായിരുന്നെങ്കിൽ ഇത്തവണയത് എൽഡിഎഫ് നേതാക്കൾ ഏറ്റെടുത്തു. പരസ്പരം ഭരണ-പ്രതിപക്ഷ നേതാക്കൾ നടത്തിയ രാഷ്ട്രീയ മല്ലയുദ്ധത്തിന്റെ സമാപനത്തിൽ പതിവുപോലെ സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകൾക്കു കോടികളുടെ അധികലാഭം ഉറപ്പാക്കപ്പെട്ടിരിക്കുന്നു.**

**ഈ** വർഷം എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്നയുടനെ സ്വാശ്രയ മാനേജുമെന്റുകൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത യുദ്ധം നടത്താൻ പോകുന്നുവെന്ന പ്രതീതി ജനിപ്പിക്കുകയുണ്ടായി. കേരളത്തിലെ സ്വാശ്രയ മെഡിക്കൽ സീറ്റുകൾ 100 ശതമാനവും സർക്കാർ ഏറ്റെടുക്കുന്നുവെന്ന പ്രഖ്യാപനം ആരോഗ്യമന്ത്രി ശ്രീമതി കെ.കെ.ശൈലജ നടത്തിയതോടെയാണ് സ്വാശ്രയ രംഗത്തെ പുതിയഫീസ് വർദ്ധനവിനും കോഴയ്ക്കും കളമൊരുങ്ങിയത്.മെഡിക്കൽ രംഗത്ത് മെറിറ്റ് പൂർണ്ണമായി പുനഃസ്ഥാപിക്കാൻ പോകുന്നുവെന്ന പ്രതീതി ജനിപ്പിച്ചുകൊണ്ട് നൂറ് ശതമാനം സീറ്റുകളിലും ഏകീകൃത ഫീസ് ഘടനയുടെ പേരിൽ ഉയർന്ന ഫീസ് ഏർപ്പെടുത്താനുള്ള ഒത്തുകളിയായിരുന്നു അത് എന്ന് ബോദ്ധ്യപ്പെട്ടതോടെ വലിയ പ്രതിഷേധമുണ്ടായി. എല്ലാ സീറ്റുകളിലും മെറിറ്റ് പാലിക്കുമെന്നും സർക്കാർ സീറ്റിലെ ഫീസ് ഏർപ്പെടുത്തുമെന്നും പറഞ്ഞുകൊണ്ട് യഥാർത്ഥത്തിൽ നിലവിലുള്ള മെറിറ്റ്-മാനേജ്മെന്റ് ക്വാട്ട ഫീസുകൾ ഏകീകരിച്ച് ഉയർന്ന ഫീസ് തരപ്പെടുത്തുവാൻ മാനേജ്മെന്റുകൾക്ക് അവസരം ഒരുക്കുവാനായി നടത്തിയ നാടകം പരാജയമായി. തുടർന്ന് സ്വാശ്രയ മാനേജ്മെന്റ്, എല്ലാ സീറ്റുകളും സർക്കാർ ഏറ്റെടുക്കുന്നതിനെതിരെ ഹൈക്കോടതിയെ സമീപിക്കുകയും പ്രതീ

*(ശേഷം 2-ാം പേജിൽ)*




**മോദിസർക്കാരിന്റെ വിദ്യാഭ്യാസവിരുദ്ധ നയങ്ങൾക്കെതിരെ എഐഡിഎസ്ഒ സെപ്തംബർ 27 ന് സംഘടിപ്പിച്ച പാർലമെന്റ് മാർച്ച്**

## കാശ്മീർ പ്രശ്നം:

# പരിഹാരത്തിന്റെ ദിശ ഏത്?

**കാശ്മീർവിഷയത്തെ അധികരിച്ച് ഇന്ത്യ-പാക് അതിർത്തിയിൽ സംഘർഷം സൃഷ്ടിക്കപ്പെട്ടിരിക്കുകയാണല്ലോ. അതിർത്തികടന്നുള്ള ഭീകര പ്രവർത്തനം വലിയൊരു പ്രശ്നമായി മാറിയിരിക്കുന്നു. എന്നാൽ അതിനെ നേരിടാനെന്ന പേരിൽ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നടപടികൾ പ്രശ്നത്തെ വഷളാക്കുക മാത്രമേ ചെയ്യുന്നുള്ളൂ. എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രവാഷ് ഘോഷ്, യുദ്ധഭീതി പടർത്തുന്ന നയനടപടികൾ പ്രശ്നത്തിന് പരിഹാരമാകില്ല, മറിച്ച് പ്രശ്നത്തെ വഷളാക്കുകയേ ഉള്ളൂ എന്ന് പ്രസ്താവിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ പിറവിയോടൊപ്പംതന്നെ കൈകാര്യം ചെയ്യേണ്ടിവന്ന കാശ്മീർ പ്രശ്നത്തിന്റെ ശാസ്ത്രീയവും യുക്തിസഹവും മാനുഷികവുമായ പരിഹാരമാർഗ്ഗം എന്താണ്? ഈ വിഷയത്തെ അധികരിച്ച് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് കൃഷ്ണ ചക്രവർത്തി 'ഷോപ്പിയാൻ' സംഭവത്തിന്റെ പശ്ചാത്തലത്തിൽ കാശ്മീർ കലുഷിതമായിരിക്കുമ്പോൾ 2010 നവംബറിൽ കൽക്കത്തയിലെ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഹാളിൽ നടത്തിയ പ്രസംഗം കാശ്മീരിന്റെ ചരിത്രപശ്ചാത്തലം വ്യക്തമാക്കുന്ന ഒരു മുഖവുരയോടൊപ്പം ചുവടെ നൽകുകയാണ്.**

### മുഖവുര-ചരിത്രപശ്ചാത്തലം

'കാശ്മീർ പ്രശ്നം' എന്തെന്ന് മനസ്സിലാക്കുവാൻ കാശ്മീരിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ചരിത്രം, രാഷ്ട്രീയ പാരമ്പര്യം എന്നിവ മനസ്സിലാക്കേണ്ടതുണ്ട്.

ജമ്മുകാശ്മീർ സംസ്ഥാനവും പാക് അധീന കാശ്മീരും അടങ്ങുന്ന 84,471 സ്ക്വയർ മൈൽ ഭൂപ്രദേശം ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഏറ്റവും വടക്കുഭാഗത്തായാണ് സ്ഥിതി ചെയ്യുന്നത്. ഭൂമിശാസ്ത്രപരമായി മൂന്ന് മേഖലകളാണ് ഇതിൽ ഉൾപ്പെടുന്നത്. വടക്ക്, ടിബറ്റൻ അഥവാ സെമി ടിബറ്റൻ മേഖല. ഇതിൽ ലഡാക്ക്, ജിൽജിത് ജില്ലകൾ ഉൾപ്പെടും. മദ്ധ്യഭാഗത്താണ് കാശ്മീർ താഴ്‌വര. ജമ്മുവിലെ വിശാലമായ ഭൂപ്രദേശമാണ് മറ്റൊരു മേഖല. പൂഞ്ച്, ദോഡാ, കിഷ്ത്‌വാർ ജില്ലകൾ ഇതിൽ പെടും. ഈ മൂന്ന് മേഖലകളും ഹിമാലയ പർവ്വതനിരകളുടെ മഞ്ഞുമലകളാൽ പരസ്പരം വേർതിരിക്കപ്പെട്ടിരിക്കുന്നു.

വടക്കുകിഴക്ക് ഭാഗത്ത് ടിബറ്റും വടക്ക് ചൈന(സിങ്കിയാംഗ്)യും വടക്കുപടിഞ്ഞാറ് പഴയ യുഎസ്എസ്ആറിന്റെ ഭാഗമായ താജിക്കിസ്ഥാനും അഫ്ഗാനിസ്ഥാനും പടിഞ്ഞാറ് പാകിസ്ഥാനും തെക്കുഭാഗത്ത് പാകിസ്ഥാനും ഇന്ത്യയും അതിരുകളായുള്ളതാണ് ഈ ഭൂപ്രദേശം.

മുഗൾ ചക്രവർത്തിമാരുടെയും അഫ്ഗാൻ ചക്രവർത്തിമാരുടെയും കീഴിൽ നാലു നൂറ്റാണ്ടുനീണ്ടുനിന്ന മുസ്ലീം ഭരണം പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ അവസാനിക്കുകയും സിക്ക് സൈന്യം കാശ്മീർ കീഴടക്കുകയും ചെയ്തു. 1846 ൽ പഞ്ചാബിലെ മഹാരാജാ രഞ്ജിത് സിംഗിനുവേണ്ടി രാജാ ഗുലാബ് സിംഗ് ബ്രിട്ടീഷുകാരുമായുണ്ടാക്കിയ ഉടമ്പടി പ്രകാരം ജമ്മുവും കാശ്മീരും 75ലക്ഷം രൂപയ്ക്ക് ബ്രിട്ടീഷുകാരിൽ നിന്ന് വിലയ്ക്ക് വാങ്ങി. ഈ ദോഗ്രരാജവംശത്തിന്റെ പ്രതിനിധി ആയിരുന്നു മഹാരാജാ ഹരിസിംഗ്. ബ്രിട്ടീഷുകാരിൽനിന്നുള്ള അധികാരകൈമാറ്റം നടക്കുമ്പോൾ മഹാരാജാ ഹരിസിംഗ് ആയിരുന്നു കശ്മീർ ഭരിച്ചിരുന്നത്.

ബ്രിട്ടീഷ് മേൽക്കോയ്മയ്ക്ക് കീഴിൽ ആയിരുന്നുവെങ്കിലും 1947 ആഗസ്റ്റ് 15വരെ സ്വയംഭരണപ്രദേശമായിരുന്നു ജമ്മുവും കാശ്മീരും. '1947 ഇന്ത്യൻ ഇൻഡിപെന്റ്ൻസ് ആക്ട്' പ്രകാരം ഇന്ത്യയും പാകിസ്ഥാനും രണ്ടു രാജ്യങ്ങളായി നിലവിൽവന്നു. 562ഓളം നാട്ടുരാജ്യങ്ങൾക്കുമേലുണ്ടായിരുന്ന ബ്രിട്ടീഷ് മേൽക്കോയ്മ അവസാനിക്കുകയും രാജ്യങ്ങൾ സ്വതന്ത്രമാകുകയും ഓരോ രാജ്യത്തിനും ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരാനോ, അതല്ല 'സ്റ്റാൻഡ് സ്റ്റിൽ' ഉടമ്പടി ഒപ്പുവച്ച് സ്വതന്ത്രമായി നിൽക്കാനോ ഉള്ള അവകാശം നൽകപ്പെട്ടു. മഹാരാജാ ഹരിസിംഗ് പാകിസ്ഥാനുമായി ഒരു സ്റ്റാൻഡ് സ്റ്റിൽ കരാറിൽ ഒപ്പുവച്ചു. പാകിസ്ഥാൻ വൈമനസ്യമേതുമില്ലാതെ അത് അംഗീകരിക്കുകയും ചെയ്തു. സമാനമായ നിർദ്ദേശം ഇന്ത്യൻ ഗവൺമെന്റിനു മുമ്പാകെ വന്നപ്പോൾ, ജന

*(ശേഷം 10-ാം പേജിൽ)*

**പേജ് ഉള്ളടക്കം**


- 3 സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണ പ്രഭാഷണം
- 6 ദേശീയവിദ്യാഭ്യാസ നയം 2016
- 7 ഡൽഹിയിൽ ദേശീയ വിദ്യാഭ്യാസ കൺവൻഷൻ
- 9 റെയിൽവേ ചാർജ് വർദ്ധനവും സുരക്ഷാ പ്രശ്നങ്ങളും – റെയിൽവേ സ്റ്റേഷൻ മാർച്ച്
- 10 കാശ്മീർപ്രശ്നം.... തുടർച്ച
- 15 സൗമ്യവധം: കോടതിവിധി പുനഃപരിശോധിക്കുക
- 16 എഐഡിവൈഒ സംസ്ഥാന സമ്മേളനം പ്രീപ്രൈമറി അദ്ധ്യാപകരുടെ സെക്രട്ടേറിയറ്റ് മാർച്ച്

# കൊള്ളയടിക്കാൻ മാത്രമായി എൽഡിഎഫിന്റെ സ്വാശ്രയക്കരാർ

(1-ാം പേജിൽ നിന്ന്)

ക്ഷിച്ചത് പോലെ അനുകൂലമായ വിധി നേടുകയും ചെയ്തു. അമ്പത്-അമ്പത് എന്ന അനുപാതം പാലിക്കുവാൻ അമ്പത് ശതമാനം മെറിറ്റ്സീറ്റുകൾ സംസ്ഥാനപ്രവേശന പരീക്ഷാ ലിസ്ററിൽ നിന്നും ബാക്കി അമ്പത് ശതമാനം സീറ്റുകൾ കേന്ദ്ര പരീക്ഷയായ 'നീറ്റിന്റെ' ലിസ്റ്റിൽ നിന്നും എടുക്കുവാനും കോടതി നിർദ്ദേശിച്ചു. എന്നാൽ, സംസ്ഥാന സർക്കാരും വിവിധ മാനേജ്മെന്റ് അസോസിയേഷനുകളും തമ്മിലുണ്ടാക്കിയ കരാർ പ്രകാരം എല്ലാ സീറ്റുകളിലും വൻതോതിൽ ഫീസ് വർദ്ധിപ്പിക്കാനും മാനേജ്മെന്റ് ക്വാട്ട സീറ്റുകളിൽ അവരുടേതായ കൗൺസിലിംഗ് നടത്തി വിദ്യാർത്ഥികളെ നിറയ്ക്കാനും പഴുതുകൾ അനുവദിച്ചുകൊടുത്തു. നീറ്റ് പരീക്ഷയുടെ പട്ടിക മാത്രമേ അടിസ്ഥാനമാക്കിയുള്ളു. ഒരു സീറ്റിലും മെറിറ്റ് പാലിക്കപ്പെട്ടില്ല. അവിടെയാണ് കോഴ വാങ്ങാനുള്ള വാതിലുകൾ മലർക്കെ തുറന്നുകൊടുത്ത കള്ളക്കളികൾ നടന്നിരിക്കുന്നത്.

യഥാർത്ഥത്തിൽ, ഉയർന്ന ഫീസ് തന്നെ നിയമവിധേയമായ കോഴയാണ്. യുഡിഎഫ് സർക്കാരും മാനേജ്മെന്റുകളും തമ്മിലുണ്ടാക്കിയിട്ടുള്ള, കഴിഞ്ഞ വർഷം വരെ നിലവിലുണ്ടായിരുന്ന കരാർ പ്രകാരം വർഷാവർഷം പത്തുശതമാനം ഫീസ് വർദ്ധിപ്പിക്കാവുന്നതാണ്. എല്ലാവർഷവും ഫീസ് കൂട്ടാൻ മുൻകൂർ കരാർ ഉറപ്പിക്കുന്ന വിദ്യാഭ്യാസക്കച്ചവടമാണത്. അതിനെ ചോദ്യം ചെയ്യാൻ എൽഡിഎഫ് (പ്രതിപക്ഷത്തിരിക്കുമ്പോഴും) ഒരിക്കലും തയ്യാറായിട്ടില്ല. എന്നുമാത്രമല്ല, ഇത്തവണ യുഡിഎഫിനെപ്പോലും അമ്പരപ്പിക്കുന്ന വിധത്തിൽ എൽഡിഎഫ് സർക്കാർ 35 ശതമാനംവരെയുള്ള ഫീസ് വർദ്ധനവാണ് അനുവദിച്ച് നൽകിയത്. 30 ശതമാനം മെറിറ്റ് സീറ്റിലെ ഫീസ് കഴിഞ്ഞ വർഷം 1.85 ലക്ഷം രൂപയായിരുന്നത് ഇത്തവണ 2.5 ലക്ഷം രൂപയാക്കി ഉയർത്തിക്കൊടുത്തു. 20 ശതമാനം സംവരണ സീറ്റുകളിൽ മാത്രമാണ് (യുഡിഎഫ് സർക്കാരിന്റെ കാലത്ത് 25 ശതമാനമായിരുന്നു ഇത്) 25,000രൂപ ഫീസ് നിലനിർത്തിയത്.

35 ശതമാനം മാനേജ്മെന്റ് ക്വാട്ട സീറ്റുകളിൽ 8.5 ലക്ഷം രൂപയായിരുന്ന ഫീസാണ് ഇത്തവണ 11 ലക്ഷമാക്കി ഉയർത്തിയത്. എൻആർഐ ക്വാട്ടയിലെ സീറ്റുകളിൽ കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്നത് 12.5 ലക്ഷം രൂപയായിരുന്നു. ഇത്തവണയത് രണ്ടരലക്ഷം കൂട്ടി 15 ലക്ഷമാക്കികൊടുത്തു. അതായത് 100 സീറ്റുകളുള്ള ഒരു സ്വാശ്രയ മെഡിക്കൽ കോളേജിന് ഈ വർഷം ഫീസിനത്തിൽ മാത്രം ലഭിക്കുന്നത് 6 കോടി 90 ലക്ഷം രൂപ. കഴിഞ്ഞ വർഷം ലഭിച്ചതിനേക്കാൾ 1.44 കോടി രൂപവീതം ഓരോ മാനേജ്മെന്റിനും അധികമായി ലഭിക്കുന്നു.

സർക്കാരുമായി കരാറിലൊപ്പിട്ട എല്ലാ സ്വാശ്രയ കോളേജുകൾക്കുമായി ഈ വർഷം ലഭിച്ച തുക 30.34 കോടി രൂപയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. മാനേജുമെന്റുകൾക്കു പോലും പ്രതീക്ഷിക്കാത്ത ലാഭമാണ് എൽഡിഎഫ് സർക്കാർ അവർക്ക് സമ്മാനമായി നൽകുന്നത്. ഈ കൊള്ളയ്ക്ക് അവസരം നൽകിയ എൽഡിഎഫിന് പ്രത്യുപകാരമായി എന്താണ് മാനേജുമെന്റുകൾ നൽകിയതെന്ന ചോദ്യം ചില പ്രതിപക്ഷ നേതാക്കൾ ഉന്നയിക്കുന്നുണ്ട്. അവരുടെ മുൻകാല അനുഭവം വെച്ച് ചോദിക്കുന്നതാണെങ്കിലും ആ ചോദ്യം പ്രധാനപ്പെട്ടതു തന്നെ.

**പരിയാരം മെഡിക്കൽ കോളേജിൽ ലക്ഷണമൊത്ത സ്വാശ്രയക്കച്ചവടം**

സ്വാശ്രയ മാനേജുമെന്റുകളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് ഉയർന്ന ഫീസ്ഘടന എൽഡിഎഫ് സർക്കാർ നിശ്ചയിച്ചതെന്ന വാദത്തിന്റെ അടിസ്ഥാനംതന്നെ ചോദ്യം ചെയ്യുന്നതാണ് സിപിഐ(എം) നേതാക്കൾ നേതൃത്വം നൽകുന്ന പരിയാരം മെഡിക്കൽ കോളേജിലെ ഫീസ് വർധന. വർഷാവർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധനവിന് ആനുപാതികമായി ഫീസ് കൂട്ടിക്കൊണ്ടിരിക്കുന്ന സ്ഥാപനമാണ് പരിയാരം സഹകരണ മെഡിക്കൽ കോളേജ്. എന്നാൽ, ഇത്തവണ കുത്തനെയുള്ള വർധനവാണ് അവിടെ വരുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെക്കാൾ 1.79 കോടിരൂപയുടെ അധിക ലാഭമാണ് ഫീസ് ഏകീകരിച്ചതിലൂടെ പരിയാരം മാനേജ്മെന്റ് കൊയ്തെടുത്തിരിക്കുന്നത്. അവിടെയും സർക്കാർ സീറ്റ്/മാനേജ്മെന്റ് ക്വാട്ട/എൻ ആർഐ തുടങ്ങിയ എല്ലാവിധ സ്വാശ്രയ ഫോർമുലയും നിലനിൽക്കുന്നു. എന്നുമാത്രമല്ല, ആകെയുള്ള 27 സർക്കാർ സീറ്റിൽ കഴിഞ്ഞ വർഷമുണ്ടായിരുന്ന ഒന്നര ലക്ഷം രൂപ ഫീസ് ഇത്തവണ ഒറ്റയടിക്ക് 2.5 ലക്ഷമാക്കി ഉയർത്തിയിരിക്കുന്നു. മറ്റ് സ്വാശ്രയ കോളേജുകളിൽ ഈ വർഷം 65,000 രൂപ വർദ്ധിപ്പിച്ചപ്പോഴാണ് പരിയാരത്ത് അതിനെയും വെല്ലുന്ന ഫീസ് വർദ്ധന. അതുപോലെ, 35 ശതമാനം വരുന്ന മാനേജ്മെന്റ് സീറ്റിൽ കഴിഞ്ഞ വർഷത്തെ 6 ലക്ഷം രൂപ 10 ലക്ഷമാക്കിയാണ് ഉയർത്തിയത്. പതിനഞ്ച് ശതമാനം എൻആർഐ സീറ്റിൽ 12 ലക്ഷമെന്നത് 14 ലക്ഷമാക്കിയും ഉയർത്തി വൻ കൊളളയടി നടത്തുകയാണ്. മറ്റ് സ്വാശ്രയകോളേജുകളിൽ 20 ശതമാനം സംവരണ സീറ്റുകളിൽ 25,000 രൂപയ്ക്ക് പഠിപ്പിക്കുമ്പോൾ, പരിയാരത്ത് അത് 10 സീറ്റുകളിൽ മാത്രമാക്കി ചുരുക്കുകയും ചെയ്തിരിക്കുന്നു. ബാക്കി പതിമൂന്ന് സീറ്റുകളിലെ(എസ്ഇബിസി) ഫീസാകട്ടെ 45,000 രൂപയുമാണ്. അങ്ങനെ ഒരു തരത്തിലും ന്യായീകരിക്കാനാവാത്ത വിധത്തിലുള്ള വിദ്യാഭ്യാസക്കച്ചവടത്തിന് സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ നേതാക്കൾ നേരിട്ടു നടത്തുന്ന സ്ഥാപനത്തിൽ നേതൃത്വം നൽകിയതിന് ശേഷമാണ് മെറിറ്റിനെക്കുറിച്ച് ചാരിത്ര്യപ്രസംഗം നടത്തുന്നത്. പരിയാരത്ത് ഫീസ് കുറയ്ക്കണമെന്ന ആവശ്യം ശക്തമായി ഉയർന്നു വന്നിരിക്കുന്ന സന്ദർഭമാണിത്. അപ്പോൾ, അതിനു മറുപടിയെന്നോണം മുഖ്യമന്ത്രി പിണറായി വിജയൻ, നിയമസഭയിൽ പറയുന്നത് പരിയാരം സർക്കാർ ഏറ്റെടുക്കുമെന്നാണ്!!

ഇപ്പോൾ പരിയാരം ആരുടെ നിയന്ത്രണത്തിലാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയാൽ നന്നായിരുന്നു. ഇങ്ങനെ ഫീസ് കൂട്ടാനും മെറിറ്റ് അട്ടിമറിയ്ക്കാനുമായിട്ടാണെങ്കിൽ പിന്നെ സർക്കാർ ഏറ്റെടുക്കുന്നതുകൊണ്ട് ആർക്ക് നേട്ടം? 23 വർഷങ്ങൾക്കുമുമ്പ്, അന്നത്തെ മുഖ്യമന്ത്രി കെ.കരുണാകരനും അന്നത്തെ സഹകരണവകുപ്പ് മന്ത്രി എം.വി.രാഘവനും ചേർന്ന് സർക്കാർ ഭൂമിയും കെട്ടിടങ്ങളും ഉപയോഗിച്ച് സ്വകാര്യട്രസ്റ്റിന് കീഴിൽ സ്വാശ്രയ കോളേജ് ആരംഭിക്കാൻ തീരുമാനിച്ചപ്പോൾ അതിനെതിരെ കേരളമെങ്ങും വലിയ പ്രക്ഷോഭമാണുണ്ടായത്. കൂത്തുപറമ്പിൽ 5 രക്തസാക്ഷികൾ അന്ന് സൃഷ്ടിക്കപ്പെട്ടു. എല്ലാവരും ഡിവൈഎഫ്ഐ പ്രവർത്തകരായിരുന്നു. തുടർന്നാണ്, പരിയാരം മെഡിക്കൽകോളേജ് സർക്കാർ ഏറ്റെടുക്കുക എന്ന മുദ്രാവാക്യം എഐഡിഎസ്ഒയും എസ്എഫ്ഐയും ഉൾപ്പെടുന്ന സംയുക്ത വിദ്യാർത്ഥി സമര സമിതി മുന്നോട്ടുവച്ചത്. അതിനുശേഷം, 5 സർക്കാരുകൾ അധികാരത്തിൽ വന്നു. അതിൽ രണ്ടും എൽഡിഎഫ് സർക്കാരുകളാണ്. ഇത് മൂന്നാമത്തെ എൽഡിഎഫ് സർക്കാർ. ഇതുവരെയും പരിയാരം സർക്കാർ ഏറ്റെടുത്തില്ല.

ഇപ്പോൾ, പ്രതിഷേധത്തെ മറികടക്കാൻ വേണ്ടിമാത്രം ലജ്ജയില്ലാതെ പറയുന്ന പ്രസ്താവമാണ് പരിയാരം സർക്കാർ ഏറ്റെടുക്കുമെന്നത്. കഴിഞ്ഞ ഉമ്മൻചാണ്ടി സർക്കാരും ആ കോളേജ് സർക്കാർ ഏറ്റെടുക്കുമെന്ന് രണ്ടുതവണ പ്രഖ്യാപിച്ചിരുന്നു. പക്ഷേ, ഒന്നും നടന്നില്ല. അപ്പോൾ, ഇതൊരു കൂട്ടുകച്ചവടമാണെന്ന് തിരിച്ചറിയാൻ ഇതിൽ കൂടുതൽ തെളിവുകൾ ആവശ്യമുണ്ടോ ?

എൽഡിഎഫ് സർക്കാരിന്റെ പുതിയ സ്വാശ്രയക്കരാറിലൂടെ കൂടുതൽ വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കാൻ അവസരം കൈവന്നിരിക്കുന്നുവെന്നാണ് മുഖ്യമന്ത്രിയും മററും ഇപ്പോഴും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതായത്, കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ കാലത്ത് 13 സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് സർക്കാരുമായി കരാറൊപ്പിട്ടത്. ഇത്തവണ 19 കോളേജുകൾ ഒപ്പിട്ടു. ഉയർന്ന ഫീസ്ഘടനയുള്ള ഒരു കരാറിൽ ഒപ്പിടാൻ തയ്യാറായത്. ആയതിനാൽ, ആ കോളേജുകളിലെ സംവരണ സീറ്റുകൾ ആകെ (അതായത്, മെറിറ്റ് ക്വാട്ടയിലെ 20 ശതമാനം സീറ്റുകൾ) കൂട്ടുമ്പോൾ 219 കുട്ടികൾക്കു 25,000 രൂപയ്ക്കു പഠിക്കുവാൻ അവസരം ലഭിച്ചിരിക്കുന്നുവെന്നാണ് അവകാശവാദം. ഏകദേശം 2300 സീറ്റുകളിലാണ് 219 സംവരണ സീറ്റുകളിലെ ഫീസാനുകൂല്യം. യഥാർത്ഥത്തിൽ ഫീസാനുകൂല്യം ലഭിക്കേണ്ട മഹാഭൂരിപക്ഷം വിദ്യാർത്ഥികൾക്കും അതിനുള്ള സാധ്യതകൾ സ്വാശ്രയകോളേജുകളിൽ ലഭിക്കുന്നില്ലയെന്നതാണ് വസ്തുത. പക്ഷേ, അതിന്റെ മറയിൽ ബാക്കി 2,000 സീറ്റുകളിൽ പിണറായി സർക്കാർ പിടിച്ചുപറി അനുവദിച്ചിരിക്കുന്നു. മാനേജ്മെന്റിന്റെ വകയായ 50 ശതമാനം സീറ്റുകളിലാകട്ടെ മെറിറ്റ് പൂർണ്ണമായി അട്ടിമറിച്ചുകൊണ്ടാണ് കരുണമെഡിക്കൽ കോളേജ്, പുഷ്പഗിരി, കാരക്കോണം, അടൂർ മൗണ്ട് സിയോൺ,പാലക്കാട് പി.കെ. ദാസ്,അസീസിയ, ശ്രീനാരായണ, അൽ അസ്ഹർ, ട്രാവൻകൂർ മെഡിക്കൽ കോളേജ് തുടങ്ങിയ ഒട്ടുമിക്ക മെഡിക്കൽ കോളേജുകളും ഈ വർഷം പ്രവേശനം നടത്തിയത്. അവർ ഒരു ലിസ്റ്റും അടിസ്ഥാനപ്പെടുത്തിയിട്ടില്ല. നീറ്റ് റാങ്ക് പട്ടികയിൽ മുന്നിൽ വന്ന 1300 വിദ്യാർത്ഥികളാണ് ഫീസ് നിയന്ത്രണ കമ്മിറ്റിയുടെ മുമ്പാകെ പരാതികൾ സമർപ്പിച്ചത്. പട്ടികയിൽ വളരെ താഴെയുള്ള വിദ്യാർത്ഥികളിൽ നിന്ന് ലക്ഷങ്ങൾ കോഴ വാങ്ങിക്കൊണ്ടാണ് പ്രവേശന നടപടികൾ മാനേജ്മെന്റുകൾ പൂർത്തീകരിച്ചിരിക്കുന്നത്.

മെറിറ്റ് നഗ്നമായ വിധത്തിൽ അട്ടിമറിച്ചതിന്റെ കണക്കുകൾ ജെയിംസ്കമ്മിറ്റിക്കു മുമ്പാകെയുള്ളപ്പോഴാണ്, സുപ്രീം കോടതിയിൽ കേരളത്തിന്റെ സ്വാശ്രയക്കേസ്സ് പരിഗണനയ്ക്കുവന്നത്. അന്തിമവിധിയിൽ "പ്രവേശന നടപടികൾ പൂർത്തിയാക്കപ്പെട്ടു കഴിഞ്ഞു. ആയതിനാൽ, ഈ വർഷം കോടതി ഇടപെടുന്നില്ലായെന്ന് " സുപ്രീം കോടതിക്ക് പറയേണ്ടിവന്നു. മെറിറ്റ് അട്ടിമറിച്ച്, കോഴവാങ്ങി മാനേജുമെന്റുകൾ നടത്തിയ നിയമവിരുദ്ധമായ പ്രവേശന നടപടിയെക്കുറിച്ച് കേരള സർക്കാർ നിശബ്ദത പാലിച്ചതുകൊണ്ടാണ് അത് സംഭവിച്ചത്.

സുപ്രീംകോടതിയിൽ ഈ കേസ് എത്തിച്ചേർന്നതും മഹാരാഷ്ട്രയിലെ സ്വാശ്രയ കേസിന്റെ അനുബന്ധമായിട്ടാണ്. സുതാര്യമായിട്ടല്ലാതെ പ്രവേശനം നടത്തിയ മാനേജുമെന്റുകൾക്കെതിരെ മഹാരാഷ്ട്ര സർക്കാരാണ് സുപ്രീംകോടതിയെ സമീപിച്ചത്. സമാനമായ സാഹചര്യമാണ് കേരളത്തിലേതെന്ന് കേന്ദ്രസർക്കാർ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ കേസിൽ കേരളം കക്ഷിയായതുപോലും.

എന്നുവച്ചാൽ, കേരളത്തിലെ സ്വാശ്രയ മാനേജുമെന്റുകളും എൽഡിഎഫ് സർക്കാരും തമ്മിലുള്ള രഹസ്യബാന്ധവത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ കോടതിയെ സമീപിക്കാതിരുന്നതെന്നും വ്യക്തമായിരിക്കുന്നു. അപ്പോൾ, ഇതിനുമുമ്പു നടന്ന എല്ലാ വാക്പയറ്റും നാടകമായിരുന്നുവെന്ന് തെളിയുന്നു.

ചർച്ചനടത്താം, ഫീസ് കുറയ്ക്കില്ല എന്ന മുഖ്യമന്ത്രിയുടെ നിലപാട് മാനേജുമെന്റുകളുമായുള്ള ഒത്തുകളി വിളിച്ചോതുന്നതായിരുന്നു. മാനേജുമെന്റുകൾ ഫീസ് കുറയ്ക്കാൻ തയ്യാറായിട്ടും സർക്കാർ തയ്യാറല്ലെന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

സ്വാശ്രയ ഫീസ് വർദ്ധനവിനെതിരെ യൂത്ത് കോൺഗ്രസ്സും കെഎസ്‌യുവും സെക്രട്ടേറിയറ്റ് നടയിൽ ആരംഭിച്ച നിരാഹാര സമരമാണ് ഇതിനിടയിലെ രാഷ്ട്രീയ ഫലിതം. സ്വാശ്രയ വിദ്യാഭ്യാസക്കച്ചവടത്തിന്റെ തലതൊട്ടപ്പന്മാരാണ് കോൺഗ്രസ്സും യുഡിഎഫും. അവരുടെ കുഞ്ഞാടുകൾക്ക് വിദ്യാഭ്യാസക്കച്ചവടത്തിനെതിരെ എന്താണ് ഒരു എതിർപ്പ്? രാഷ്ട്രീയ നിരീക്ഷകരും മാധ്യമപ്രവർത്തകരും മൂക്കത്ത് വിരൽ വച്ച് കണ്ടുകൊണ്ടിരുന്ന സ്വാശ്രയ സമരം ഒരാഴ്ചക്കാലം തലസ്ഥാന നഗരിയെ കലാപകലുഷിതമാക്കി. അടി, കല്ലേറ്, മഷിക്കുപ്പി, തെറിയഭിഷേകം, കണ്ണീർവാതകപ്രയോഗം, ലാത്തിച്ചാർജ് തുടങ്ങിയ സ്ഥിരം ഐറ്റംസ് ഇത്തവണയും പയറ്റിയതിന് ശേഷമാണ് യൂത്ത് നേതാക്കൾ കളമൊഴിഞ്ഞുകൊടുത്തത്. സെപ്റ്റംബർ 27 ന് സമരം യു.ഡി.എഫ് ഏറ്റെടുത്തു. പിന്നീട്, നിരാഹാരമനുഷ്ഠിക്കാൻ പ്രതിപക്ഷ സാമാജികർ അണിനിരന്നു. എന്നാൽ ഫീസ് വർദ്ധനവിന് എതിരെ എന്നത് കോഴവാങ്ങുന്നതിനെതിരെയെന്നായി ഡിമാന്റ്. പരിയാരത്തെ ഫീസെങ്കിലും കുറയ്ക്കണമെന്ന് അപേക്ഷയായ്.

ഫീസ് ഒരുരൂപപോലും കുറയ്ക്കില്ലായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ധാർഷ്ട്യത്തോടെ പറയാൻ കാരണം സമരം നയിക്കുന്നത് യുഡിഎഫ് നേതാക്കളായതുകൊണ്ടാണ്. അതേസമയം പ്രശ്നത്തിൽനിന്ന് ശ്രദ്ധതിരിക്കാനായി, വഴിതടയൽ സമരം നടത്തിയത് ചാനൽ വാടകയ്ക്ക് എടുത്തവരാണെന്നും മറ്റുമുള്ള തോന്നലുകൾ പറയാനുള്ള സ്ഥലമായിട്ട് മുഖ്യമന്ത്രി തെരഞ്ഞെടുത്തത് നിയമസഭയുടെ അകത്തളമായിരുന്നു.

എന്തായാലും, വളരെപെട്ടെന്നുതന്നെ സ്വാശ്രയ വിദ്യാഭ്യാസക്കച്ചവടത്തെ സംബന്ധിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളുടെ സ്ഥാനത്ത് മുഖ്യമന്ത്രി നടത്തിയ അധിക്ഷേപാർഹമായ പ്രസ്താവനയെ ചുറ്റിപ്പറ്റിയായി പിന്നീടുള്ള രാഷ്ട്രീയ സംവാദങ്ങൾ. ജയിച്ചത് സർക്കാരോ, പ്രതിപക്ഷമോ എന്നൊരു കൗതുകത്തിലേയ്ക്ക് പതിവുപോലെ കാര്യങ്ങൾ എത്തിച്ചേരുമ്പോൾ ജനങ്ങൾ ഒരിക്കൽകൂടി പരാജയപ്പെടുകയാണ്.

എന്തായാലും, സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിൽ ഒരു മാറ്റവും സംഭവിച്ചില്ലായെന്നുമാത്രമല്ല, കൂടുതൽ കൂടുതൽ പ്രതിസന്ധികൾക്ക് ജന്മം നൽകിക്കൊണ്ട് ആ ദുർഭൂതം മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നൈതികതയെ കശാപ്പുചെയ്തു കൊണ്ടിരിക്കുകയും ചെയ്യുന്നു.

മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ എത്തിക്സ് പുനഃസ്ഥാപിക്കാൻ സ്വാശ്രയനയം ആരോഗ്യ രംഗത്ത് അനുവദിക്കുകയില്ലായെന്ന് തീരുമാനമെടുക്കുകയാണ് ഒരു ഇടതുപക്ഷ സർക്കാർ-അത് ഇടതുപക്ഷമാണെങ്കിൽ -ആദ്യം ചെയ്യേണ്ടത്. യുഡിഎഫ് സർക്കാരിന്റെ സ്വാശ്രയ നയം അപ്പടി നടപ്പാക്കാനല്ല എൽഡിഎഫ് സർക്കാറിനെ ജനങ്ങൾ അധികാരത്തിലെത്തിച്ചതെന്ന സാമാന്യയുക്തിയെങ്കിലും പിണറായി വിജയൻ നയിക്കുന്ന ഇടതുമുന്നണി സർക്കാരിന് ഉണ്ടാകേണ്ടതുണ്ട്.

ജനങ്ങൾ ആവശ്യപ്പെടുന്നതുപോലെ സ്വാശ്രയ വിദ്യാഭ്യാസ സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ടേ ശാശ്വതപരിഹാരത്തിലേയ്ക്ക് നീങ്ങാനാകൂ എന്ന വസ്തുത നാൾചെല്ലുംതോറും വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ഇതിനായി വമ്പിച്ച വിദ്യാഭ്യാസ പ്രക്ഷോഭം പടുത്തുയർത്തുക മാത്രമേ പോംവഴിയുള്ളു. ○

## ഗോവയിൽ എഐഡിവൈഒ സമ്മേളനം

എഐഡിവൈഒ രണ്ടാം അഖിലേന്ത്യാ സമ്മേളനത്തിന്റെ തയ്യാറെടുപ്പുകളുടെ ഭാഗമായി ആഗസ്റ്റ് 31 ന് ഗോവയിൽ യുവജന സമ്മേളനം നടന്നു. നോർത്ത് ഗോവയിലെ മിറാമറിലുള്ള ഡിഎച്ച്ഇഎംപിഇ കോളേജിൽ ചേർന്ന സമ്മേളനത്തിൽ എഐഡിവൈഒ അഖിലേന്ത്യാ സെക്രട്ടറി പ്രതിഭാ നായിക്, വൈസ് പ്രസിഡന്റ് രാമാഞ്ജനപ്പ എന്നിവർ പ്രസംഗിച്ചു. തുടർന്ന്, പ്രതിനിധിസമ്മേളനത്തിൽ ഗോവയിലെ സവിശേഷ പ്രശ്നങ്ങളെക്കുറിച്ചുള്ള ഒരു സജീവ ചർച്ച നടന്നു. ഗോവയിൽ എഐഡിവൈഒ കെട്ടിപ്പടുക്കുവാൻ പ്രതിജ്ഞയെടുത്തുകൊണ്ടാണ് സമ്മേളനം അവസാനിപ്പിച്ചത്. ○

# മാനുഷിക മൂല്യങ്ങളുടെ വളർച്ചയാണ് യഥാർത്ഥ വികസനത്തിന്റെ മുഖമുദ്ര



സഖാവ് പ്രൊവാഷ് ഘോഷ്

**തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ്ഘോഷിനെ അനുസ്മരിച്ചുകൊണ്ട് 2016 ആഗസ്റ്റ് 5ന് കൽക്കത്തയിൽ നടന്ന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നടത്തിയ പ്രസംഗമാണ് ചുവടെ ചേർക്കുന്നത്. കനത്ത മഴയിലും പതിനായിരങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.**

സഖാവ് അദ്ധ്യക്ഷൻ, സഖാക്കളെ, സുഹൃത്തുക്കളെ,

സഖാവ് ശിബ്ദാസ്ഘോഷിന്റെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ച് വളർന്ന നമ്മൾ ഈ ദിനത്തിൽ നമ്മുടെ മനഃസാക്ഷിയോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. അദ്ദേഹത്തിൽ നിന്ന് അൽപ്പമെങ്കിലും പഠിച്ച കാര്യങ്ങളിൽ എത്രത്തോളം നമുക്ക് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്? നമ്മളെ യഥാർത്ഥ വിപ്ലവകാരികളാക്കി വളർത്തിയെടുക്കാൻ അനുഭവിച്ച കഠിനയാതനകൾ 53-ാമത്തെ വയസ്സിൽ തന്നെ അദ്ദേഹത്തിന്റെ ജീവൻ അപഹരിച്ചു. സ്വന്തം ജീവിത സമരത്തിന്റെയും നമ്മുടെ രാജ്യത്തെ ജനങ്ങളുടെ വിമോചന പോരാട്ടത്തിന്റെയും മേഖലകളിൽ എത്രത്തോളം പങ്ക് വഹിക്കാൻ നമുക്ക് കഴിയുന്നുണ്ട് എന്ന ചോദ്യമാണ് നമ്മുടെ ഓരോരുത്തരുടെയും മനസ്സിൽ ഇപ്പോൾ ഉയർന്നു വരുന്നത്. മറ്റൊരു കാര്യവും പലരെയും അതിശയിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പേരോ പാഠങ്ങളോ ഒരിക്കലും മാദ്ധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നില്ല. നമുക്ക് ഭരണമോ എംഎൽഎമാരോ എംപിമാരോ ഒന്നുമില്ല. ഇതൊക്കെയാണല്ലോ ഒരു പാർട്ടിയുടെ ശക്തിയ്ക്ക് നിദാനമായി സാധാരണ കണക്കാക്കുന്നത്. എന്നിട്ടും ഈ രാജ്യത്തിന്റെ മുക്കിനും മൂലയിലും വരെ നമ്മുടെ പാർട്ടി ശക്തിപ്പെട്ടുകൊണ്ടിരിക്കാൻ മാത്രം എന്ത് മാന്ത്രിക ശക്തിയാണ് മഹാനായ ഈ നേതാവ് നമുക്ക് പ്രദാനം ചെയ്തത്? 22 സംസ്ഥാനങ്ങളിലേയ്ക്ക് നമ്മുടെ പാർട്ടി സംഘടന വ്യാപിച്ചിട്ടുണ്ട്. ഈ യുഗത്തിലെ ഏറ്റവും മഹത്തായ പ്രത്യയശാസ്ത്രമായ 'മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്ത', മഹാനായ ഈ നേതാവിന്റെ പ്രബോധനങ്ങൾ മറ്റു രാജ്യങ്ങളിൽ പോലും വിപ്ലവകാരികളെ പ്രചോദിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇത്ര പ്രതികൂലമായ കാലാവസ്ഥയെയും കനത്തമഴയെയുമൊക്കെ അവഗണിച്ചുകൊണ്ട് വികാരവായ്പ്പോടെ, അർപ്പണബോധത്തോടെ ഇവിടെ ഒത്തുകൂടാനും മീറ്റിംഗിൽ പങ്കെടുക്കാനുമൊക്കെ നിങ്ങളെ പ്രേരിപ്പിക്കുന്നത് അമൂല്യമായ ആ പാഠങ്ങൾ നൽകുന്ന പ്രചോദനം തന്നെയാണ്. ആ പാഠങ്ങൾ അനുസ്മരിച്ചുകൊണ്ട് ഞാൻ ഏതാനും കാര്യങ്ങൾ പറയാം.

മഹാനായ ഈ നേതാവ് 1967 ൽ ഒരു പ്രസംഗത്തിൽ വേദനയോടെ ചൂണ്ടിക്കാണിച്ചതും ഇന്ന് യാഥാർത്ഥ്യമായിരിക്കുന്നതുമായ ഒരു കാര്യം തുടക്കത്തിൽ ഓർമ്മപ്പെടുത്തുകയാണ്. അദ്ദേഹം പറഞ്ഞു: നമ്മൾ വേരറ്റവരായിരിക്കുന്നു. സ്വാതന്ത്ര്യ സമരകാലത്ത് നമുക്ക് ആർജ്ജിക്കാൻ കഴിഞ്ഞ ഉന്നതമായ സാംസ്ക്കാരിക മൂല്യങ്ങളുമായിട്ടുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു... രാഷ്ട്രീയ-സാഹിത്യ മേഖലകളിലൊക്കെ നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞ ഉയർന്ന സദാചാര-നൈതിക-സാംസ്കാരിക-സൗന്ദര്യാത്മക നിലവാരം ഇന്ന് തകർന്നിരിക്കുന്നു. അതിന്റെ ഫലമോ, നമ്മുടെ വേരുകൾ നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. നമ്മൾ വാചകമടിക്കുന്നുണ്ട്. പക്ഷേ ശ്രേഷ്ഠഭാവങ്ങളും ലോല വികാരങ്ങളും വളർത്തിയെടുക്കാൻ നമുക്കാവുന്നില്ല".

### വിദ്യാസാഗറിനെപ്പോലെയുള്ള മഹാന്മാരുടെ ജീവിതത്തിൽനിന്ന് പാഠമുൾക്കൊണ്ട് മുന്നേറണം

ചരിത്ര പ്രധാനമായ ഒരു അനുസ്മരണ ദിനമായിരുന്നു ജൂലൈ 29 ന് കടന്നുപോയത്. 125 വർഷം മുൻപ് ഒരു ജൂലൈ 29 ന് ആയിരുന്നു മഹാനായ മാനവവാദി ഈശ്വര ചന്ദ്ര വിദ്യാസാഗർ അന്ത്യശ്വാസം വലിച്ചത്. ഇന്ന് അദ്ദേഹത്തെ എത്രപേർ ഓർമ്മിക്കുന്നുണ്ട്? എത്രപേർ അദ്ദേഹത്തിന്റെ അനുസ്മരണ ദിനം ആചരിച്ചു? ബംഗാളിലെ വിദ്യാർത്ഥികളിൽ, ഗ്രാമ-നഗരവാസികളിൽ എത്രപേർക്ക് അദ്ദേഹത്തെ അറിയാം? ആ നാമധേയം കേട്ടിട്ടുള്ളവർ എത്രപേരുണ്ട് നമ്മുടെ രാജ്യത്ത്? തീർച്ചയായും നമ്മുടെ വേരുകൾ നഷ്ടപ്പെട്ടിരിക്കുന്നു. ഭൂതകാലവുമായുള്ള ബന്ധം നമുക്ക് നഷ്ടമായിരിക്കുന്നു. ഏറെ വേദനാകരമായ സത്യമാണിത്. വിദ്യാസാഗറിനെപ്പോലെ ഒരു ചിന്തകൻ ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ രാജ്യത്ത് ശരിയായ അർത്ഥത്തിലുള്ള നവോത്ഥാനമോ സ്വാതന്ത്ര്യസമരമോ വിദ്യാഭ്യാസമുന്നേറ്റമോ ഒന്നും ഉണ്ടാകുമായിരുന്നില്ല.വിദ്യാസാഗർ ഇല്ലായിരുന്നെങ്കിൽ നമുക്ക് സഖാവ് ശിബ്ദാസ്ഘോഷിനെയും കിട്ടുമായിരുന്നില്ല. ഇന്ത്യൻ നവോത്ഥാനത്തിന്റെ ഉദയം മുതൽ സ്വാതന്ത്ര്യ സമരം വരെയുള്ള തിളക്കമാർന്ന കാലത്തെ ഏറ്റവും ഉന്നതമായ വ്യക്തിത്വമായിരുന്നു വിദ്യാസാഗർ എന്ന് സഖാവ് ശിബ്ദാസ് ഘോഷ് പറയുമായിരുന്നു. ശുദ്ധമായ മനസ്സിനും തെളിമയാർന്ന സ്വഭാവത്തിനും ഉടമയായിരുന്നു വിദ്യാസാഗർ. മതേതര-മാനവവാദ ചിന്തയുടെ അഗ്രഗാമിയിരുന്നു അദ്ദേഹം. റാംമോഹൻ, വിദ്യാസാഗർ, വിവേകാനന്ദൻ, ടാഗോർ, ശരത്ചന്ദ്രൻ, നസ്രുൾ, ദേശബന്ധു സി.ആർ.ദാസ്, ഖുദിറാം ബോസ്, സുഭാഷ്ചന്ദ്രബോസ്, ഭഗത്സിംഗ്, അസഫാഖുള്ള, സൂര്യസെൻ, പ്രീതിലത തുടങ്ങിയ മഹത്തുക്കളായ ചിന്തകരുടെയും വിപ്ലവകാരികളുടെയും രക്തസാക്ഷികളുടെയുമൊക്കെ ശിഷ്യൻ എന്ന നിലയിലുള്ള ജീവിതയാത്ര സഖാവ് ശിബ്ദാസ് ഘോഷ് കൗമാരപ്രായത്തിൽത്തന്നെ ആരംഭിച്ചിരുന്നു. മത പ്രചാരകരടക്കം എല്ലാക്കാലത്തെയും എല്ലാ മഹാത്മാക്കളുടെയും ജീവിത സമരങ്ങളിൽ നിന്ന് അദ്ദേഹം പാഠങ്ങൾ ഉൾക്കൊണ്ടു. നമ്മളോടും ആ മാർഗ്ഗം പിന്തുടരുവാൻ ആഹ്വാനം ചെയ്തു. പിന്നീടദ്ദേഹം ഈ യുഗത്തിലെ ഏറ്റവും ഉന്നതമായ പ്രത്യയശാസ്ത്രമായ മാർക്സിസം പരിശോധിക്കാനിടയായപ്പോൾ അത് നെഞ്ചോടടക്കിപ്പിടിച്ചു. മാർക്സ്-ഏംഗൽസ്-ലെനിൻ-സ്റ്റാലിൻ-മാവോ എന്നീ ആചാര്യന്മാരുടെ അർഹനായ ശിഷ്യൻ എന്ന നിലയിലുള്ള വിപ്ലവജീവിതം നയിച്ചു. ആ ജീവിത സമരത്തിലൂടെ മാർക്സിസമെന്ന ശാസ്ത്രത്തെ സമ്പുഷ്ടമാക്കുകയും വികസിപ്പിക്കുകയും ചെയ്തു. മാർക്സിസം-ലെനിനിസത്തിന്റെ ഈ സമ്പുഷ്ടവും വികസിതവുമായ ധാരണയെ നമ്മൾ ശിബ്ദാസ്ഘോഷ് ചിന്ത എന്നു വിളിക്കുന്നു. മുൻഗാമികളായ എല്ലാ മഹാന്മാരുടെയും ജീവിത സമരങ്ങളിൽ നിന്ന് നമ്മൾ ശരിയായ പാഠങ്ങൾ ഉൾക്കൊണ്ട് മുന്നേറണമെന്ന് സഖാവ് ശിബ്ദാസ്ഘോഷ് നമ്മെ പഠിപ്പിച്ചു. വിദ്യാസാഗർ വിസ്മരിക്കപ്പെട്ടിരിക്കുന്ന ഈ കാലയളവിൽ എന്റെയും നിങ്ങളുടെയും പഠനത്തിനായി അദ്ദേഹത്തെക്കുറിച്ച് ചില കാര്യങ്ങൾ പറയാം.

വിദ്യാസാഗറിന്റെ മഹത്വമെന്തെന്ന് നമുക്ക് മനസ്സിലാക്കിത്തന്നത് സഖാവ് ശിബ്ദാസ് ഘോഷായിരുന്നു. രവീന്ദ്രനാഥ ടാഗോർ, വിവേകാനന്ദൻ, സി.ആർ.ദാസ്, ശരത്ചന്ദ്രചാറ്റർജി, സുഭാഷ്ചന്ദ്രബോസ്, ബാലഗംഗാധര തിലകൻ, ലാലാലജ്പത്റായ് തുടങ്ങി ശാസ്ത്രജ്ഞരായ ജഗദീഷ്ചന്ദ്ര ബോസ്, പ്രഫുല്ല ചന്ദ്രറായ്, കവി നസ്രുൾ, സ്വാതന്ത്ര്യ പോരാളികൾ തുടങ്ങിയവരെല്ലാം അദ്ദേഹത്തെ ആദരവോടെയാണ് വീക്ഷിച്ചത്. ദൈവത്തിലും മതാചാരങ്ങളിലുമൊന്നും വിശ്വാസമില്ലാത്ത ആളാണ് വിദ്യാസാഗറെന്ന് രാമകൃഷ്ണപരമഹംസർക്ക് അറിയാമായിരുന്നു. എന്നിട്ടും അദ്ദേഹം വിദ്യാസാഗറെ വീട്ടിൽപോയി കണ്ടിരുന്നു. ദക്ഷിണേശ്വരിലുള്ള തന്റെ കാളീക്ഷേത്രത്തിൽ സന്ദർശനം നടത്താൻ അദ്ദേഹം വിദ്യാസാഗറിനെ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ക്ഷേത്രത്തിലും ആരാധനയിലുമൊന്നും വിശ്വാസമില്ലാതിരുന്ന വിദ്യാസാഗർ അതിന് തയ്യാറായില്ല. ഒരിക്കൽ രവീന്ദ്രനാഥ ടാഗോർ പറഞ്ഞു: "സാഹിത്യരംഗത്ത് ഞാൻ എന്തെങ്കിലും ചെയ്തുവെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ അതിന് വാതിൽ തുറന്നുതന്നത് ഈശ്വരചന്ദ്രവിദ്യാസാഗറാണ് എന്ന് ഞാൻ പറയും. ആധുനിക ബംഗാളി ഭാഷയുടെ ആദ്യ ശിൽപ്പി അദ്ദേഹമായിരുന്നുന്നു. "ഞാൻ താളലയങ്ങൾ തിരിച്ചറിഞ്ഞതും സ്വരമാധുര്യം നുകർന്നതും ഈ കാവ്യകുലപതിയുടെ 'ജൽപാരേ, പതനാരേ'(മഴ പെയ്യുന്നു, ഇലകൾ ഇളകുന്നു) തുടങ്ങിയ മനോഹര കവിതകൾ ആലാപനം ചെയ്തുകൊണ്ടായിരുന്നു" എന്നും ടാഗോർ പറഞ്ഞിട്ടുണ്ട്. " നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് അദ്ദേഹത്തെ ബഹുമാനിക്കാതിരിക്കാനാവില്ല. പക്ഷേ, ദയ, ഔദാര്യം പോലുള്ള ഗുണഗണങ്ങൾ വാഴ്ത്തിപ്പാടിക്കൊണ്ട് അദ്ദേഹത്തിന്റെ സ്വഭാവത്തിലെ മഹത്തായ ഒരു വശം മറച്ചുവയ്ക്കുകയാണ്. നമ്മുടെ രാജ്യത്ത് നിലനിന്ന ആചാരാനുഷ്ഠാനങ്ങൾക്കെതിരെ നടത്തിയ പോരാട്ടമാണ് മൂടിവയ്ക്കാൻ ശ്രമിക്കുന്നത്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ യോഗ്യതയും അതുതന്നെയായിരുന്നു. അതിനാണ് മൂടുപടമിടുന്നത്". "സഹാനുഭൂതിയോ, പാണ്ഡിത്യമോ ഒന്നുമല്ല അദമ്യമായ മനുഷ്യത്വവും ഉറവവറ്റാത്ത മാനവികതയുമായിരുന്നു വിദ്യാസാഗറിന്റെ സ്വഭാവമഹിമയ്ക്ക് മകുടം ചാർത്തിയത്" എന്നും ടാഗോർ പറയുന്നു. ടാഗോർ വിദ്യാസാഗറിനർപ്പിച്ച തിളക്കമുറ്റ ആദരാഞ്ജലിയായിരുന്നു ഇത്. ശരത്ചന്ദ്ര ചാറ്റർജി തന്റെ അനിതരസാധാരണമായ സാഹിത്യസൃഷ്ടികളിൽ ഉടനീളം വിദ്യാസാഗറിന്റെ ആദർശങ്ങളും പോരാട്ടങ്ങളും പ്രതിഫലിപ്പിച്ചിരുന്നു. അദ്ദേഹം തന്നെ ഇത് സൂചിപ്പിച്ചിട്ടുണ്ട്. ഇങ്ങനെയൊരു വിദ്യാസാഗറിനെ എത്രപേർക്കറിയാം? വികസനത്തെക്കുറിച്ചുള്ള വായ്ത്താരികൾക്കിടയിൽ രാജ്യത്തിന് സംഭവിച്ചതിതാണ്. ഏതാണ്ട് 200 വർഷങ്ങൾക്കുമുമ്പ് മിഡ്നാപ്പൂരിലെ ഒരു കുഗ്രാമത്തിൽനിന്ന് 150 കിലോമീറ്റർ അകലെയുള്ള കൽക്കത്തയിലേയ്ക്ക് അദ്ദേഹം കാൽനടയായി വന്നു. അന്ന് ഗതാഗത സൗകര്യങ്ങളൊന്നുമുണ്ടായിരുന്നില്ല. റാംമോഹൻ റായിയുടെ കാലടികൾ പിന്തുടർന്ന് അദ്ദേഹം കൽക്കത്തയിൽ വിജ്ഞാനത്തിന്റെ വിളക്ക് തെളിച്ചു. ചെറുപ്പകാലത്തുതന്നെ സംസ്കൃതം പഠിച്ച് പ്രാചീനശാസ്ത്രങ്ങളിലൊക്കെ പാണ്ഡിത്യം നേടി. 22-ാം വയസ്സിൽ ഇംഗ്ലീഷ്പഠനം ആരംഭിച്ചു. പെട്ടെന്നുതന്നെ പാശ്ചാത്യനാഗരികതയെക്കുറിച്ചും നവോത്ഥാനത്തെക്കുറിച്ചുമൊക്കെ അദ്ദേഹം ബോധവാനായി. അക്കാലത്ത് യൂറോപ്പിലാകെ മതത്തിനെതിരായ മുന്നേറ്റം അലയടിക്കുകയായിരുന്നു. ജനാധിപത്യവും ജനാധിപത്യ അവകാശങ്ങളും വ്യക്തിസ്വാതന്ത്ര്യവും സ്ഥാപിച്ചെടുക്കാനുള്ള പോരാട്ടങ്ങൾ പൂർണ്ണതയിലെത്തിയിരുന്നു. നവോത്ഥാനത്തിന്റെയും മതേതരമാനവവാദത്തിന്റെയും ഉജ്ജ്വലമായ ചിന്തകളിലേയ്ക്ക് വിദ്യാസാഗർ ആകൃഷ്ടനായിരുന്നു. പുരാതനശാസ്ത്രങ്ങളിലുള്ള പാണ്ഡിത്യം മൂലം 'പണ്ഡിറ്റ്', 'വിദ്യാസാഗർ'(വിദ്യയുടെ സാഗരം) തുടങ്ങിയ ബഹുമതികൾ ലഭിച്ചിരുന്ന ഈശ്വരചന്ദ്രൻ ബ്രിട്ടീഷ് സർക്കാരിനോടഭിപ്രായപ്പെട്ടത് ഇപ്രകാരമായിരുന്നു: "ചില പ്രത്യേകകാരണങ്ങളാൽ, സംസ്കൃത കോളേജിൽ സാംഖ്യവും വേദാന്തവുമൊക്കെ പഠിപ്പിക്കുന്നത് തുടരാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. എന്നാൽ അവയൊക്കെ അബദ്ധ സിദ്ധാന്തങ്ങളാണ് എന്നത് ഒരു തർക്കവിഷയമേ അല്ല. അവ പഠിപ്പിക്കുമ്പോൾ അതിന്റെ സ്വാധീനത്തെ മറികടക്കാനായി സാരഗർഭമായ പാശ്ചാത്യ തത്ത്വചിന്തകളും പഠിപ്പിക്കണം. യൂറോപ്യൻ വിജ്ഞാനത്തിന്റെ വെളിച്ചം പരക്കുന്നിടത്തൊക്കെ പ്രാചീനശാസ്ത്രങ്ങളുടെ സ്വാധീനം പിൻവാങ്ങിക്കൊള്ളും. നമ്മുടെ അദ്ധ്യാപകരൊക്കെ ബംഗാളിയും ഇംഗ്ലീഷും അറിയുന്നവരും അതോടൊപ്പം മതപരമായ മുൻവിധികളിൽനിന്ന് മുക്തരും ആയിരിക്കണം". വിദ്യാസാഗർ രചിച്ച പാഠപുസ്തകങ്ങളിൽ ദൈവത്തെക്കുറിച്ചോ, അവതാരങ്ങളെക്കുറിച്ചോ, പ്രകൃത്യാതീതമായ കാര്യങ്ങളെക്കുറിച്ചോ യാതൊരു പരാമർശവുമില്ല. എന്നുമാത്രമല്ല ഇത്തരം സ്വാധീനങ്ങളിൽനിന്നെല്ലാം ജനങ്ങളെ മുക്തരാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. എന്നാലിന്ന് മതപരമായ വിദ്യാഭ്യാസം നൽകാനാണ് മുതലാളിത്ത ഭരണാധികാരികൾ ശ്രമിക്കുന്നത് എന്നതാണ് വിരോധാഭാസം. വിദ്യാസാഗറിന്റെ മതേതര മാനവവാദ വീക്ഷണത്തെക്കുറിച്ച് അറിയാമായിരുന്നിട്ടും രാമകൃഷ്ണപരമഹംസർ അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. രാമകൃഷ്ണനും വിദ്യാസാഗറും എന്ന രണ്ട് ആദർശപുരുഷന്മാരാണ് തനിക്കുള്ളതെന്ന് വിവേകാനന്ദൻ പറഞ്ഞിരുന്നു. എന്തുകൊണ്ടാണിത്? വിദ്യാസാഗറിന്റെ ഉജ്ജ്വലവും സന്ധിരഹിതവുമായ ജീവിതസമരമാണ് ഇതിനുകാരണം. വിദ്യാസാഗർ അനേകം സ്കൂളുകൾ ആരംഭിച്ചു. കാൽനടയായി അനേകം കിലോമീറ്ററുകൾ സഞ്ചരിച്ച് സംഭാവനകൾ പിരിച്ചെടുത്താണ് ഇവയൊക്കെ തുടങ്ങിയത്. പലപ്പോഴും പണം കടംവാങ്ങുകയും ചെയ്തു. ഡിഗ്രിയും പോസ്റ്റ് ഗ്രാജുവേഷനും കഴിഞ്ഞ്, ഡോക്ടറും എഞ്ചിനീയറും ആയി എല്ലാവരും ഉയർന്ന ശമ്പളം വാങ്ങിക്കുന്ന ജോലികളിൽ പ്രവേശിക്കണമെന്നും സ്വത്ത് സമ്പാദിക്കണമെന്നുമല്ല അദ്ദേഹം ലക്ഷ്യംവച്ചത്. വിദ്യാർത്ഥികൾ മനുഷ്യൻ എന്ന പേരിന് നിരക്കുന്നവരും ഉയർന്ന മാനുഷിക ഗുണങ്ങളും മാനവിക സത്തയുമുള്ളവരുമാകണം എന്നാണദ്ദേഹം അഭിലഷിച്ചത്. ആത്മാഭിമാനത്തിന്റെ ഉത്തുംഗ പ്രതീകമായിരുന്നു വിദ്യാസാഗർ.

പലർക്കും ഇക്കാര്യങ്ങൾ അറിയാമെങ്കിലും അറിയാത്തവരും ഉണ്ടാകും. അദ്ദേഹം സംസ്കൃത കോളേജ് പ്രിൻസിപ്പൽ ആയിരുന്നു. ഹിന്ദു കോളേജിന്റെ പ്രിൻസിപ്പൽ കാർ എന്ന ഇംഗ്ലീഷുകാരനായിരുന്നു. വിദ്യാസാഗർ ഒരിക്കൽ അദ്ദേഹത്തെ കാണാൻ ചെന്നു. മേശപ്പുറത്ത് ഷൂസിട്ട കാലുകൾ കയറ്റിവച്ച് ഇരുന്നുകൊണ്ടാണ് സായിപ്പ് അദ്ദേഹത്തെ സ്വീകരിച്ചത്. പിന്നീടൊരിക്കൽ സായിപ്പ് സംസ്കൃത കോളേജിൽ വന്നു. മെതിയടിയിട്ട കാലുകൾ മേശപ്പുറത്തു കയറ്റിവച്ച് ഇരുന്നുകൊണ്ടാണ് വിദ്യാസാഗർ സായിപ്പിനെ സ്വീകരിച്ചത്. സായിപ്പ് ഗവർണർക്ക് പരാതി നൽകി. വിദ്യാസാഗറിന്റെ മറുപടി ഇപ്രകാരമായിരുന്നു: "ഇംഗ്ലീഷുകാർ സംസ്ക്കാര സമ്പന്നരും ഇന്ത്യക്കാർ സംസ്ക്കാര ശൂന്യരും ആണെന്നായിരുന്നു എന്റെ ധാരണ. അതുകൊണ്ടുതന്നെ എങ്ങനെ മാന്യമായി പെരുമാറണ

*(ശേഷം 4-ാം പേജിൽ)*

# മഹാന്മാരെക്കുറിച്ചുള്ള ഓർമ്മകൾ ഭരണവർഗ്ഗം വിസ്മൃതിയിലാഴ്ത്തുന്നു

സഖാവ് പ്രൊവാഷ് ഘോഷ്

(3-ാം പേജിൽ നിന്ന്)

മെന്ന് ഇംഗ്ലീഷുകാരെ കണ്ടുപഠിക്കണമല്ലോ. കാർ-ൽ നിന്ന് പഠിച്ചതുപോലെയാണ് ഞാൻ പെരുമാറിയത്". ഇതായിരുന്നു വിദ്യാസാഗർ.

അധികൃതരുമായി അദ്ദേഹം പലപ്പോഴും വിയോജിച്ചു. അതുകൊണ്ടുതന്നെ അദ്ദേഹം സംസ്കൃത കോളേജിലെ ജോലി രാജിവയ്ക്കുകയും ചെയ്തു. അന്ന് അദ്ദേഹത്തിന് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടായിരുന്നു. സ്വഭാവികമായും എങ്ങനെ ജീവിക്കും എന്ന ചോദ്യം പലരും ചോദിച്ചു. വിദ്യാസാഗർ പറഞ്ഞു: "വേണ്ടിവന്നാൽ ഞാൻ ഒരു പച്ചക്കറിക്കട തുടങ്ങും, കിഴങ്ങും പച്ചക്കറികളുമൊക്കെ വിൽക്കും. ദിവസം ഒരുനേരം മാത്രം ഭക്ഷണം കഴിക്കും. അതും ഉപ്പും ചോറും മാത്രം. എന്നാലും അഭിമാനം പണയംവച്ച് ജോലി ചെയ്യാൻ ഞാൻ തയ്യാറല്ല." ആത്മാഭിമാനത്തിന്റെ ഉന്നത മാതൃകയാണ് അദ്ദേഹം കാഴ്ചവച്ചത്. ഇന്ന് എത്രപേർക്ക് ഇങ്ങനെ ചെയ്യാൻ ധൈര്യമുണ്ടാകും? ഡെപ്യൂട്ടി ഗവർണറെ നേരിട്ട് കാണാൻ അന്ന് കുറച്ചു പേർക്കു മാത്രമേ അനുവാദമുണ്ടായിരുന്നുള്ളൂ. അതിലൊരാൾ വിദ്യാസാഗർ ആയിരുന്നു. "സാധാരണക്കാർക്ക് പ്രവേശനം നിഷേധിച്ചിരിക്കുന്നിടത്ത് ഞാൻ പോകില്ല", എന്നു പറഞ്ഞ് തന്റെ പേര് ആ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യാൻ വിദ്യാസാഗർ ആവശ്യപ്പെട്ടു. "കഥാമാല" എന്ന തന്റെ പുസ്തകത്തിൽ കഥകളിലൂടെ പല വിലപ്പെട്ട ഗുണപാഠങ്ങളും അദ്ദേഹം മുന്നോട്ടുവച്ചു. ആർത്തിയും സ്വാർത്ഥതയുമൊക്കെ നാട്ടുനടപ്പായിരിക്കുന്ന ഇക്കാലത്ത് അവ ഏറെ പ്രസക്തമായിരിക്കുന്നു. ഒരു പട്ടിയുടെയും കടുവയുടെയും കഥയാണ് അതിലൊന്ന്. ചങ്ങല യ്ക്കിട്ടിരിക്കുന്ന പട്ടിക്ക് യജമാനൻ ധാരാളം ഭക്ഷണം നൽകുന്നു. കടുവയാകട്ടെ പട്ടിണികൊണ്ട് എല്ലും തോലുമായി. ബന്ധനസ്ഥന്റെ ആർഭാടപൂർണ്ണമായ ജീവിതം സ്വീകരിക്കാൻ നായ അവനെ ഉപദേശിക്കുന്നു. "അടിമത്തത്തിൽ കഴിഞ്ഞുകൊണ്ട് രാജകീയ ഭക്ഷണം സ്വീകരിക്കുന്നതിനേക്കാൾ ആയിരം മടങ്ങ് ഭേദമാണ് സ്വാതന്ത്ര്യം അനുഭവിച്ചുകൊണ്ട് പട്ടിണി കിടക്കുന്നത്" എന്നാണ് കടുവ മറുപടി പറഞ്ഞത്. നിരക്ഷരരുടെയും പട്ടിണിക്കാരുടെയും കാര്യം പോകട്ടെ, വിദ്യാസമ്പന്നരും ബുദ്ധിജീവികളുമായ എത്രപേർക്ക് ഇന്ന് ഇങ്ങനെ ചിന്തിക്കാൻ കഴിയും? ഇതായിരുന്നു വിദ്യാസാഗർ. ഒരിക്കൽ അദ്ദേഹം ഒരു സമ്പന്നന്റെ ഭവനത്തിൽ ഇരിക്കുകയായിരുന്നു. പല മാന്യന്മാരും സന്നിഹിതരായിരുന്ന അവിടെ ഒരു കാവൽക്കാരനെ വിദ്യാസാഗർ നിർബ്ബന്ധിച്ച് ഒപ്പമിരുത്തി. ഇത് മറ്റുള്ളവർക്ക് അപമാനമുണ്ടാക്കി. അവർ ക്ഷോഭിച്ചു. വിദ്യാസാഗറിന്റെ മറുപടി ഇപ്രകാരമായിരുന്നു: "നിങ്ങളുടെ സമ്പ്രദായമനുസരിച്ചാണോ അതോ എന്റെ ധാരണയനുസരിച്ചാണോ ഞാനിതിന് മറുപടി പറയേണ്ടത്. നിങ്ങളുടെ രീതിയിൽ പറഞ്ഞാൽ അയാളൊരു ബ്രാഹ്മണനാണ്. നിങ്ങളുടെ പൂർവ്വികർ അത്തരക്കാരുടെ കാൽതൊട്ടുവണങ്ങുമായിരുന്നു. ഇനി എന്റെ കാഴ്ചപ്പാട് അനുസരിച്ചാണെങ്കിൽ, നമുക്കൊക്കെ 400, 500 രൂപ ശമ്പളവും അയാൾക്ക് 5 രൂപ ശമ്പളവുമാണ് കിട്ടുന്നത്. ഒരിക്കൽ എന്റെ അച്ഛനും 5 രൂപയ്ക്ക് ജോലി ചെയ്തിട്ടുണ്ട്". ഇങ്ങനെയായിരുന്നു വിദ്യാസാഗർ. അദ്ദേഹത്തിന്റെ വാർദ്ധക്യകാലത്താണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപമെടുക്കുന്നത്. സംഘാടകരുടെ മട്ടുംമാതിരിയുമൊക്കെ കണ്ടിട്ട് അദ്ദേഹമവരെ രൂക്ഷമായ ഭാഷയിൽ വിമർശിച്ചു: "ഈ മാന്യന്മാർ പറയുന്നതും പ്രസംഗിക്കുന്നതുമൊക്കെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചാണ്. ഈ രാജ്യത്ത് ലക്ഷക്കണക്കിനാളുകൾ പട്ടിണികിടന്ന് മരിക്കുന്നുണ്ട് എന്ന കാര്യം പക്ഷേ അവർക്കറിയില്ല." ഒരിക്കൽ അവർ ഒരു മീറ്റിംഗിന് ക്ഷണിച്ചപ്പോൾ അദ്ദേഹം ചോദിച്ചു: "ആവശ്യമെങ്കിൽ ബ്രിട്ടീഷുകാർക്കെതിരെ വാളെടുക്കാൻ നിങ്ങൾ തയ്യാറാകുമോ?" മറുപടി പറയാനാകാതെ അവർ കുഴങ്ങിയപ്പോൾ അദ്ദേഹം തുടർന്നു:"അങ്ങനെയെങ്കിൽ നിങ്ങൾ എന്നെ ഒഴിവാക്കിയേക്കുക." എത്ര ദീർഘവീക്ഷണത്തോടെയാണ് കോൺഗ്രസ്സിന്റെ ഒത്തുതീർപ്പ് സ്വഭാവം തിരിച്ചറിയാൻ അക്കാലത്തുതന്നെ അദ്ദേഹത്തിനായത്. പിന്നീട് ചരിത്രം അതിന് സാക്ഷ്യം വഹിക്കുകയും ചെയ്തു.

അവസാനകാലത്ത് ആരോഗ്യം വീണ്ടെടുക്കുന്നതിനായി ബർദ്വാൻ ജില്ലയിലെ ഒരു ഗ്രാമത്തിൽ പോയി താമസിക്കാൻ അദ്ദേഹത്തെ ഉപദേശിച്ചു. എന്നാൽ അദ്ദേഹമതിന് തയ്യാറായില്ല. അദ്ദേഹം പറഞ്ഞു: "മുമ്പ് നാഴിയരിയും അരനാഴി പയറും കുറച്ച് ഉരുളക്കിഴങ്ങും കഴിച്ചുകൊണ്ടാണ് അവിടെ ഗ്രാമീണർ ജീവിച്ചു പോന്നത്. ഇന്ന് അതുപോലും ഇല്ലാതെയാണവർ കഴിഞ്ഞുകൂടുന്നത്. ഞാനെങ്ങനെയാണ് അവിടെപോയി നല്ല ഭക്ഷണം കഴിച്ച് ജീവിക്കുക. എനിക്കത് സാദ്ധ്യമല്ല." ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണ് നിറഞ്ഞിരുന്നു. ഏതാനും ദിവസങ്ങൾകൂടി കഴിഞ്ഞപ്പോഴേക്കും അദ്ദേഹം മരിച്ചു. ഒരിക്കൽ അദ്ദേഹം ചോദിച്ചു: "പട്ടിണി കിടക്കുന്നവന്റെ യാതനകൾ എത്ര പേർ മനസ്സിലാക്കിയിട്ടുണ്ട്. എത്ര പേരുടെ മനസ്സിനെ അത് മഥിച്ചിട്ടുണ്ട്" ഇതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം. ഭാര്യയെ അപമാനിച്ചതിന്റെ പേരിൽ തന്റെ ഏക മകനെ അദ്ദേഹം ഉപേക്ഷിച്ചു. അദ്ദേഹത്തിന്റെ സ്വത്തുക്കൾ 45 നിർദ്ധന കുടുംബങ്ങൾക്കായി അദ്ദേഹം വീതിച്ചുകൊടുത്തു. മരിക്കുന്നതിന് മുമ്പ് അദ്ദേഹം തയ്യാറാക്കിയ വിൽപ്പത്രത്തിന്റെ കാര്യം പറയാതെവയ്യ. ആതുരാലയങ്ങൾ, സ്കൂളുകൾ, വിധവകൾ, വൃദ്ധർ തുടങ്ങി അശരണരായ ആളുകൾക്കായി അദ്ദേഹം തന്റേതെല്ലാം നീക്കി വച്ചു. ഒരു സംഭവം അറിയുമ്പോൾ നിങ്ങൾ സ്തബ്ധരായി പോകും. അത് ഒരിക്കൽ, ബിധുമുഖി ചൗധരി എന്നൊരു ലേഡി ഡോക്ടർ ആനന്ദ ബസാർ പത്രിക എന്ന പ്രമുഖ പത്രത്തിലൂടെ 1925 ഏപ്രിൽ 19 ന് നടത്തിയ ഒരു അഭ്യർത്ഥനയാണ്. അതിപ്രകാരമായിരുന്നു: "വിദ്യാസാഗറിന്റെ രണ്ടാമത്തെ മകൾ സാമ്പത്തിക സഹായത്തിനായി എന്നെ സമീപിച്ചിരിക്കുന്നു. ഇവർ അനാഥയാണ്. അദ്ദേഹത്തിന്റെ ഇളയമകൾ കാശിയിൽ വീട്ടുവേല ചെയ്ത് ജീവിക്കുന്നു എന്നാണ് ഇവരിൽ നിന്ന് അറിയാൻ കഴിഞ്ഞത്. വിദ്യാസാഗറിൽ നിന്ന് നേരിട്ടോ അല്ലാതെയോ സഹായം ലഭിക്കാത്ത ഒരാളുപോലും ഈ രാജ്യത്ത് ഉണ്ടായിരുന്നില്ല" ഇങ്ങനെ പറഞ്ഞുകൊണ്ടാണ് ആ ലേഡി ഡോക്ടർ അവർക്കുവേണ്ടി സഹായ അഭ്യർത്ഥന നടത്തിയത്. വിധവാ വിവാഹത്തിനുവേണ്ടിയും ബാലവിവാഹത്തിനെതിരെയുമൊക്കെ വിദ്യാസാഗർ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചൊന്നും ഞാനിന്ന് ചർച്ച ചെയ്യുന്നില്ല.

### രാജ്യത്തിന്റെ വികസനവും മേന്മയും അളക്കുന്നതിനുള്ള മാനദണ്ഡമെന്ത്?

അധികാരം കയ്യാളുമ്പോൾ നേതാക്കളെല്ലാം പറയുന്നത് രാജ്യം വമ്പിച്ച പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. ഇത് വികസനത്തിന്റെ ലക്ഷണമാണോ? എന്തുകൊണ്ടാണ് നാടിന്റെ ഈ ഉത്തമ സന്താനം ജൂലൈ 29 ന് സ്മരിക്കപ്പെടാതെ പോയത്? വികസനമെന്നാൽ എന്താണ്? രാജ്യം പുരോഗതി കൈവരിക്കുന്നു എന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെ അത് മാനുഷിക മൂല്യങ്ങളുടെ വളർച്ചയ്ക്ക് ഇടയാക്കും എന്ന് പറയാൻ കഴിയുമോ? അത് മഹത്തുക്കൾക്ക് ജന്മം നൽകുമോ? ആരാണ് യഥാർത്ഥത്തിൽ ആദരണീയനായ മനുഷ്യൻ? സ്വത്തും പണവുമുള്ള ആളാണോ അതോ മാനുഷിക ഗുണങ്ങളും ഉയർന്ന സ്വഭാവ മഹിമയുമുള്ള ആളോ? എന്താണതിന്റെ അളവുകോൽ? രാജ്യത്തിന്റെ മുന്നേറ്റം അല്ലെങ്കിൽ അഭിവൃദ്ധി നിർണ്ണയിക്കുന്നതെങ്ങനെയാണ്? ആ രാജ്യത്തെ ജനങ്ങളുടെ സ്വഭാവം, മാനുഷിക ഗുണങ്ങൾ, നൈതിക-സദാചാര അടിത്തറ എന്നിവയുടെയൊക്കെ നിലവാരമല്ലേ അതിന് മാനദണ്ഡമാക്കേണ്ടത്?

5 ദിവസം കഴിഞ്ഞാൽ ആഗസ്റ്റ് 11 ആയി. "ഏക് ബാർ ബിദേ ദേ മാ ഖുറേ ആഷി"( എന്നെ യാത്രയാക്കൂ അമ്മേ, ഞാൻ പോകട്ടെ) എന്ന വരികൾ ഞങ്ങൾ കുട്ടികളായിരുന്നപ്പോൾ ബംഗാളിലെ മാത്രമല്ല ഇന്ത്യയിലെവിടെയുമുള്ള അമ്മമാർ കണ്ണീരോടെ പാടിയിരുന്നതാണ്. അജ്ഞാതനായ ഒരാൾ വരികളെഴുതി ഈണം നൽകിയ പാട്ടാണിത്. രക്തസാക്ഷി ഖുദിറാമിനെക്കുറിച്ചുള്ള ഗാനം. ഖുദിറാമിന്റെ രക്തസാക്ഷിത്വമാണ് നേതാജിക്ക് പ്രചോദനമായത്. അന്ന് സുഭാഷ് ചന്ദ്രബോസ് കട്ടക്കിലെ റാവൻഷാ സ്കൂളിൽ വിദ്യാർത്ഥിയായിരുന്നു. ആ ഇളം പ്രായത്തിൽ അദ്ധ്യാപകനായ ബേനി മാധവ് ദാസിന്റെ പ്രേരണയിൽ നിരാഹാര മനുഷ്ഠിച്ചുകൊണ്ട് അദ്ദേഹം ആഗസ്റ്റ് 11 ആചരിച്ചു. ആഗസ്റ്റ് 11 ന് വെറും 18 വയസ്സുള്ളപ്പോഴാണ് ഖുദിറാം രക്തസാക്ഷിയാകുന്നത്. പക്ഷേ രാജ്യത്തെ അത് പിടിച്ചുലച്ചു. തൂക്കിക്കൊല്ലാനുള്ള ശിക്ഷാവിധി ജഡ്ജി വായിച്ചപ്പോൾ ഖുദിറാമിന്റെ ചുണ്ടിൽ പുഞ്ചിരി വിടർന്നു. കഴുമരത്തിലേറുമ്പോഴും ആ ചിരി ചുണ്ടിലുണ്ടായിരുന്നു."ഞാൻ ചിരിച്ചുകൊണ്ട് കൊലമരം പൂകുന്നത് ഭാരതമാകെ ദർശിക്കും" എന്ന വരി മേൽപ്പറഞ്ഞ പാട്ടിൽ ഇടം പിടിച്ചത് ഇക്കാരണത്താലാണ്. ഭഗത്സിംഗിനെ തൂക്കിലേറ്റുന്ന ദിവസം ബന്ധുക്കളാരും കാണാൻ വരാതിരുന്നതെന്താണെന്ന് ഒരു സഹ തടവുകാരൻ അദ്ദേഹത്തോട് ചോദിച്ചകാര്യം നിങ്ങളിൽ പലർക്കും അറിയില്ലായിരിക്കും. യഥാർത്ഥത്തിൽ എന്നാണ് അദ്ദേഹത്തെ തൂക്കിലേറ്റുന്നത് എന്ന വിവരം ബന്ധുക്കളെ യാരെയും അറിയിച്ചിരുന്നില്ല. മാർച്ച് 24 ന് തൂക്കിലേറ്റാനായിരുന്നു തീരുമാനം. ഗാന്ധിജിയുടെ അഭ്യർത്ഥന പ്രകാരം അത് 23 ന് ആക്കി. ഇത് ബന്ധുക്കൾ അറിഞ്ഞിരുന്നില്ല. അതുകൊണ്ട് അവർക്കാർക്കും സന്ദർശിക്കാനും കഴിഞ്ഞില്ല. പക്ഷേ ഭഗത്സിംഗ് ആ തടവുകാരന് നൽകിയ മറുപടി ഇതായിരുന്നു: 'ധീരരക്തസാക്ഷികളായ ഖുദിറാം, കർത്താർ സിംഗ് തുടങ്ങിയവരൊക്കെയാണ് എന്റെ ബന്ധുക്കൾ.' പഞ്ചാബിൽ നിന്നുള്ള ധീരനായ ഒരു വിപ്ലവകാരിയായിരുന്നു കർത്താർ സിംഗ് സരഭ. ഭഗത്സിംഗ് പറഞ്ഞു: 'എന്റെ രക്തബന്ധം ഈ വിപ്ലവകാരികളുമായാണ്. ഞങ്ങളുടെ രക്തം ഒന്നാണ്. ഒരിടത്തുനിന്ന് ഉത്ഭവിച്ച് അങ്ങോട്ടുതന്നെ മടങ്ങുന്നു'. ഇന്ന് രാജ്യം വമ്പിച്ച പുരോഗതി കൈവരിച്ചു എന്നാണ് അവകാശ വാദം. എന്നാൽ ഈ മഹാന്മാരെ എത്രപേർ ഓർമ്മിക്കുന്നു? സുഭാഷ്ചന്ദ്ര ബോസ്, സി.ആർ.ദാസ്, തിലകൻ, ലാലാലജ്പത് റായ് എന്നിവരെയൊക്കെ ആരോർക്കുന്നു. രവീന്ദ്രനാഥ ടാഗോറിനെത്തന്നെ യഥാർത്ഥത്തിൽ ആരെങ്കിലും സ്മരിക്കുന്നുണ്ടോ? അദ്ദേഹത്തിന്റെ ഗാനങ്ങളിലൂടെ മാത്രമാണ് അദ്ദേഹം ജീവിക്കുന്നത്. അതും പ്രേമം, പ്രകൃതി, ഭക്തി എന്നിവയെക്കുറിച്ചുള്ള വരികളിലൂടെ. തന്റെ അവസാന ജന്മദിനത്തിൽ ടാഗോർ നടത്തിയ പ്രസംഗം "Crisis of civilization" എന്ന പേരിൽ പുറത്തുവന്നിട്ടുണ്ട്. എത്ര പേർക്ക് ഇതറിയാം? ആ പ്രസംഗത്തിൽ അദ്ദേഹം പറയുന്നു "വെറും സാഹിത്യാസ്വാദനം നടത്തി കഴിയുന്നതിൽ നിന്ന് നിർബ്ബന്ധപൂർവ്വം എനിക്ക് വിട്ടുനിൽക്കേണ്ടി വന്ന ഒരു സമയമുണ്ട്. നഗ്നമായ വസ്തുതകൾ എന്റെ കണ്ണിൽ തറച്ചപ്പോൾ, ഇന്ത്യൻ ജനത അനുഭവിക്കുന്ന കടുത്ത ദാരിദ്ര്യം എന്റെ മനസ്സിനെ മഥിച്ചപ്പോൾ... യൂറോപ്പിന്റെ ഹൃദയത്തിൽ നിന്നാവും നാഗരികതയുടെ വസന്തം വിടരുക എന്നാണ് ഒരിക്കൽ ഞാൻ കരുതിയിരുന്നത്. എന്നാൽ ആ വിശ്വാസമെല്ലാം ഇന്ന് അസ്തമിച്ചിരിക്കുന്നു." സ്വാതന്ത്ര്യ സമരകാലത്തുടനീളം അത് സമാധാനപരമായിരിക്കണമെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. ഇക്കാര്യത്തിൽ അദ്ദേഹം ഗാന്ധിജിയുടെ അനുയായിയായിരുന്നു. എന്നാൽ അദ്ദേഹം തന്നെയാണ് അവസാന കാലത്ത് ഇങ്ങനെ എഴുതിയത്:

*''വിശ്വാസ വഞ്ചകർ നാലുപാടും*
*വിഷം ചീറ്റുകയാണ്,*
*സമാധാനത്തിന്റെ ശബ്ദം നേർത്ത്*
*അവ്യക്തമായ പിറുപിറുക്കലായി*
*പരിണമിച്ചിരിക്കുന്നു*
*വിട പറയുന്നതിനുമുമ്പ്*
*എല്ലാവരോടുമായി ഞാൻ*
*വിളിച്ചു പറയട്ടെ*
*രാക്ഷസീയതയെ നേരിടാൻപോന്നവർ*
*ഓരോ ഭവനങ്ങളിലും*
*തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്."*

അവസാനകാലത്ത് ടാഗോറിന്റെ ചിന്താഗതിയിൽ ഒരു മാറ്റം വന്നുകൊണ്ടിരിക്കുകയായിരുന്നു. സോവിയറ്റ് സോഷ്യലിസത്തെ സ്വാഗതം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു:"...നാഗരികതയിൽ അത്തരമൊരു മാറ്റം വരുത്താനുള്ള ശ്രമങ്ങൾ റഷ്യയിൽ എനിക്ക് ദർശിക്കാനായി. പലേ പരിമിതികളും ഉണ്ടെങ്കിലും ആ വിശുദ്ധ ഭൂമിയിൽ നാഗരികതയുടെ പുതിയ മുഖം കണ്ട ഞാൻ ആഹ്ലാദാതിരേകത്തിലും ശുഭാപ്തി വിശ്വാസത്തിലുമാണ്... മനുഷ്യ നാഗരികതയുടെ ചങ്കിൽ തറച്ച ദുരാഗ്രഹമെന്ന മാരകമായ കാരമുള്ള് പിഴുതെടുക്കാനുള്ള തീവ്ര പ്രയത്നത്തിലാണ് പുതിയ റഷ്യ. അവരുടെ ആത്മാർത്ഥമായ പരിശ്രമം സഫലമാകട്ടെ എന്ന തീവ്രാഭിലാഷമേ ഇപ്പോഴുള്ളൂ.'' ഇങ്ങനെയൊരുവശം അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് എത്ര ആരാധകർക്കറിയാം? അവരത് ഓർമ്മിക്കുന്നുണ്ടോ? ശരത്ചന്ദ്രനെ ആർക്കാണറിയാത്തത്? ശരത്ചന്ദ്രന്റെ 'പഥേർ ദാബി'(demand of the road) എന്ന നോവൽ ഒരിക്കൽ രാജ്യത്തെ പിടിച്ചുകുലുക്കിയതാണ്. ആ നോവലിൽ വിപ്ലവത്തിലേയ്ക്കുള്ള പാത ആവശ്യപ്പെടുന്നതെന്താണ് എന്നദ്ദേഹം വരച്ചുകാട്ടി. ഭയചകിതരായ ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണാധികാരികൾ ആ നോവൽ നിരോധിച്ചു. എന്നാൽ രാജ്യത്തെവിടെയുമുള്ള ജനങ്ങൾ അത് രഹസ്യമായി വായിച്ചു. അതിൽനിന്ന് ആവേശമുൾക്കൊണ്ടു. ആ പുസ്തകത്തിൽ അദ്ദേഹം തൊഴിലാളിവർഗ്ഗ വിപ്ലവത്തിന് ആഹ്വാനം ചെയ്യുന്നുണ്ട്. 'ശ്രീകാന്തൻ' എന്ന നോവലിൽ റെയിൽവേ ട്രാക്ക് സ്ഥാപിക്കാൻവേണ്ടി കുഴിയെടുക്കുന്ന തൊഴിലാളികളെക്കുറിച്ച് ശരത്ചന്ദ്രൻ പറയുന്നുണ്ട്. അവർ മദ്യപിക്കുകയും ആഭാസകരമായ വിനോദങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവരാണ്. ഇന്ന് ഏതാണ്ടെല്ലാപ്രദേശങ്ങളിലുമുള്ള ഏതാണ്ടെല്ലാ ഭവനങ്ങളിലും ഇത് നടക്കുന്നുണ്ട്. ശരത്ചന്ദ്രൻ അന്നുതന്നെ മുതലാളിത്ത സമൂഹത്തിലെ തൊഴിലാളിവർഗ്ഗത്തിന്റെ അപമാനവീകരണത്തിന്റെ ആരംഭം മുന്നിൽക്കണ്ടു. ഈ നോവലിൽ കൂലിപ്പണിക്കാർ താമസിക്കുന്ന ഒരു കോളനിയുണ്ട്. അവിടെ ഒരു കുട്ടി കോളറപിടിപെട്ട് മരണത്തോട് മല്ലടിക്കുകയാണ്. അവന് ഒരു തുള്ളി വെള്ളം കൊടുക്കാൻപോലും ആരും തയ്യാറാകുന്നില്ല. ഈ തൊഴിലാളികൾ ഗ്രാമത്തിൽ താമസിച്ചിരുന്നപ്പോൾ ഇങ്ങനെയൊരവസ്ഥ ഒരിക്കലും ഉണ്ടായിട്ടില്ല. ബുദ്ധിമുട്ടുകളും മരണങ്ങളുമുണ്ടാകുമ്പോൾ അയൽവാസികൾ സഹായവുമായി ഓടിയെത്തുമായിരുന്നു. ആ മനസ്സ് നഷ്ടമായിരിക്കുന്നു. 'നാഗരികതയുടെ മുന്നേറ്റത്തിന്റെ മറയിൽ സമ്പന്നന്റെ സ്വത്തിനോടുള്ള ആർത്തി മനുഷ്യനെ ഹൃദയമില്ലാത്ത ജീവികളാക്കിത്തീർത്തിരിക്കുന്നു'. എന്നാണ് ശരത്ചന്ദ്രൻ പറയുന്നത്. മുതലാളിത്ത നാഗരികതയെ ഇതിലൂടെ അദ്ദേഹം നിന്ദിക്കുകയാണ്. എന്നിട്ടദ്ദേഹം പറയുന്നു: "ഒരു മനുഷ്യന്റെ മരണമല്ല എന്നെ വേദനിപ്പിച്ചത്. ജനിച്ചവരെല്ലാം ഒരുനാൾ മരിക്കും എന്നെനിക്കറിയാം. മനുഷ്യസത്തയുടെയും മൂല്യങ്ങളുടെയും മരണമാണ് എന്നെ വേദനിപ്പിച്ചത്." "തൊഴിലാളികളെ നാശത്തിന്റെ പാതയിലൂടെ നയിച്ച ജീർണ്ണ സംസ്കാരത്തിന് അന്ത്യംകുറിച്ചുകൊണ്ടേ അവർക്ക് നാഗരികതയുടെ മുന്നോട്ടുള്ള പ്രയാണം സാധ്യമാക്കാൻ കഴിയൂ" എന്നദ്ദേഹം തൊഴിലാളികളെ ആഹ്വാനം ചെയ്തു. ഒരു കാലത്ത്

(ശേഷം 5-ാം പേജിൽ)

# വിപ്ലവമുന്നേറ്റം തടയാൻ മുതലാളിത്തം യുവത്വത്തെ അധഃപതിപ്പിക്കുന്നു

സഖാവ് പ്രൊവാഷ് ഘോഷ്

(4-ാം പേജിൽ നിന്ന്)

ബംഗാളിലെയും രാജ്യത്താകെയുമുള്ള യുവാക്കളെ ആവേശഭരിതരാക്കിയ വാക്കുകളും ഉദ്ബോധനങ്ങളും ഇവയായിരുന്നു. ഈ നോവലുകൾ വായിച്ചാണ് അനശ്വര രക്തസാക്ഷികളായ സൂര്യസെൻ, പ്രീതിലത, ബിനോയ്-ബാദൽ-ദിനേശ് എന്നിവരൊക്കെ വിപ്ലവ പാതയിലേയ്ക്ക് ആനയിക്കപ്പെട്ടത്. ഇന്ന് ആരാണ് ഇവരെ ഓർമ്മിക്കുന്നത്? എന്തുകൊണ്ടവർ വിസ്മരിക്കപ്പെട്ടു? ആരാദ്ധ്യരായ ഈ വ്യക്തിത്വങ്ങളെ മറന്നുകളഞ്ഞു എന്നതാണോ വികസനത്തിന്റെ, പുരോഗതിയുടെ അടയാളം? ഈ മഹാന്മാരെക്കുറിച്ചുള്ള ഓർമ്മകൾ മായ്ച്ചുകളയാൻ ഹീനമായ നീക്കം നടക്കുന്നതെന്തുകൊണ്ട്? സഖാവ് ശിബ്ദാസ്ഘോഷ് ഈ ചോദ്യത്തിന് ഉത്തരം നൽകുന്നുണ്ട്. അദ്ദേഹം പറയുന്നു: "രാജ്യത്തിന്റെ ധാർമ്മിക നിലവാരമപ്പാടെ തകർക്കാനുള്ള ഒരു ഗൂഢനീക്കത്തിൽ ഇന്ത്യയിലെ ഭരണവർഗ്ഗം ഏർപ്പെട്ടിരിക്കുകയാണ്. അവർ അങ്ങേയറ്റം സൂത്രശാലികളാണ്. എത്ര അടിച്ചമർത്തിയാലും പട്ടിണിക്കിട്ടാലും ഒരു ജനതയെയും ദീർഘകാലം പോലീസിന്റെയും പട്ടാളത്തിന്റെയും ബൂട്ടിനടിയിൽ തളച്ചിടാനാവില്ല എന്നവർക്കറിയാം. അടിച്ചമർത്തലിന്റെയും ഏകാധിപത്യവാഴ്ചകളുടെയും എക്കാലത്തെയും ചരിത്രം ഓർമ്മപ്പെടുത്തുന്നത് പോലീസിനെയും പട്ടാളത്തിനെയുമൊക്കെ ഉപയോഗിച്ച് എത്രതന്നെ അടിച്ചമർത്തിയാലും അനീതിയിലധിഷ്ഠിതമായ ഭരണക്രമങ്ങൾ ദീർഘകാലം സംരക്ഷിച്ചു നിർത്താനോ ജനങ്ങളുടെ സംഘടിതശക്തിയെ എന്നെന്നേയ്ക്കുമായി അമർച്ച ചെയ്യാനോ സാധ്യമല്ല എന്ന വസ്തുതയാണ്. ധാർമ്മികമായ കരുത്ത് നിലനിർത്താനും ശരിയായ വിപ്ലവ പ്രത്യയശാസ്ത്രം കണ്ടെത്താനും കഴിഞ്ഞാൽ ജനങ്ങളുടെ ശക്തി അജയ്യമായിരിക്കും''. ഇതാണ് സഖാവ് ശിബ്ദാസ്ഘോഷ് പറഞ്ഞത്. രാജ്യത്തിന്റെ ഇന്നത്തെ പതനം നോക്കൂ. സഖാവ് ഘോഷിന്റെ മുന്നറിയിപ്പ് എത്ര ശരിയായിരുന്നു എന്ന് നമുക്ക് തിരിച്ചറിയാൻ കഴിയും.

### യുവാക്കളുടെ ധാർമ്മിക നട്ടെല്ല് തകർക്കാൻ ഭരണവർഗ്ഗം ശ്രമിക്കുന്നു

ഒരു കൗമാരക്കാരന്റെ മരണവുമായി ബന്ധപ്പെട്ട് പശ്ചിമബംഗാളിൽ അടുത്തിടെ വലിയ ബഹളമുണ്ടായി. ഇടത്തരം കുടുംബങ്ങളിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾ ജന്മദിനാഘോഷവുമായി ബന്ധപ്പെട്ട് മദ്യവിരുന്ന് നടത്തുകയായിരുന്നു. സ്കൂളുകളിലും കോളേജുകളിലും ക്ലബ്ബുകളിലും എന്തിന് തെരുവിൽപോലും മദ്യപാനം വൻതോതിൽ വർദ്ധിച്ചു വരികയാണ്. എല്ലാത്തരം ലഹരിയും ബഹിഷ്കരിച്ചുകൊണ്ടായിരുന്നു നമ്മുടെ രാജ്യത്ത് സ്വാതന്ത്ര്യ സമരം ആരംഭിച്ചത്. ഇന്ന് സർക്കാരുകൾ തന്നെ മദ്യഷാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു എന്നതാണ് വിരോധാഭാസം. കേന്ദ്ര സർക്കാരും മദ്യഉപഭോഗം വർദ്ധിപ്പിക്കാൻ താൽപ്പര്യപ്പെടുന്നു. സിപിഐ(എം) അധികാരത്തിലിരുന്നപ്പോൾ മദ്യഷാപ്പുകൾ കൂണുപോലെ മുളച്ചുപൊങ്ങി. സർക്കാരിന്റെ നികുതിവരുമാനം വർദ്ധിപ്പിക്കാനെന്ന പേരിൽ ടിഎംസി സർക്കാരും എണ്ണം കൂട്ടുകയാണ്. വെള്ളം കുടിക്കുന്നതുപോലെയാണ് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ പലരും മദ്യപിക്കുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയുമൊക്കെ ഉപയോഗം വർദ്ധിക്കണമെന്നാണ് ഭരണവർഗ്ഗത്തിന്റെയും അധികാരികളുടെയും സ്ഥാപിത താൽപ്പര്യക്കാരുടെയുമൊക്കെ ആഗ്രഹം. സ്വാതന്ത്ര്യ സമരസേനാനികളും നവോത്ഥാന നായകരുമൊക്കെ വിസ്മൃതിയിലാകട്ടെ. ഞങ്ങളൊക്കെ പഠിക്കുന്ന കാലത്ത് അദ്ധ്യാപകർ പറഞ്ഞു തന്നിരുന്നത് ഈ മഹത്തുക്കളെ സ്മരിച്ചുകൊണ്ടുവേണം ദിവസം ആരംഭിക്കാൻ എന്നാണ്. ചെറുപ്പകാലത്തുതന്നെ മഹത്വത്തിലേയ്ക്ക് ഞങ്ങൾ ആകൃഷ്ടരാകുന്നത് അങ്ങനെയാണ്. അല്ലെങ്കിൽ സഖാവ് ശിബ്ദാസ് ഘോഷിന്റെ മഹത്വവും ഞങ്ങൾക്ക് തിരിച്ചറിയാൻ കഴിയാതെപോയേനെ. ഇന്ന് നാടിന്റെ ആ സമ്പന്നമായ പാരമ്പര്യം തുടച്ചുനീക്കാനാണ്, ഈ മഹാന്മാരെ മറച്ചുവയ്ക്കാനാണ് അധികാരികൾ ശ്രമിക്കുന്നത്. ഇന്ന് സിനിമാ, സ്പോർട്സ് താരങ്ങളെയാണ് ആരാദ്ധ്യരായി ഉയർത്തിക്കാണിക്കുന്നത്. സിനിമാ താരങ്ങളുടെ മാന്യേതരമായ ജീവിതവും പ്രേമബന്ധങ്ങളും സ്പോർട്സ് താരങ്ങളുടെ നിറം പിടിപ്പിച്ച കഥകളുമൊക്കെ മാദ്ധ്യമങ്ങളിൽ നിറയുന്നു. സിനിമാ തീയറ്ററുകളിലും ടിവിയിലുമൊക്കെ അശ്ലീല സിനിമകൾ പ്രദർശിപ്പിക്കുന്നു. ആഭാസത്തരങ്ങളും രതിവൈകൃതങ്ങളുമൊക്കെ പ്രചരിപ്പിക്കാൻ മൊബൈൽ ഫോണിനെപ്പോലും ഉപാധിയാക്കുന്നു. 'കുടിച്ചു കൂത്താടുക' എന്ന സംസ്ക്കാരം വ്യാപിക്കുന്നതിനനുസരിച്ച് സ്ത്രീകളുടെ ജീവിതവും അന്തസ്സും അപകടത്തിലായിക്കൊണ്ടിരിക്കുന്നു. വിദ്യാസാഗറിന്റെയുംമറ്റും കാലത്ത് ഇത്രയേറെ ബലാത്സംഗങ്ങളും കൊലപാതകങ്ങളും ഉണ്ടായിരുന്നോ? രവീന്ദ്രനാഥിനോ ശരത്ചന്ദ്രനോ ഇങ്ങനെയൊരു പതനം കാണേണ്ടിവന്നിട്ടുണ്ടോ? ബ്രിട്ടീഷ് ഭരണകാലത്ത് ഇതെല്ലാം ഇത്രത്തോളം വ്യാപകമായിരുന്നോ? ഇന്ന് മൂന്നു വയസ്സുള്ള പെൺകുട്ടിപോലും ബലാത്സംഗം ചെയ്യപ്പെട്ട് കൊല്ലപ്പെടുന്നു. 60 വയസ്സുകാരിയുടെയും ഗതി അതുതന്നെ. കൂട്ടബലാത്സംഗങ്ങളും പെരുകുകയാണ്. ഒരു പെൺകുട്ടിയെ പ്രേമം നടിച്ച് ഹോട്ടലിൽ കൊണ്ടുപോകുക, കൂട്ടുകാരുകൂടി ബലാത്സംഗം ചെയ്ത് വീഡിയോയിൽ പകർത്തുക, ആ ദൃശ്യങ്ങൾ വിറ്റ് പണമുണ്ടാക്കുക എന്നിങ്ങനെയൊക്കെ നാട്ടിൽ നടക്കുന്നു. അച്ഛൻ മകളെ ബലാത്സംഗം ചെയ്യുന്നതിന്റെ വാർത്തകളും വരുന്നുണ്ട്. നാലും അഞ്ചും ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾപോലും രതിവൈകൃതങ്ങൾക്ക് ഇരയാകുന്നു എന്നിടത്തോളം ഭീതിജനകമാണ് സാഹചര്യം. മാനുഷിക ഗുണങ്ങൾ വെടിഞ്ഞ് തൻകാര്യം നോക്കികളായി മാറുന്ന മനുഷ്യർ പണത്തിനുവേണ്ടി സ്വന്തം ഭാര്യയേയോ സഹോദരിയെയോ മകളേയോ വിൽക്കാൻ മടികാണിക്കാത്ത സ്ഥിതിയിലെത്തിയിരിക്കുന്നു. വൃദ്ധരായ മാതാപിതാക്കളെ ഉപേക്ഷിക്കാനും പണത്തിനുവേണ്ടി അവരെ കൊല്ലാൻ പോലും മടികാണിക്കുന്നില്ല. ഗ്രാമജീവിതത്തിൽ അവശേഷിക്കുന്ന നന്മകളും ക്രമേണ അസ്തമിക്കുകയാണ്. ഗ്രാമീണ സമ്പദ്ഘടന ദീർഘകാലമായി മുതലാളിത്തത്തിന്റെ പിടിയിലാണ്. പച്ചക്കറി മുതൽ എല്ലാ കാർഷികോൽപ്പന്നങ്ങളും ഇന്ന് ദേശീയ കമ്പോളത്തിലെ ചരക്കുകളാണ്. ഗ്രാമപ്രദേശത്തെ ഒരു ചെറിയ കടയിൽപോലും ദേശീയ കമ്പോളത്തിലെ ഉൽപ്പന്നങ്ങളാണ് വിൽക്കുന്നത്. മുതലാളിത്ത കമ്പോളത്തിലെ ചരക്കുകളുടെ കൈമാറ്റം സുഗമമാക്കാനാണ് റോഡുകളും വിവിധങ്ങളായ ഗതാഗത മാർഗ്ഗങ്ങളുമൊക്കെ ഏർപ്പെടുത്തുന്നത്. അതോടൊപ്പംതന്നെ ഗ്രാമപ്രദേശങ്ങളിലെ ലക്ഷക്കണക്കിന് തൊഴിൽരഹിതരായ യുവാക്കളും ദേശീയ കമ്പോളത്തിലെ ചരക്കുകളായി മാറ്റപ്പെട്ടിരിക്കുന്നു. നഗരങ്ങളിൽ നിന്ന് നഗരങ്ങളിലേയ്ക്ക് അവർ തൊഴിൽ തേടി അലയുകയാണ്. പ്രവാസി തൊഴിലാളികൾ എന്നാണ് അവർ അറിയപ്പെടുന്നത്. ഈ പ്രക്രിയയിലൂടെ അവരുടെ സംസ്ക്കാരവും ദുഷിക്കുന്നു. സ്ഥിരതയില്ലാതെ അലഞ്ഞു തിരിഞ്ഞുള്ള ജീവിതം അവരുടെ കുടുംബ ജീവിതത്തിന്റെയും താളം തെറ്റിക്കുന്നു. വീട്ടിൽ ഭാര്യയും കുട്ടികളുമുള്ള പലരും ചെല്ലുന്നിടങ്ങളിലെല്ലാം പങ്കാളികളെ കണ്ടെത്തുന്നു. ചിലർ മടങ്ങിവരുന്നതുപോലുമില്ല. ഗ്രാമങ്ങളിലേയ്ക്ക് ഇടയ്ക്കൊക്കെ വന്നുപോകുന്നവരാകട്ടെ നഗരത്തിലെ ജീർണ്ണ സംസ്ക്കാരം പേറി ഗ്രാമാന്തരീക്ഷത്തെ മലീമസമാക്കുന്നു. പെൺവാണിഭങ്ങളുടെ ഏജന്റുമാർ പലരും ഗ്രാമീണരാണെങ്കിലും അവർ നഗരങ്ങളിൽ ആർഭാട ജീവിതം നയിക്കുന്നവരാണ്. കഷ്ടപ്പാടുകൾ നിറഞ്ഞ കുടുംബങ്ങളിൽ നിന്ന് പുറത്ത് പോകുന്ന സ്ത്രീകളിൽ ചിലർ വീട്ടുജോലി ചെയ്തും മറ്റും ജീവിതം തള്ളി നീക്കുമ്പോൾ മറ്റു ചിലർ അധാർമ്മിക മാർഗ്ഗങ്ങളിലേയ്ക്ക് വഴുതി വീഴുന്നു. എല്ലാമറിയുന്ന വീട്ടുകാരാകട്ടെ നിശബ്ദത പാലിക്കുന്നു. മുമ്പൊക്കെ ഗ്രാമീണ ജീവിതത്തിൽ ലാളിത്യവും ഉത്തരവാദിത്വബോധവും അയൽക്കാരെ സഹായിക്കാനുള്ള മനോഭാവവും ആർഭാടങ്ങൾക്കു പിന്നാലെ പായാതെ ലളിതമായ ജീവിതശൈലി അവലംബിക്കുന്ന രീതിയുമൊക്കെ നിലനിന്നിരുന്നു. എന്നാൽ മുതലാളിത്തം എല്ലാം നശിപ്പിച്ചു. ഇതിനേക്കാൾ വഷളായ, വേദനാകരമായ സാഹചര്യമെന്താണുള്ളത്? സ്നേഹം, സഹാനുഭൂതി, ദയ, ലോലഭാവങ്ങൾ, മനഃസ്സാക്ഷിക്കുത്ത് തുടങ്ങിയവയൊക്കെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ബിജെപി, കോൺഗ്രസ്സ്, സിപിഐ(എം), ടിഎംസി തുടങ്ങിയവരുടെയൊക്കെ ഭരണത്തിൻ കീഴിൽ ഇത്തരത്തിലുള്ള വികസനമാണ് രാജ്യത്ത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

### മതത്തിന് ധാർമ്മികത പ്രദാനം ചെയ്യാനാവില്ല

ഇങ്ങനെയൊക്കെ സംഭവിക്കുന്നത് അകാരണമായാണോ? ഇത് ചരിത്രത്തിന്റെ ക്രൂരമായ അനിവാര്യതയാണോ? മുതലാളിത്ത ഭരണാധികാരികൾ നടത്തുന്ന അങ്ങേയറ്റം ഹീനമായ ഗൂഢാലോചനയുടെ ഫലമായാണ് ഇതെല്ലാം സംഭവിക്കുന്നതെന്നാണ് സഖാവ് ശിബ്ദാസ്ഘോഷ് പറഞ്ഞിട്ടുള്ളത്. മനുഷ്യസത്തയും നന്മയും നശിപ്പിക്കാനും നൈതിക-ധാർമ്മിക അടിത്തറ തകർക്കാനും മനുഷ്യരെ മൃഗങ്ങളാക്കിമാറ്റാനും അവർ ആഗ്രഹിക്കുന്നു. ബലാൽസംഗം ചെയ്യുന്നവരൊന്നും ബലാൽസംഗക്കാരായി ജനിക്കുന്നവരല്ല. ഈ മൃഗീയത അവർ എവിടെനിന്ന് ആർജ്ജിക്കുന്നു? മൃഗങ്ങൾ മൃഗീയമായ സ്വഭാവവിശേഷങ്ങളോടെയാണ് ജനിക്കുന്നത്. എന്നാൽ, മനുഷ്യൻ ജനിക്കുന്നത് മനുഷ്യജീവിയുടെ ശാരീരിക സവിശേഷതകളോടെ മാത്രമാണ്. ജനിക്കുമ്പോൾ മാനസികമായ കഴിവുകളോ നൈതികമായ അടിസ്ഥാനമോ ഇല്ല. ശരിതെറ്റുകൾ തിരിച്ചറിഞ്ഞ് മനഃസാക്ഷിയോടെ പ്രവർത്തിക്കാനുള്ള ശേഷി മനുഷ്യൻ ആർജ്ജിക്കുന്നത് സമൂഹത്തിൽനിന്നും സാമൂഹ്യജീവിതത്തിൽനിന്നും സാംസ്കാരിക-നൈതിക അന്തരീക്ഷത്തിൽനിന്നുമാണ്. എന്തുകൊണ്ടാണിന്ന് ജനങ്ങൾ സമൂഹത്തിൽനിന്ന് ഉയർന്ന സദാചാര-നൈതിക ധാരണകൾ ആർജ്ജിക്കാത്തത്? കാരണം, അഭികാമ്യമായ നൈതികാടിത്തറ പ്രദാനം ചെയ്യാൻ ഇന്ന് മതങ്ങൾക്കാവുന്നില്ല എന്നതാണ്. അടിമത്ത സമ്പ്രദായത്തിനെതിരെയും സാമൂഹ്യ അനീതിക്കെതിരെയും പൊരുതിയിരുന്ന കാലത്ത് മതങ്ങൾ മൂല്യങ്ങളും ധാർമ്മികതയും പ്രദാനം ചെയ്തു. അന്ന് പല ഉന്നതവ്യക്തിത്വങ്ങൾക്കും ജന്മം നൽകാൻ മതത്തിന് കഴിഞ്ഞു. എന്നാൽ, ചരിത്രത്തിന്റെ അനിവാര്യമായ ഗതിക്രമമനുസരിച്ച്, ഒരു കാലഘട്ടത്തിൽ പുരോഗമനപരവും മൂല്യവത്തുമായ ഒരു പ്രത്യയശാസ്ത്രം പിന്നീടൊരു കാലഘട്ടത്തിൽ പിന്തിരിപ്പനും ഹാനികരവുമായിത്തീരുന്നു. ആ ഘട്ടത്തിൽ അത് അനീതിക്കും അടിച്ചമർത്തലിനുമെതിരെ പൊരുതുകയല്ല, അതിനെ സംരക്ഷിക്കുകയാണ് ചെയ്യുക. അങ്ങനെയാണ് മതം കാലഹരണപ്പെടുകയും അന്ധതയും ജീർണ്ണതയും പടർത്തുകയും ചെയ്തപ്പോൾ ഒരു പുതിയ, പുരോഗമനപരമായ പ്രത്യയശാസ്ത്രം അവതരിപ്പിച്ചുകൊണ്ട് യൂറോപ്യൻ നവോത്ഥാനം ഉദയം ചെയ്തത്. ജന്മിത്തത്തെയും മതാധിഷ്ഠിതമായ രാജവാഴ്ചയെയും എതിർത്ത യൂറോപ്യൻ നവോത്ഥാനത്തിന്റെ പ്രയോക്താക്കൾ, കാലഹരണപ്പെട്ട മതവിശ്വാസങ്ങളെയും മതാന്ധതയെയും നേരിടാൻ ആധുനിക ശാസ്ത്രത്തെയും അതിന്റെ ചിന്താഗതികളെയും ആയുധമാക്കി. ഭൗതികവാദം, യാന്ത്രിക ഭൗതികവാദം, അജ്ഞേയതാവാദം, മതേതരമാനവവാദം, ബൂർഷ്വാ മാനവവാദ സംസ്കാരം, ജനാധിപത്യ സംസ്ക്കാരം എന്നിവയെല്ലാം നവോത്ഥാനത്തിന്റെ വേലിയേറ്റത്തിൽ പ്രതിഫലിച്ചു. പ്രത്യയശാസ്ത്രരംഗത്തുണ്ടായ ഈ ശക്തമായ മുന്നേറ്റം നവോത്ഥാന പ്രസ്ഥാനത്തിലൂടെ യൂറോപ്പിനെയാകെ പ്രകമ്പനം കൊള്ളിച്ചു. ഇതിന്റെ സ്വാധീനത്തിൽ സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയ്ക്കുവേണ്ടിയും രാജവാഴ്ചയുടെ സ്ഥാനത്ത് ജനാധിപത്യറിപ്പബ്ലിക് സ്ഥാപിക്കുന്നതിനുവേണ്ടിയുമുള്ള ഡിമാന്റുകൾ ഉയർത്തപ്പെട്ടു. ജനാധിപത്യറിപ്പബ്ലിക്കിൽ ജനങ്ങളാണ് ഭരണഘടനയും നിയമങ്ങളുമൊക്കെ നിർമ്മിക്കുന്നത്. ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഭരണഘടനപ്രകാരം ഭരണം നടത്തുന്നു. ജന്മിത്തവിരുദ്ധ, രാജവാഴ്ചവിരുദ്ധ ബൂർഷ്വാ വിപ്ലവമായിരുന്നു ഇത്. മുതലാളിത്തം അന്ന് പുരോഗമനപരവും ഊർജ്ജസ്വലവുമായിരുന്നു. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം എന്ന മുദ്രാവാക്യമുയർത്തപ്പെട്ടു. പഴക്കം ചെന്നതും കാലഹരണപ്പെട്ടതുമായ മതമൂല്യങ്ങളുടെയും ധാർമ്മിക തയുടെയും സ്ഥാനത്ത് പുതിയ മാനവവാദ മൂല്യങ്ങളും ധാർമ്മികതയും ഉയർന്നുവന്നു. മനുഷ്യസത്തയെ സംബന്ധിച്ച് ഒരു പുതിയ സങ്കൽപ്പം ഉദയം ചെയ്തു. ഈ പ്രസ്ഥാനത്തിന്റെ ഭാഗമായി യൂറോപ്പിൽ ശാസ്ത്രം, വിജ്ഞാനശാസ്ത്രം, തത്വചിന്ത, കല, സാഹിത്യം എന്നീ രംഗങ്ങളിലെല്ലാം പ്രമുഖ വ്യക്തിത്വങ്ങൾ പ്രത്യക്ഷപ്പെട്ടു. ഈ പാശ്ചാത്യനവോത്ഥാനത്തിന്റെ സ്വാധീനത്തിൽ നമ്മുടെ രാജ്യത്തും നവോത്ഥാന മുന്നേറ്റമുണ്ടായി. റാംമോഹൻ, വിദ്യാസാഗർ, ജ്യോതിറാവുഫൂലെ, പിന്നീട് രവീന്ദ്രനാഥ ടാഗോർ, ശരത്ചന്ദ്രചാറ്റർജി, പ്രേംചന്ദ്, നസ്രൂൾ, സുബ്രഹ്മണ്യഭാരതി എന്നിവരെല്ലാം ഇന്ത്യൻ നവോത്ഥാനത്തിന്റെ പ്രതിനിധികളായിരുന്നു. തുടർന്ന് രാഷ്ട്രീയരംഗത്ത് സി.ആർ.ദാസ്, ലാലാ ലജ്പത്റായ്, ബാലഗംഗാധര തിലകൻ, സുഭാഷ്ചന്ദ്രബോസ് ഉൾപ്പെടെ നിരവധി സ്വാതന്ത്ര്യസമര പോരാളികളെയും രക്തസാക്ഷികളെയും നമുക്ക് ലഭിച്ചു. അന്ന് സന്ധി മനോഭാവമുള്ള മുതലാളിവർഗ്ഗമായിരുന്നു നേതൃത്വത്തിലെങ്കിലും സ്വാതന്ത്ര്യസമരം സ്വഭാവഗുണവും മാനുഷിക മൂല്യങ്ങളും പ്രദാനം ചെയ്തു. എന്നാൽ, സ്വാതന്ത്ര്യസമരകാലത്തെ ബൂർഷ്വാ ദേശീയവാദ ആദർശങ്ങളും അത് പ്രദാനം ചെയ്ത നൈതിക-ധാർമ്മിക മൂല്യങ്ങളും ഇന്ന് അപ്രസക്തമായിരിക്കുന്നു. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയെങ്കിലും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അടിച്ചമർത്തൽ ഭരണത്തിന്റെ സ്ഥാനത്ത് സ്വന്തം ചൂഷണവാഴ്ച സ്ഥാപിക്കുക എന്നതായിരുന്നു സമരത്തിന് നേതൃത്വം കൊടുത്ത ദേശീയബൂർഷ്വാസിയുടെ അഥവാ ടാറ്റാ-ബിർളാമാരുടെ ലക്ഷ്യം. ഇതേക്കുറിച്ച് സുഭാഷ്ചന്ദ്രബോസും ഭഗത്സിംഗും ശരത്ചന്ദ്രചാറ്റർജിയും നസ്രുൾ ഇസ്ലാമുമെല്ലാം സമയോചിതം മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും അത് ജനസാമാന്യത്തിലേയ്ക്ക് എത്തിയില്ല. (തുടരും)



ജപ്തിനടപടികൾക്കെതിരെ ഐഎൻപിഎ നടത്തിയ ആലപ്പുഴ കളക്ട്രേറ്റ് മാർച്ച് എസ്‌യുസിഐ (സി) സംസ്ഥാനകമ്മിറ്റിയംഗം സഖാവ് എസ.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു

# ദേശീയ വിദ്യാഭ്യാസ നയം–2016:

# അപകടകരവും വഞ്ചനാത്മകവുമായ പുതിയ രേഖ

കേന്ദ്രഭരണം കൈയ്യടക്കാനുള്ള പടയോട്ടത്തിനിടയിൽ 2014–ലെ പൊതുതെരഞ്ഞെടുപ്പ് സമയത്ത് ഭാരതീയ ജനതാ പാർട്ടി മുന്നോട്ടുവെച്ച വാഗ്ദാനങ്ങളിലൊന്നായിരുന്നു പുതിയ വിദ്യാഭ്യാസനയത്തിന്റെ രൂപീകരണം. ബിജെപിയുടെ ആശയപിൻബലവും രാഷ്ട്രീയ മാർഗ്ഗദർശികളുമായ ആർഎസ്എസ്സിന്റെ ഏറ്റവും പ്രമുഖമായ അജൻഡയിൽ വരുന്നതാണിത് എന്ന വസ്തുത തന്നെ തെളിയിക്കുന്നത്, ആ പാർട്ടി എത്രത്തോളം പ്രാധാന്യത്തോടെ ഇതിനെ കണ്ടിരുന്നു എന്നതാണ്.

**കു**റച്ച് ചാഞ്ചാട്ടങ്ങൾക്കുശേഷം, അടുത്തിടെ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം, കരട് ദേശീയ വിദ്യാഭ്യാസ നയത്തിനുള്ള ചില നിർദ്ദേശങ്ങൾ (ഇനി ചില നിർദ്ദേശങ്ങൾ എന്ന് പരാമർശിക്കപ്പെടും) എന്ന രേഖ പുറത്തുകൊണ്ടു വരികയുണ്ടായി. നേരത്തേ പല സന്ദർഭങ്ങളിലും, വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പല പ്രശ്നങ്ങളിലും, അതുപോലെ രാജ്യത്തെ വിദ്യാഭ്യാസമേഖല നേരിട്ട പല ആക്രമണങ്ങളിലും, പാർട്ടി ദേശീയ മുഖപത്രമായ പ്രോലിറ്റേറിയൻ ഇറയിലൂടെ ഞങ്ങൾ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരുന്നു. (2014 ഡിസംബർ 1, 2015 ജനുവരി 1, 2015 ഫെബ്രുവരി 1, 2015 ഏപ്രിൽ 15, 2016 ജനുവരി 15 ലക്കങ്ങൾ) ഇപ്പോഴത്തെ രേഖ സംബന്ധിച്ചും ഞങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുകയാണ്. എന്നാൽ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനു മുമ്പായി, നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ സംവിധാനത്തിന്റെ ചരിത്രപശ്ചാത്തലം ചുരുക്കത്തിൽ ഒന്നു പരിശോധിക്കേണ്ടതുണ്ട്.

### ആധുനികരാഷ്ട്രത്തിനായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള വിദ്യാഭ്യാസം

ആധുനിക ഇന്ത്യൻ രാഷ്ട്രം ഉയർന്നുവന്നപ്പോൾ, നമ്മുടെ സ്വാതന്ത്ര്യത്തിനായി പൊരുതിയ ഇവിടുത്തെ തലമുതിർന്ന വിദ്യാഭ്യാസവിചക്ഷണരും, ശ്രേഷ്ഠവ്യക്തിത്വങ്ങളും പ്രതീക്ഷിച്ചത്, ഒരു പുതുസ്വതന്ത്ര പരമാധികാര രാഷ്ട്രത്തിനുതകുന്ന ഭാവിതലമുറകളെ വാർത്തെടുക്കുന്ന വിദ്യാഭ്യാസ സംവിധാനമാണ്. അതിന്റെ അടിസ്ഥാനമായി അവർ വിഭാവനം ചെയ്തത്, എല്ലാവർക്കും പ്രാപ്യമായ, സൗജന്യവും സമഗ്രവുമായ വിദ്യാഭ്യാസമാണ്. അത് നേരത്തേ അങ്ങനെ ആയിരുന്നില്ല താനും. ഔപചാരികവിദ്യാഭ്യാസത്തിന്റെ താഴേത്തലം മുതൽ ഏറ്റവും ഉയർന്ന തലം വരെ, ഓരോ ഘട്ടത്തിലും സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം നൽകേണ്ടതിന്റെ മുഴുവൻ ഉത്തരവാദിത്തവും സർക്കാരിനാണ്. അതിനായി ന്യായമായ ബജറ്റ് വിഹിതം ഉൾപ്പടെ സർക്കാർ വിഭവങ്ങൾ നൽകേണ്ടതുണ്ട് എന്നും അവർ ചൂണ്ടിക്കാണിച്ചു.

അതോടൊപ്പം അവർ ഉറച്ചു വിശ്വസിച്ചിരുന്നത്, വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം നിർണ്ണയിക്കേണ്ടത് ഒരിക്കലും സർക്കാരല്ല എന്നു തന്നെയാണ്. പകരം, വിദ്യാഭ്യാസ വിദഗ്ധരും പണ്ഡിതരും വിദ്യാഭ്യാസത്തെ സ്നേഹിക്കുന്നവരും ഒക്കെയാണ് അത് നിർണ്ണയിക്കേണ്ടത്. അതനുസരിച്ച്, നിരവധിയായ ഉന്നതവ്യക്തിത്വങ്ങൾ കഴിഞ്ഞകാലങ്ങളിൽ ജീവിതം ഉഴിഞ്ഞുവെച്ച്, തങ്ങളുടെ ആശയങ്ങളും വീക്ഷണങ്ങളും തികച്ചും വ്യക്തമായിത്തന്നെ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. പൗരാണിക ഇന്ത്യയുടെ അഭിമാനകരമായ വിജ്ഞാനപാരമ്പര്യത്തോട് തങ്ങൾക്കുള്ള ആദരവും ഉത്തരവാദിത്തവും നിലനിർത്തിയ ഈ അസംഖ്യം മഹാത്മാക്കളിൽ, വിവേകാനന്ദൻ, രാജാ റാംമോഹൻ റോയി, ഈശ്വർചന്ദ്ര വിദ്യാസാഗർ, രബീന്ദ്രനാഥ ടാഗോർ, മോഹൻദാസ് കരംചന്ദ് ഗാന്ധി, ഗോപാലകൃഷ്ണ ഗോഖലെ, ലാലാ ലജ്പത് റായ്, തുടങ്ങി എത്രയോ പേർ ഉൾപ്പെടുന്നു. അവരൊക്കെയും വിശ്വസിച്ചിരുന്നത്, വിദ്യാഭ്യാസത്തിന് ജീവിതം അർത്ഥവത്താക്കുന്ന, മനുഷ്യനെ സൃഷ്ടിക്കുന്ന, സ്വഭാവം രൂപീകരിക്കുന്ന ഒരു പങ്കാണ് നിർവ്വഹിക്കാനുള്ളത് എന്നാണ്. ഉയർന്നു വരുന്ന ഒരു രാഷ്ട്രം, രാജ്യാതിർത്തികൾക്ക് അതീതമായി മതേതരവും ശാസ്ത്രീയവും ജനാധിപത്യപരവുമായ ആധുനിക വിദ്യാഭ്യാസത്താൽ സജ്ജമാക്കപ്പെടേണ്ടതുണ്ടെന്ന് അവർക്ക് അറിയാമായിരുന്നു. ഇന്നത്തെ ലോകത്തിൽ തലയുയർത്തിപ്പിടിച്ച് നിൽക്കുവാൻ തക്കവണ്ണം, മുഴുവൻ കരുത്തോടും തീക്ഷ്ണതയോടും മഹിമയോടും കൂടി വളർന്നു വരുവാൻ രാജ്യത്തെ അതു മാത്രമേ സഹായിക്കൂ. സ്വാതന്ത്ര്യാനന്തരം, വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾക്ക് കാഹളം മുഴക്കി വമ്പിച്ച പ്രചാരമാണ് നൽകിപ്പോന്നത്. എന്നാൽ, കാലത്തിന് അനുയോജ്യമായ വിദ്യാഭ്യാസസമ്പ്രദായത്തെ കുറിച്ച് നമ്മുടെയീ മുൻതലമുറയ്ക്കുണ്ടായിരുന്ന സ്വപ്നങ്ങൾ പൂർത്തീകരിക്കപ്പെട്ടിട്ടില്ല എന്നു മാത്രമല്ല, ഓരോ തവണയും വിദ്യാഭ്യാസരംഗം അഴിച്ചുപണിയുമ്പോഴും, ആ സ്വപ്നങ്ങൾ തകിടം മറിയുന്നതായാണ് കണ്ടു വരുന്നത്. ഇപ്പോൾ ബിജെപി സർക്കാർ മുന്നോട്ടുവെക്കുന്ന കരട് ദേശീയ വിദ്യാഭ്യാസനയം (എൻഇപി), തങ്ങളുടെ മാർഗ്ഗദർശിയായ ആർഎസ്എസ്സിന്റെ ഹീനപദ്ധതികളോടെ നിർദ്ദേശിക്കപ്പെടുമ്പോൾ, രാജ്യത്തെ വിദ്യാഭ്യാസ വികസനത്തിനെതിരെ നടന്ന ഗൂഢനീക്കങ്ങളുടെ പട്ടികയിലേയ്ക്ക് അതും കൂട്ടിച്ചേർക്കപ്പെടുകയാണ്.

### രൂപീകരണ പ്രക്രിയ

പുതിയ വിദ്യാഭ്യാസനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി, കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം 2015 മാർച്ച് 21ന്, നിർദ്ദിഷ്ട വിദ്യാഭ്യാസനയത്തെ സംബന്ധിച്ച ഒരു രേഖ കൊണ്ടുവരികയുണ്ടായി. ഈ രാജ്യത്തെ വിദ്യാഭ്യാസമേഖലയെ കുറിച്ച് ഉത്കണ്ഠയുള്ള ഏതൊരാളും പ്രതീക്ഷിച്ചിരിക്കുക, വിദ്യാഭ്യാസനയം രൂപീകരിക്കേണ്ട ചുമതല, ഉന്നതശീർഷരും യുക്തിഭദ്രവും ജനാധിപത്യപരവുമായ മനോഭാവത്തോടു കൂടിയവരും ഒക്കെയായ വിദ്യാഭ്യാസവിദഗ്ധരും അതുപോലെ സമൂഹത്തിന്റെ മറ്റു തുറകളിൽനിന്നുള്ള ഉന്നതരായ വ്യക്തിത്വങ്ങളും ഒക്കെ അടങ്ങുന്ന ഒരു പൊതു സമിതിയെ ഏൽപ്പിക്കുമെന്നായിരുന്നു. നേരത്തേ പറഞ്ഞതുപോലെ, ഇത് സർക്കാരിന്റെയോ, അതിന്റെ മന്ത്രിമാരുടെയോ, അവരുടെ ഒത്താശക്കാരായ സംഘടനകളുടെയോ, വ്യക്തികളുടെയോ, ഉദ്യോഗസ്ഥരുടെയോ ജോലിയല്ല. എന്നാൽ, ഈ ശരിയായ വഴിയിൽനിന്നും എത്രയോ അകലെയായിരുന്നു സ്വീകരിച്ച പ്രക്രിയ. അതേസമയത്ത്, വിവിധതലങ്ങളിലായി നൂറുകണക്കിന് യോഗങ്ങൾ നടത്തിയെന്ന മാനവവിഭവശേഷി മന്ത്രാലയത്തിന്റെ അവകാശവാദം ചോദ്യം ചെയ്യപ്പെട്ടു. ഉയരുന്ന ചോദ്യങ്ങൾ എന്തെന്നാൽ, ഇതിൽ എത്ര എണ്ണത്തിൽ, അതാതു തലങ്ങളിലെ ആളുകൾ പങ്കെടുക്കുകയോ അറിയുകയോ എങ്കിലും ചെയ്തിട്ടുണ്ട്. ഈ യോഗങ്ങളുടെയൊക്കെ നടപടിക്രമങ്ങളും ഫലവും എന്തൊക്കെയായിരുന്നു. ഈ ചോദ്യങ്ങളൊക്കെ ഉത്തരം കിട്ടാതെ അവശേഷിക്കുന്നു. അതേസമയം തന്നെ, ആർഎസ്എസ് വിധേയത്വമുള്ള സംഘടനകളും വ്യക്തികളും ഇന്ത്യൻ വിദ്യാഭ്യാസസമ്പ്രദായത്തെ അടിമുടി അഴിച്ചുപണിയുവാനുള്ള ആവശ്യം ഉയർത്തുന്നതായി തുറന്നുപറഞ്ഞിരുന്നു. രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിലേയ്ക്ക് ഹൈന്ദവചിന്തകൾ ഉൾക്കൊള്ളിക്കുന്നതിലൂടെയേ അതിന് പൂർണ്ണത നൽകി പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കൂ എന്നതാണ് അവരുടെ അഭിപ്രായം. തങ്ങളുടെ അഭിപ്രായങ്ങൾ അന്നത്തെ മാനവവിഭവശേഷി മന്ത്രിക്കു സമർപ്പിച്ചുവെന്നും, അത് പരിഗണിച്ച് ഉൾക്കൊള്ളിച്ചുവെന്നും അവർ അവകാശപ്പെടുന്നു.

അടുത്ത ഘട്ടത്തിൽ, പ്രധാനമായും ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു അഞ്ചംഗ കമ്മിറ്റി, പുതിയ വിദ്യാഭ്യാസ നയത്തിന്റെ രൂപീകരണത്തിനായുള്ള കമ്മിറ്റി, എന്ന പേരിൽ സൃഷ്ടിക്കപ്പെട്ടു. പിന്നീട് ടിഎസ്ആർ സുബ്രഹ്മണ്യൻ സമിതി എന്നറിയപ്പെട്ട ഈ സമിതി തങ്ങളുടെ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് 2016 മേയ് 27ന് മാനവവിഭവശേഷി മന്ത്രാലയത്തിന് സമർപ്പിച്ചു. മന്ത്രാലയം ഈ റിപ്പോർട്ട് പൊതുചർച്ചയ്ക്കായി സമർപ്പിക്കുകയും തങ്ങളുടെ വിശകലനം നടത്തുമെന്നുമാണ് പ്രതീക്ഷിച്ചത്. എന്നാൽ അവരാകട്ടെ, റിപ്പോർട്ട് പരസ്യപ്പെടുത്തുന്നതിനുപകരം, നേരത്തേ പരാമർശിച്ച, ചില നിർദ്ദേശങ്ങൾ എന്ന 43 പുറങ്ങളുള്ള രേഖ 2016 ജൂലൈയിൽ കൊണ്ടുവരികയും, അതിലൂടെ പുതിയ വിദ്യാഭ്യാസനയം ഒരു നാഴികക്കല്ലാകുമെന്ന് അവകാശപ്പെടുകയും ചെയ്തു. അതെന്തുമാകട്ടെ, ഈ രേഖയുടെ ഉരുത്തിരിയൽതന്നെ കാണിക്കുന്നത് മാനവവിഭവശേഷി വകുപ്പിന് ഇക്കാര്യത്തിൽ ശരിയായ സമീപനമില്ലായിരുന്നു എന്നു തന്നെയാണ്.

### വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം

നിർദ്ദിഷ്ടരേഖയിൽ, കരിക്കുലം പുനഃരുജ്ജീവനവും പരീക്ഷാ പരിഷ്കരണവും എന്ന അദ്ധ്യായം 4.5 തുടങ്ങുന്നത് ഒരു ഉദ്ധരണിയോടു കൂടിയാണ്. "സ്വാമി വിവേകാനന്ദനെ ഉദ്ധരിച്ചു പറയുകയാണെങ്കിൽ, "വിദ്യാഭ്യാസമെന്നത് നിങ്ങളുടെ തലച്ചോറിൽ കുത്തിനിറച്ച്, അവിടെ ആയുഷ്കാലം ദഹിക്കാതെ കിടന്ന് കലാപം നടത്തുന്ന വിവരങ്ങളുടെ അളവല്ല. നമുക്കു വേണ്ടത്, ജീവിതനിർമ്മിതിക്കുതകുന്ന, മനുഷ്യനെ സൃഷ്ടിക്കുന്ന, സ്വഭാവം രൂപീകരിക്കുന്ന ആശയങ്ങളുടെ സ്വാംശീകരണമാണ്. നിങ്ങൾ അഞ്ച് ആശയങ്ങൾ ആഗീരണം ചെയ്യുകയും അത് നിങ്ങളുടെ ജീവിതത്തെയും സ്വഭാവത്തേയും നിർണ്ണയിക്കുകയും ചെയ്തുവെങ്കിൽ, ഒരു പുസ്തകശാല മുഴുവൻ മനപാഠമാക്കിയ ഒരാളേക്കാൾ വിദ്യാഭ്യാസം നിങ്ങൾ നേടിക്കഴിഞ്ഞു.... വിദ്യാഭ്യാസമെന്നത് സ്ഥിതിവിവരം മാത്രമാണെങ്കിൽ ഗ്രന്ഥശാലകൾ ഏറ്റവും വലിയ സന്യാസികളും വിശ്വവിജ്ഞാനകോശം മഹാഋഷിയുമായിരിക്കും.." ഇത് എൻഇപിയിൽ പിന്നീടുണ്ടായ കൂട്ടിച്ചേർക്കലാണ്. എന്നാൽ രേഖയുടെ മൂന്നാം അദ്ധ്യായത്തിൽ, വിദ്യാഭ്യാസത്തിന്റെ 14 ലക്ഷ്യങ്ങളുടെ പട്ടിക കൊടുത്തിട്ടുണ്ട്. അവിടെയാകട്ടെ, രേഖയിൽ മറ്റെവിടെയെങ്കിലുമാകട്ടെ, വിവേകാനന്ദന്റെ ഉദ്ധരണിയിലെ ഈ ലക്ഷ്യം അതിന് അർഹിക്കുന്ന സ്ഥാനം കണ്ടെത്തുകയോ, പരിഗണിക്കപ്പെടുകയോ ചെയ്തിട്ടില്ല. രാജ്യത്തെ വിദ്യാഭ്യാസ സംവിധാനത്തിൽ നാഴികക്കല്ലാകും പുതിയ വിദ്യാഭ്യാസനയം എന്ന മാനവവിഭവശേഷി വകുപ്പിന്റെ അവകാശവാദത്തിനു ശേഷമാണിത്. പകരം, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെ തൊഴിലിനും സംരംഭകത്വത്തിനുമായുള്ള നൈപുണ്യവികസനത്തിലേയ്ക്കും രാജ്യത്തിന്റെ വികസനത്തിനും ജീവിതത്തിനുമുള്ള തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിലേയ്ക്കും ചുരുക്കുകയാണ്. പക്ഷേ ഈ രേഖ ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നില്ല. കടുത്ത വ്യാവസായിക പ്രതിസന്ധി മൂലം കുറഞ്ഞുവരുന്ന തൊഴിലവസരങ്ങൾ പുനഃരുൽപാദിപ്പിക്കാൻ, നൈപുണ്യ വികസനത്തിലും തൊഴിൽ നേടുന്നതിനും പ്രാധാന്യം കൽപ്പിക്കുന്ന വിദ്യാഭ്യാസത്തെക്കൊണ്ട് കഴിയുമോ? എന്നുതന്നെയുമല്ല, ഉപഭോഗസംസ്കാരത്തിലും, തൊഴിലന്വേഷണത്തിലും, വ്യക്തിയധിഷ്ഠിതമായ സമീപനത്തിലും വീക്ഷണത്തിലും ഊന്നൽകൊടുക്കുന്നതിൽ നിന്നും, വിദ്യാഭ്യാസത്തെ സംരക്ഷിച്ചു നിർത്തണമെന്ന ലക്ഷ്യം വിദ്യാഭ്യാസനയത്തിനുണ്ടാകേണ്ടതല്ലേ? കൂടാതെ മതേതരവും ശാസ്ത്രീയവുമായ ആധുനിക വിദ്യാഭ്യാസത്തെക്കുറിച്ച് രേഖയിൽ ഒരിടത്തും പരാമർശമില്ല. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനംതന്നെ ശാസ്ത്രീയരീതിയും സമീപനവും പ്രക്രിയയും ആകണമെന്ന് ചൂണ്ടിക്കാട്ടിയിട്ടുപോലുമില്ല.

### വ്യവസ്ഥയിലെ പ്രശ്നങ്ങൾ

രാജ്യത്തെ വിദ്യാഭ്യാസമേഖലയിൽ ഗുരുതരമായ പ്രശ്നങ്ങൾ നിലനിൽക്കുന്നു എന്നത് ഏതൊരാൾക്കും നിഷേധിക്കാനോ, അവഗണിക്കാനോ ആകാത്ത സത്യംതന്നെയാണ്. പ്രസ്തുതരേഖയിൽത്തന്നെ അത് അംഗീകരിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിലെ പ്രവേശനവും പങ്കാളിത്തവുമായി ബന്ധപ്പെട്ട്, നൽകുന്ന വിദ്യാഭ്യാസത്തിന്റെ നിലവാരം, വിദ്യാഭ്യാസത്തിലെ സമത്വം, ഭരണവും നിർവ്വഹണവും, ഗവേഷണവും വികസനവും, വിദ്യാഭ്യാസവികസനത്തിനുള്ള സാമ്പ

(ശേഷം 7–ാം പേജിൽ)

## മദ്ധ്യപ്രദേശിൽ എഐഎംഎസ്എസ് സംസ്ഥാന സമ്മേളനം



ആഗസ്റ്റ് 28,29 തീയതികളിൽ ഗ്വാളിയോറിൽ നടന്ന അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന മദ്ധ്യപ്രദേശ് സംസ്ഥാന സമ്മേളനത്തിന്റെ സദസ്സ്. സമ്മേളനം എഐഎംഎസ്എസ് അഖിലേന്ത്യാപ്രസിഡന്റ് സഖാവ് ഛായമുഖർജി ഉദ്ഘാടനം ചെയ്തു.

# ഡൽഹിയിൽ ദേശീയ വിദ്യാഭ്യാസ കൺവൻഷൻ






ഭഗത്സിംഗ് ജന്മവാർഷികദിനമായ സെപ്തംബർ 28–ന് ഡൽഹിയിലെ ഐവാൻ–ഇ–ഘാലിബ് ആഡിറ്റോറിയത്തിൽ, വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും നാഗരികതയ്ക്കും നേരെ ഉയരുന്ന വെല്ലുവിളികളെ നേരിടുക എന്ന മുദ്രാവാക്യവുമായി ഒരു ദേശീയ വിദ്യാഭ്യാസ കൺവൻഷൻ നടന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 750–ൽ ഏറെ പ്രതിനിധികൾ പങ്കെടുത്തു. സഖാവ് കമൽ സെയ്ൻ അദ്ധ്യക്ഷത വഹിച്ചു. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗത്ഭരായ വ്യക്തിത്വങ്ങൾ കൺവൻഷനിൽ പങ്കെടുത്തു. ഡോ. ധ്രുബജ്യോതി മുഖർജി(മുൻ തലവൻ, ജിയോളജി ഡിപ്പാർട്ടുമെന്റ്, കൽക്കട്ട യൂണിവേഴ്സിറ്റി), പ്രൊഫ.നരേന്ദ്ര ശർമ്മ(മുൻ ഫാക്കൽട്ടി മെമ്പർ, സക്കീർ ഹുസൈൻ കോളേജ്, ഡൽഹി), ഡോ.ദിനേശ് ബയ്ഷ (എഴുത്തുകാരൻ, മുൻ പ്രിൻസിപ്പൽ, ബി.ബറുവ കോളേജ്, അസ്സം), പ്രൊഫ.അജയ്പട്നായിക്(പ്രസിഡന്റ്, ഡൽഹി യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ), പ്രൊഫ.ഹേമന്ദ്കുമാർ ഷാ(എച്ച്.കെ.ആർട്സ് കോളേജ്, അഹമ്മദാബാദ്), അശോക് മിശ്ര(ജനറൽ സെക്രട്ടറി, എഐഡിഎസ്ഒ) തുടങ്ങിയവർ പ്രസംഗിച്ചു. പ്രൊഫ.ഇർഫാൻ ഹബീബ്(എമിററ്റസ് പ്രൊഫസർ, അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി), പ്രൊഫ.പി.എസ് ബൈസെൻ(മുൻ വി.സി, ശിവാജി യൂണിവേഴ്സിറ്റി, മദ്ധ്യപ്രദേശ്), പ്രൊഫ. രവിവർമ്മകുമാർ(മുൻ അഡ്വക്കേറ്റ് ജനറൽ, കർണ്ണാടക) എന്നിവർ കൺവൻഷന്റെ വിജയത്തിന് ആശംസകൾ നേർന്നുകൊണ്ട് അയച്ച സന്ദേശങ്ങൾ അയച്ചു. ○

## ദേശീയ വിദ്യാഭ്യാസ നയം–2016:

*(6–ാം പേജിൽ നിന്ന്)*

ത്തിക പ്രതിജ്ഞാബദ്ധത എന്നിവയെല്ലാം ഈ മേഖലയിലെ നിരവധിയായ നിലനിൽക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളുമാണ്(പുറം 7). പക്ഷേ ഒരിടത്തും പ്രശ്നങ്ങളുടെ യഥാർത്ഥ കാരണം നിർവ്വചിക്കാനുള്ള ആത്മാർത്ഥമായ പരിശ്രമമില്ല. ആത്മാർത്ഥതയുള്ള പരിഹാരനിർദ്ദേശങ്ങളുമില്ല. മുൻകാല തെറ്റുകൾ തിരുത്തി വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്തമാക്കാൻ സർക്കാരിന് യഥാർത്ഥത്തിൽ താൽപ്പര്യമുണ്ടായിരുന്നുവെങ്കിൽ, 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം റദ്ദാക്കിക്കൊണ്ട്, എല്ലാ തലത്തിലും വിദ്യാഭ്യാസം മൗലികാവകാശമാക്കി മാറ്റിക്കൊണ്ട്, യഥാർത്ഥ വിദ്യാഭ്യാസ അവകാശം ഉറപ്പാക്കുവാനുള്ള നിയമനിർമ്മാണം നടത്തണം. അല്ലാതെ രേഖയിൽ നിർദ്ദേശിക്കുന്നതുപോലെ ന്യൂനപക്ഷ സ്ഥാപനങ്ങളെ തിരികെ ഉൾക്കൊള്ളിക്കാനായി, നിയമത്തിൽ ഭേദഗതി വരുത്തണം എന്ന തരത്തിലുള്ള ഉപരിപ്ലവ നടപടികളല്ല വേണ്ടത്. രാജ്യത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളെ ശരിയായ പാതയിലേയ്ക്ക് തിരികെ കൊണ്ടുവരാൻ ആത്മാർത്ഥമായ ആഗ്രഹം സർക്കാരിനുണ്ടെങ്കിൽ, കേന്ദ്ര ബജറ്റിന്റെ 10%, ജീവനക്കാരുടെ ശമ്പളവും പെൻഷനും മാറ്റിനിർത്തി, ഈ മേഖലക്കായി നീക്കിവെക്കണം. വിദ്യാഭ്യാസത്തിലെ സ്വാശ്രയ സമ്പ്രദായം നിർത്തുകയും സർക്കാർ മുതൽമുടക്കിൽ വരേണ്യസ്ഥാപനങ്ങൾ ആരംഭിക്കുന്നത് അവസാനിപ്പിക്കുകയും വേണം. വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അക്കാദമിക പിന്തുണ ഉറപ്പാക്കി, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം. ജനാധിപത്യത്തോടും ഭരണഘടനാപരമായ മാർഗ്ഗങ്ങളോടും യഥാർത്ഥ ആദരം മന്ത്രാലയത്തിനുണ്ടെങ്കിൽ, വിദ്യാഭ്യാസത്തെ കൺകറന്റ് പട്ടികയിൽ പെടുത്തി, വിദ്യാഭ്യാസ പ്രശ്നങ്ങളിൽ സംസ്ഥാനങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കുകയും വേണം.

### കൊഴിഞ്ഞുപോക്ക്

വിദ്യാഭ്യാസമേഖലയിലെ ചില പ്രശ്നങ്ങൾ നമുക്കൊന്നു ചർച്ച ചെയ്യാം. ഉദാഹരണത്തിന് കൊഴിഞ്ഞുപോക്ക്. രേഖ സമ്മതിക്കുന്നത്, പ്രൈമറി തലത്തിൽ 83.7%, എലമെന്ററി തലത്തിൽ 67.4 ശതമാനവുമാണ് പഠനം തുടരുന്നവരുടെ എണ്ണം. അതായത്, ഒന്നാം ക്ലാസ്സിൽ ചേരുന്ന 10 കുട്ടികളിൽ 4 പേർ എട്ടാം ക്ലാസ്സിനു മുമ്പേ പഠനം നിർത്തുന്നു. വസ്തുതകളെ സംബന്ധിച്ച് പരസ്പരവിരുദ്ധമായ പ്രസ്താവനകളും രേഖയിലുണ്ട്. കാതലായ തകർച്ചയുണ്ടെന്ന് ഒരിടത്തു പറയുന്നു, മറ്റൊരിടത്ത് ശ്രദ്ധ വേണമെന്നുമാത്രം. എന്നാൽ ഒരിടത്തും കാരണമോ പരിഹാരമോ ഇല്ല. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ കുട്ടികളെ സ്കൂളുകളിൽ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം ഈ കൊഴിഞ്ഞുപോക്ക് പ്രശ്നം ഉയർത്തിക്കാട്ടുന്നു, എന്ന് രേഖ വിലയിരുത്തുന്നു. എന്നാൽ എന്തു നടപടികൾ, യാതൊരു സൂചനയും ഇല്ല. ഇവിടെ പറയുന്നത്, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ കുട്ടികൾക്ക് പ്രീ–പ്രൈമറി വിദ്യാഭ്യാസത്തിൽ പങ്കെടുക്കുവാനുള്ള അവസരം കുറയുകയാണ് എന്നതാണ്. പക്ഷേ എന്തുകൊണ്ട്? സ്വകാര്യവൽക്കരണവും കച്ചവടവൽക്കരണവും മൂലം ദിനംപ്രതി വർദ്ധിക്കുന്ന ഭീമമായ വിദ്യാഭ്യാസച്ചെലവ് തന്നെയല്ലേ ഇതിന് കാരണം? അതു തന്നെയല്ലേ സർക്കാരുകൾ സ്വയം നടപ്പിലാക്കുന്നതും? ദാരിദ്ര്യനിലയെ കുറിച്ച് സർക്കാർ എന്തൊക്കെ കണക്കുകൾ അവതരിപ്പിച്ചാലും രാജ്യത്തെ ഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യത്തിന്റെ പിടിയിലാണെന്നു തന്നെയല്ലേ ഇത് കാണിക്കുന്നത്? ഈ കാരണങ്ങളൊക്കെ സൗകര്യപൂർവ്വം മറക്കുന്നു. പ്രീ–സ്കൂൾ കുട്ടികൾക്കു വേണ്ടി നയരേഖയിൽ മുതലക്കണ്ണീർ ഒഴുക്കുന്ന കേന്ദ്ര സർക്കാർ തന്നെയാണ്, ഈ വിഭാഗത്തിനു വേണ്ടിയുള്ള ഐസിഡിഎസ് വിഹിതം നിർദ്ദയം ബജറ്റിൽ വെട്ടിക്കുറച്ചത്. അതുകൊണ്ടു തന്നെ കൊഴിഞ്ഞുപോകുന്നവരെ കുറിച്ചുള്ള വിലാപം വെറും കാപട്യമാകുന്നു.

### വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

രേഖയിൽ പറയുന്നത്, സ്ക്കൂൾ വിദ്യാഭ്യാസം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി, കുട്ടികളുടെ പഠനത്തിന്റെ നിലവാരത്തിൽ ഉണ്ടാകുന്ന കുറവാണ് . ഈ നിലവാരത്തകർച്ചയുടെ ഭയാനകമായ യാഥാർത്ഥ്യം മറച്ചു പിടിക്കുന്നതിനായി ആത്മാർത്ഥതയില്ലാത്ത ജൽപ്പനങ്ങൾ കാണാം. എന്നാൽ യഥാർത്ഥ പ്രശ്നങ്ങൾ ഒഴിവാക്കിയിരിക്കുന്നു. എന്തുകൊണ്ട് പല സ്ക്കൂളുകൾക്കും ദയനീയമായ അടിസ്ഥാനസൗകര്യങ്ങൾ? എന്തുകൊണ്ട് ഓരോ ഗ്രാമത്തിലും സ്ക്കൂളിന്റെ ആവശ്യമുണ്ടായിട്ടും അതിന് സർക്കാർ പ്രതിജ്ഞാബദ്ധമായിട്ടും മതിയായ സ്ക്കൂളുകളും അധ്യാപകരും ഉണ്ടാകുന്നില്ല? എന്തുകൊണ്ട് എല്ലാ സ്ഥാപനങ്ങളിലും യോഗ്യതയുള്ള അധ്യാപകരെയും മറ്റ് ജീവനക്കാരെയും ആവശ്യാനുസരണം ഒഴിവുള്ള തസ്തികകളിൽ നിയമിക്കുന്നില്ല? എന്തുകൊണ്ട് താത്കാലിക അധ്യാപകരേയും ജീവനക്കാരേയും സ്ഥിരപ്പെടുത്തി കുറവു നികത്തുന്നില്ല? വിദ്യാർത്ഥികളേയും മാതാപിതാക്കളേയും പിന്നാക്കം വലിക്കുന്ന കൊടിയ ദാരിദ്ര്യത്തിന് എന്തുകൊണ്ട് പരിഹാരമുണ്ടാകുന്നില്ല? എന്തുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് മന്ത്രിമാരും ഉദ്യോഗസ്ഥരും അടങ്ങുന്ന ഉന്നതതലങ്ങളിൽ കടുത്ത അഴിമതി നിലനിൽക്കുന്നു? കഴിവുകെട്ട ഭരണനിർവ്വഹണവും മറ്റ് തിന്മകളും എടുത്തു പറയേണ്ടതില്ല. ഇതൊന്നും പരാമർശിക്കാതെ എല്ലാം വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും ചുമലിൽ വെക്കുന്നു. ഇതൊക്കെ നയങ്ങൾ രൂപീകരിക്കുന്നവരുടെ ആത്മാർത്ഥമായ ലക്ഷ്യങ്ങളേയാണോ കാണിക്കുന്നത്?

### സ്വകാര്യവൽക്കരണം

സ്വകാര്യവൽക്കരണത്തെ സംബന്ധിച്ചും വൻതോതിലുള്ള സ്വകാര്യവൽക്കരണം സൃഷ്ടിച്ച അപകടകരമായ സ്ഥിതിയെ കുറിച്ചുമുള്ള തുറന്ന കുറ്റസമ്മതമുണ്ട്. എന്നാൽ നയത്തിൽ അതിനു മറുപടിയില്ല. ഇത് എന്തുകൊണ്ട് സംഭവിച്ചു? സർക്കാരുകളല്ലാതെ മറ്റാരാണ് ഇതിന് ഉത്തരവാദികൾ? മുൻ കോൺഗ്രസ് സർക്കാരല്ലാതെ മറ്റാരാണ്, വിദ്യാഭ്യാസം അനുപമമായ നിക്ഷേപം എന്ന മുദ്രാവാക്യമുയർത്തി, സ്വകാര്യവൽക്കരണത്തിന്റെ മലവെള്ളപ്പാച്ചിലിന് തുടക്കമിട്ടത്. വിവിധ വർണ്ണത്തിലുള്ള കൊടികൾ പിടിച്ചെങ്കിലും പിന്നീടു വന്ന സർക്കാരുകളെല്ലാം തന്നെ മൽസരബുദ്ധിയോടെ ഈ നയം തുടർന്നു. ഇനി ഇപ്പോഴത്തെ സർക്കാരിന് വ്യത്യസ്തതയും ആത്മാർത്ഥതയും ഉണ്ടെങ്കിൽ, എന്താണ് സ്വീകരിക്കേണ്ട പരിഹാരമാർഗ്ഗങ്ങൾ? ഫീസ് വർദ്ധനവുകൾ അടിയന്തരമായി പിൻവലിക്കുക, വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ക്യാപ്പിറ്റേഷൻ–കോഴ വിഷയത്തിൽ അടിയന്തര വിലക്കുകൾ കൊണ്ടുവരിക, ഒപ്പം വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ പരിധിയിൽ നിന്നും വിദ്യാഭ്യാസവും മറ്റ് സേവനമേഖലകളും പിൻവലിക്കുക.

### തോൽവിയില്ലാ നയം

ഒരു കുട്ടിയെ പോലും തോൽപ്പിക്കരുത് എന്നത് ഇന്ന് വിദ്യാഭ്യാസമേഖലയിൽ ഒരു പുകയുന്ന വിഷയമാണ്. ചില നിർദ്ദേശങ്ങൾ എന്ന രേഖ പറയുന്നു, കുട്ടികളെ തോൽപ്പിക്കാൻ പാടില്ല എന്ന നയത്തിന്റെ ചില ഭാഗങ്ങൾ ഭേദഗതി ചെയ്യും. കാരണം വിദ്യാർത്ഥികളുടെ അക്കാദമിക പ്രകടനത്തെ അത് ഗുരുതരമായി ബാധിച്ചിട്ടുണ്ട്. ഈ നയം അഞ്ചാം ക്ലാസു വരെയായി പരിമിതപ്പെടുത്തും. ഉയർന്ന ക്ലാസുകളിൽ ക്ലാസ്കയറ്റം പരീക്ഷാഫലം അനുസരിച്ചു തന്നെയാകും. അക്കാദമികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ സ്ക്കൂളുകളിൽ വച്ചു തന്നെ കണ്ടെത്തുകയും, അവർക്കു വേണ്ട പരിഹാര നടപടികൾ നടപ്പാക്കുകയും ചെയ്യും. ഇവിടെ ഉത്കണ്ഠയോടെ നമ്മൾ മനസ്സിലാക്കേണ്ട കാര്യം, കുട്ടികളെ പരീക്ഷയിൽ തോൽപ്പിക്കാൻ പാടില്ല എന്ന നയം, സ്ക്കൂൾ വിദ്യാഭ്യാസത്തിനു തന്നെ അപകടം വരുത്തിവെച്ചു. സർക്കാരുകൾ നിയോഗിച്ച സമിതികളും, ഭൂരിഭാഗം സംസ്ഥാനങ്ങളും ഈ വസ്തുത ശരിവെക്കുകയാണ്. നിഷ്കളങ്കഭാവത്തോടെ ഇത് അംഗീകരിക്കുന്ന കേന്ദ്രമാനവവിഭവശേഷി മന്ത്രാലയം, അർദ്ധമനസ്സോടെയുള്ള നടപടി മാത്രമാണ് എടുക്കുന്നത്. തീർച്ചയായും അത് ജനകീയസമ്മർദ്ദത്തെ തുടർന്നു മാത്രമാണ്. എന്നിട്ടും വിദ്യാഭ്യാസം ആരംഭിക്കുന്ന ഒന്നാം ക്ലാസ് മുതൽ ജയം–തോൽവി സമ്പ്രദായം അവതരിപ്പിക്കാൻ അവർ തയ്യാറാകുന്നില്ല. ഓൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ, ഓൾ ഇന്ത്യ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി എന്നീ സംഘടനകൾ എപ്പോഴും ആവശ്യപ്പെടുന്നതും ഇത് തന്നെയാണ്. ഇവിടെ രണ്ടു തരത്തിലുള്ള വിദ്യാർത്ഥികൾ സൃഷ്ടിക്കപ്പെടുന്നു. ഒന്ന്, സർക്കാർ സ്ക്കൂളുകളിൽ പഠിക്കുന്ന ദരിദ്രരായ കുട്ടികൾ. രണ്ട്, ഉയർന്ന ഫീസ് വാങ്ങുന്ന സ്വകാര്യ സ്ക്കൂളുകളിൽ നിന്നും, ശരിയായ വിലയിരുത്തൽ അടക്കമുള്ള മികച്ച ശിക്ഷണം നേടുന്ന, സമ്പന്ന വർഗ്ഗത്തിൽ നിന്നുള്ള കുട്ടികൾ. വിദ്യാർത്ഥി സമൂഹത്തിന്റെ പൊതുവിലുള്ള താത്പര്യത്തിനു വിരുദ്ധമായി, എന്നാൽ സ്വാതന്ത്ര്യാനന്തരം ഭരണാധികാരികളും നയരൂപകർത്താക്കളും ശ്രമിച്ചുകൊണ്ടിരുന്നതു പോലെ, ബഹുജനങ്ങൾക്ക് വിദ്യാഭ്യാസം ചുരുക്കുന്ന നയവുമായി ഇത് യോജിക്കുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ, ഒന്നല്ലെങ്കിൽ മറ്റൊരു പേരിൽ എല്ലാവരേയും ജയിപ്പിച്ചു വിടുന്ന ഈ നയം തുടരുക തന്നെ ചെയ്യും.

പരീക്ഷാ പരിഷ്കരണമെന്ന പേരിൽ, ഏറ്റവും അധികം തോൽവിയുണ്ടാകുന്ന കണക്ക്, ശാസ്ത്രം, ഇംഗ്ലീഷ് വിഷയങ്ങൾക്കുള്ള പത്താം ക്ലാസ് ബോർഡ് പരീക്ഷ, രണ്ട് തലമായി നടത്താൻ രേഖ നിർദ്ദേശിക്കുന്നു. എന്നാൽ, അക്കാദമികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുവാനുള്ള അടിസ്ഥാനസൗകര്യങ്ങളെയും അധ്യാപകരെയും കുറിച്ച് ഒരു വാക്കു പോലും പരാമർശിക്കുന്നുമില്ല. തീർച്ചയായും ഈ നടപടി രണ്ടു തരം വിദ്യാർത്ഥികളെ സൃഷ്ടിക്കും. സാധാരണ സ്ക്കൂളുകളിലെ ദുർബലമായ സൗകര്യങ്ങളിൽ ഇതുവരെ സർവരെയും ജയിപ്പിച്ചുവിടുന്ന നയത്തിനുകീഴിൽ പഠിച്ചു വന്നവരായ ആദ്യത്തെ വിഭാഗം, അതു

*(ശേഷം 8–ാം പേജിൽ)*

# ദേശീയ വിദ്യാഭ്യാസ നയം–2016:

(7–ാം പേജിൽ നിന്ന്)

കൊണ്ടുതന്നെ ഉന്നതവിദ്യാഭ്യാസത്തിനു പ്രാപ്തരാകാതെ പുറത്താകുന്നു. അവർ പിന്നീട് എന്തെങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലേക്കു തിരിഞ്ഞ്, തികച്ചും പ്രവചനാതീതമായ മത്സരം മുറ്റിയ തൊഴിൽ കമ്പോളത്തിലേക്ക് എടുത്തെറിയപ്പെടുന്നു. രണ്ടാമത്തെ വിഭാഗമാകട്ടെ, വിലയേറിയ സ്വകാര്യ സ്ക്കൂളുകളിൽ മികച്ച അധ്യയനവും പരിശീലനവും നേടി, രാജ്യത്തും വിദേശത്തുമുള്ള ഏറ്റവും മുന്തിയജോലികൾക്കായി പ്രാപ്തരാക്കപ്പെടുന്നു. ഈ ദുഃസ്ഥിതി ഒഴിവാക്കാൻ പുതിയ വിദ്യാഭ്യാസനയം എന്തെങ്കിലും ചെയ്യേണ്ടതല്ലേ? അതുപോലെ തന്നെ, സെമസ്റ്റർ/ചോയ്സ് ക്രെഡിറ്റ് ബേസ്ഡ് സംവിധാനങ്ങളിലൂടെ വിദ്യാഭ്യാസത്തെ വിഭജിച്ച് സമഗ്രമായ അറിവു നേടുന്നതിനുള്ള അവസരം നിഷേധിക്കുന്ന നടപടികൾ ഉടനെ അവസാനിപ്പിക്കണം. പൊതു പരീക്ഷയെ ദുർബലമാക്കുന്ന, അഴിമതിയും പക്ഷഭേദവും ഒക്കെ സൃഷ്ടിക്കുന്ന നയങ്ങളും പിൻവലിക്കണം.

### അധ്യയനഭാഷ

അധ്യയനത്തിനുള്ള ഭാഷാ മാധ്യമത്തെക്കുറിച്ച് രേഖ പറയുന്നു. എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും, അവർക്കു താത്പര്യമുണ്ടെങ്കിൽ അഞ്ചാം ക്ലാസു വരെയുള്ള സ്ക്കൂൾ വിദ്യാഭ്യാസത്തിന് അവരവരുടെ മാതൃഭാഷയോ അഥവാ പ്രാദേശികഭാഷയോ അധ്യയന ഭാഷയായി ഉപയോഗിക്കാവുന്നതാണ്. ഇവിടെ അഥവാ എന്നുപയോഗിച്ചിരിക്കുന്നത്, മാതൃഭാഷക്കു പകരം പ്രാദേശികഭാഷയെന്ന നിലയിൽ ഹിന്ദിക്ക് കടന്നു വരാനുള്ള അവസരം ഒരുക്കാനാണ്. ഇംഗ്ലീഷ് ഭാഷ പോലും പ്രായോഗികതലത്തിൽ ഒതുങ്ങും. അതിന്റെ സാഹിത്യമോ ഭാഷാപഠനവുമായി ബന്ധപ്പെട്ട മറ്റ് ഭാഗങ്ങളോ ഒഴിവാക്കപ്പെട്ട് പ്രാധാന്യം കുറച്ച് മാറ്റി നിർത്തപ്പെടും. ഇതിന് ഉപരിയായി രേഖയിൽ പരാമർശിക്കുന്നത്, ഇന്ത്യൻ ഭാഷകളുടെ വളർച്ചയിലും രാജ്യത്തിന്റെ സാംസ്കാരിക ഐക്യത്തിലും സംസ്കൃതത്തിനുള്ള പ്രത്യേകപങ്ക് പരിഗണിച്ചുകൊണ്ട് സ്ക്കൂൾ–യൂണിവേഴ്സിറ്റി തലങ്ങളിൽ സംസ്കൃതം പഠിപ്പിക്കുവാൻ കൂടുതൽ ഉദാരമായ ശ്രമം നടത്തേണ്ടതുണ്ട്. 2016 മേയിൽ മന്ത്രാലയം പുറത്തിറക്കിയ നിർദ്ദേശങ്ങൾ പ്രകാരം, ഐഐടികൾ അടക്കം ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ സംസ്കൃത പഠനത്തിനുള്ള സംസ്കൃതം സെല്ലുകൾ തുടങ്ങണമെന്നും, സംസ്കൃതഭാഷയും സാഹിത്യവുമുപയോഗിച്ച് ശാസ്ത്രവും സാങ്കേതികവിദ്യയും മറ്റ് ആധുനികവിഷയങ്ങളും പഠിക്കുവാൻ സാഹചര്യമൊരുക്കണമെന്നും പറയുന്നു. മറ്റൊരു മന്ത്രാലയരേഖ (സംസ്കൃതത്തിന്റെ വളർച്ചക്കുള്ള വീക്ഷണവും രൂപരേഖയും) അവകാശപ്പെടുന്നത്, ഗവേഷണത്തിന്റെയും കണ്ടുപിടിത്തങ്ങളുടേയും പശ്ചാത്തലത്തിൽ, സിദ്ധാന്തശിരോമണി, വൃക്ഷ ആയുർവേദം തുടങ്ങിയ നൂറു കണക്കിന് പദങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട് എന്നാണ്. ഇവിടെ വ്യക്തമാകുന്നത്, ഏതോ അജൻഡയുടെ ഭാഗമായി നമ്മുടെ വിദ്യാഭ്യാസത്തിന്റെ പല തലങ്ങളിലും സംസ്കൃതം അടിച്ചേൽപ്പിക്കാനുള്ള ശ്രമത്തിലാണ് കേന്ദ്രസർക്കാർ. ഇവിടെ ഭാവനാത്മകമായ മഹത്വം വൈദിക കാലഘട്ടത്തിനു കൽപ്പിക്കപ്പെടുന്നു. എന്തൊരു ഇരട്ടത്താപ്പാണിത്. ഒരു വശത്ത് നൈപുണ്യവികസനത്തിനായി ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങൾ ആഗോള കാഴ്ച്ചപ്പാടോടെ ഒരു വിഭാഗത്തിനും, തൊഴിൽ പരിശീലനമായി ബഹുജനങ്ങൾക്കും ലഭിക്കുവാനുള്ള പഠനപ്രക്രിയക്കായി അവർ വാദിക്കുന്നു. മറുവശത്ത്, ശാസ്ത്രത്തിന്റെ പേരിൽ എന്തൊക്കെയോ സംസ്കൃതത്തിൽ പഠിപ്പിക്കുവാൻ പ്രോൽസാഹിപ്പിക്കുന്നു. അതാകട്ടെ, പരീക്ഷണ–നിരീക്ഷണങ്ങളിൽ അടിയുറച്ച ആധുനികശാസ്ത്രത്തിൽനിന്നും എത്രയോ വിദൂരതയിലുള്ള കാര്യങ്ങൾ. ഒരിക്കലും തമ്മിൽ ചേരാത്ത ഈ രണ്ടു കാര്യങ്ങളും നമ്മുടെ വിദ്യാഭ്യാസത്തെ എങ്ങോട്ടു നയിക്കും? മാനവവിഭവശേഷി മന്ത്രാലയം ഇതിന് ഉത്തരം പറഞ്ഞേ തീരൂ.

### സ്വയംഭരണത്തിനു മേലുള്ള ഉദ്യോഗസ്ഥ കടിഞ്ഞാൺ

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നിവയെയൊക്കെ അഴിച്ചുപണിയാനും വിദ്യാഭ്യാസത്തിന്റെ ഭരണനിർവ്വഹണത്തെ നിർണ്ണയിക്കാനുമുള്ള ശുപാർശകളും രേഖ നിർദ്ദേശിക്കുന്നു. വിദ്യാഭ്യാസ വകുപ്പുകൾ, സ്ക്കൂളുകൾ, സർവ്വകലാശാലകൾ, അക്കാദമിക് ജീവനക്കാരുടെ നിയമനം, പരിശീലനം തുടങ്ങിയവയുടെയെല്ലാം നിർവ്വഹണത്തിലും നിരീക്ഷണത്തിലുമെല്ലാമുള്ള മാറ്റം ഇതിൽ ഉൾപ്പെടുന്നു. ഇതെല്ലാം തന്നെ കേന്ദ്രീകൃതമായ ഉദ്യോഗസ്ഥ ഭരണത്തിലേക്കും, തങ്ങളുടെ അജണ്ട, അത് എന്തു തന്നെയായാലും സുഗമമായി നടപ്പാക്കിയെടുക്കാനുള്ള നിയന്ത്രണം വിദ്യാഭ്യാസസംവിധാനത്തിനു മേൽ നേടിയെടുക്കുന്നതിലേക്കും നയിക്കും. അതു സ്വയംഭരണം എന്ന ചോദ്യം തന്നെ അപ്രസക്തമാക്കും. പകരം സ്ഥാപനങ്ങളുടെ നിർബന്ധിത അക്രഡിറ്റേഷൻ നയം അവസാനിപ്പിക്കുവാനുള്ള നടപടിയെടുക്കുകയാണത്രെ വേണ്ടത്. ഇതാകട്ടെ കച്ചവടവൽക്കരണത്തെ പ്രോൽസാഹിപ്പിച്ച്, യുജിസി സഹായങ്ങൾക്കുള്ള മാനദണ്ഡമായി അക്രഡിറ്റേഷനെ മാറ്റുന്നതിനാണ്. കൂടാതെ ഘടനാപരമായ മാറ്റങ്ങളിലൂടെ വിദ്യാഭ്യാസത്തിന്റെ ഏകാധിപത്യപരമായ കേന്ദ്രീകരണം, സ്വകാര്യ സർവ്വകലാശാല ബിൽ, വിദേശ സർവ്വകലാശാല ബിൽ, വിദ്യാഭ്യാസ ട്രൈബ്യൂണൽ ബിൽ, കേന്ദ്ര സർവ്വകലാശാല ബിൽ തുടങ്ങിയവയൊക്കെ നിയമപരമാക്കാനുള്ള ശ്രമങ്ങൾ അവസാനിപ്പിക്കണം. അക്കാദമിക് സമൂഹത്തിന്റെ സ്വാതന്ത്ര്യം, ജനാധിപത്യ അവകാശങ്ങൾ, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും ജനാധിപത്യ അവകാശങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യം എന്നിവയിലൊക്കെ കടന്നു കയറുന്നതും നിയന്ത്രണമേർപ്പെടുത്തുന്നതുമായ നയങ്ങളും അവസാനിപ്പിക്കണം.

### വിദേശ സർവ്വകലാശാലകൾ

ചില നിർദ്ദേശങ്ങൾ രേഖ പറയുന്നു, ലോകത്തെ മികച്ച 200 സർവ്വകലാശാലകളിൽ തെരഞ്ഞെടുക്കപ്പെടുന്നവയ്ക്ക്, ഇന്ത്യൻ സർവ്വകലാശാലകളുമായുള്ള സഹകരണത്തിലൂടെ തങ്ങളുടെ സാന്നിദ്ധ്യം രാജ്യത്ത് കൊണ്ടുവരുന്നതിനെ പ്രോൽസാഹിപ്പിക്കും. വേണ്ടി വന്നാൽ, ആവശ്യമായ നിയമനിർമ്മാണത്തിനുള്ള നടപടികളും കൈക്കൊള്ളും. ഒരു വിദേശ സർവകലാശാലക്ക്, ഇന്ത്യയിലും അവരുടെ രാജ്യത്തും സാധുതയുള്ള ഡിഗ്രികൾ, ഇന്ത്യയിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനുള്ള തരത്തിൽ ചട്ടങ്ങൾ രൂപീകരിക്കും.

ആഗോളവൽക്കരണത്തിന്റേയും ഗാട്സിന്റേയും ഇന്നത്തെ സാഹചര്യത്തിൽ, വിദ്യാഭ്യാസത്തെ ഒരു ആഗോള കച്ചവടമായാണ് കാണുന്നത്. അപ്പോൾ വിദേശ സ്ഥാപനങ്ങളുടെ ഇന്ത്യൻ ക്യാംപസുകൾ, അത് പരമ്പരാഗതമായി എത്ര പേരുകേട്ടതായാലും ശരി, അവയെ പണമുണ്ടാക്കുന്ന വ്യവസായ കേന്ദ്രങ്ങൾ,– തങ്ങളുടെ പേരിന്റെ വിലയനുസരിച്ച് വില നിർണ്ണയിക്കുന്ന സ്ഥാപനങ്ങൾ, ആയി മാത്രമേ കണക്കാക്കാൻ പറ്റൂ. ഇപ്പോൾ തന്നെ ലോകത്തിന്റെ പല ഭാഗത്തുമുള്ള പേരുകേട്ട സ്ഥാപനങ്ങൾ പോലും തങ്ങളുടെ നിലവാരം തകരാതിരിക്കാൻ പെടാപ്പാട് പെടുകയാണ്. നമ്മുടേതടക്കം എല്ലാ രാജ്യങ്ങളിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് നല്ല അധ്യാപകരുടെ വമ്പിച്ച കുറവാണ് അനുഭവപ്പെടുന്നത്. ഇവിടെ, ഗാട്സ് നിർദ്ദേശങ്ങളിൽ പറഞ്ഞതുപോലെ, ഉയർന്ന കൂലി കൊടുത്ത് അക്കഡമിക്കുകളെ വെറുതേ നിയമിക്കുന്നതുകൊണ്ടു മാത്രം ഈ പ്രശ്നങ്ങൾക്കു പരിഹാരമാകുമോ? തങ്ങളുടെ പഠനപരിപാടികളുമായി ബന്ധപ്പെട്ട വിവിധ വശങ്ങളിലോ, അധ്യാപക–അനധ്യാപക ജീവനക്കാരുടെ സേവനവ്യവസ്ഥകളിലോ വിഷയ സ്വീകരണത്തിലോ നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസത്തിന്റെ ആവശ്യങ്ങൾക്കു മുൻഗണന കൊടുക്കുന്നതിലോ ഈ വിദേശ സർവ്വകലാശാലകൾ താത്പര്യം കാണിക്കുമോ? ഇല്ല എന്നു തന്നെ പ്രതീക്ഷിക്കണം. രാജ്യത്തിന്റെ ആവശ്യങ്ങൾ അവർക്കു രണ്ടാമതായേ വരൂ. അവരുടെ പ്രധാനലക്ഷ്യം കച്ചവടം തന്നെയായിരിക്കും. ഇപ്പോൾത്തന്നെ വ്യാപകമായ, വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണ– ഉദാരവൽക്കരണ നടപടികൾക്ക് ഇത് ആക്കം കൂട്ടുകയേ ഉള്ളൂ.

### പുതിയ കുപ്പിയിലെ പഴയ വീഞ്ഞ്

ആകെത്തുകയിലും കാമ്പിലും ഇപ്പോഴത്തെ വിദ്യാഭ്യാസ നയസമീപനരേഖയും നേരത്തേയുണ്ടായിട്ടുള്ള സമാന പരിശ്രമങ്ങളും തമ്മിൽ വലിയ വ്യത്യാസങ്ങളൊന്നും കാണാനില്ല – അത് 1986ലെ വിദ്യാഭ്യാസ നയമാകട്ടെ , യശ്പാൽ കമ്മിറ്റി റിപ്പോർട്ടാകട്ടെ. വിദ്യാർത്ഥികളെ രണ്ടുതരക്കാരായി കാണുന്നതിലും (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും, ഉന്നതമായ സാമ്പത്തിക പിന്തുണയുള്ളവരും), സാധാരണക്കാർക്ക് ഉന്നതവിദ്യാഭ്യാസം നിഷേധിക്കുന്നതിലും, സ്വകാര്യവൽക്കരണത്തിലും, ഉദ്യോഗസ്ഥ അധികാരങ്ങളുടെ കേന്ദ്രീകരണത്തിലും, എതിർക്കുന്നവരുടെയും അംഗീകരിക്കാത്തവരുടെയും സ്വരം അടിച്ചമർത്തുന്നതിലും ഒന്നും തന്നെ പഴയ നയങ്ങളിൽ നിന്നും പുതിയ കരട് നയവും വ്യത്യസ്ഥമാകുന്നില്ല. ഒന്നുകൂടി കടുത്ത കേന്ദ്രീകരണസമീപനമാണിതിനുള്ളത്. എന്നാൽ കൂടുതൽ അപകടകരമായത് മറ്റൊന്നാണ്.

### അപകടസൂചന

ആമുഖത്തിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു: ചരകൻ, സുശ്രുതൻ, ആര്യഭട്ടൻ, ഭാസ്കരാചാര്യർ, ചാണക്യൻ, പതഞ്ജലി, വാത്സ്യായൻ തുടങ്ങി നിരവധിയായ ഇന്ത്യൻ പണ്ഡിതർ, ഗണിതം, ജ്യോതിശാസ്ത്രം, വൈദ്യം, ശസ്ത്രക്രിയ, കല, ഉത്പാദന സാങ്കേതികവിദ്യകൾ, വാസ്തുശാസ്ത്രം, കപ്പൽ നിർമ്മാണവും സമുദ്രയാത്രയും, കായികമേഖല അടക്കമുള്ള വൈവിധ്യമാർന്ന മേഖലകളിൽ ലോകത്തെ വിജ്ഞാനശേഖരത്തിലേക്ക് നിർണ്ണായകമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സ്വാതന്ത്ര്യസമരകാലത്ത്, ഗോഖലേ, റാം മോഹൻ റോയി, പണ്ഡിറ്റ് മദൻമോഹൻ മാളവ്യ, ഗാന്ധിജി എന്നീ നേതാക്കൾ, ഇന്ത്യയിലെ ജനങ്ങൾക്ക് മികച്ച വിദ്യാഭ്യാസം കിട്ടുന്നതിനായി പ്രവർത്തിച്ചു.

ഇവിടെ ഈ പട്ടിക വളരെ ശ്രദ്ധേയമാകുന്നത് ഇന്ത്യ ജന്മം നൽകിയ മുൻനിര ശാസ്ത്രജ്ഞരായ ജഗദീഷ്ചന്ദ്ര ബോസ്, സി.വി.രാമൻ, മേഘനാഥ് സാഹ, എസ്.എൻ.ബോസ്, പി.സി. റോയി അങ്ങനെ ആധുനികശാസ്ത്രത്തിനും മനുഷ്യവിജ്ഞാനത്തിനും നിസ്തുലസംഭാവനകൾ നൽകിയ നിരവധിയായവരുടെ പേരുകളുടെ അഭാവം കൊണ്ടാണ്. സ്വാതന്ത്ര്യസമര കാലത്ത് വിദ്യാഭ്യാസവ്യാപന പ്രവർത്തനം നടത്തിയ തലയെടുപ്പുള്ള നാലു പേരുകൾ ഇതിൽ പറയുന്നു. (സ്വാതന്ത്ര്യസമരം റാംമോഹൻ റോയിയുടെ കാലത്ത് ആയിരുന്നില്ല താനും) ഇവരുടെ സംഭാവനകൾ വിസ്മരിക്കുകയല്ല. പക്ഷേ പട്ടികയിൽ ഈശ്വർചന്ദ്ര വിദ്യാസാഗർ എന്ന, ശാസ്ത്രീയ–മതേതര വിദ്യാഭ്യാസത്തിനായി, പലപ്പോഴും ഒറ്റയ്ക്കു പോലും, അടിയുറച്ചു നിലകൊണ്ട ഏറ്റവും സമുന്നതനായ വിദ്യാഭ്യാസവിചക്ഷണനെ സൗകര്യപൂർവ്വം ഒഴിവാക്കി. ഈ ഒഴിവാക്കലുകൾകൊണ്ട് ഉദ്ദേശിക്കുന്നത് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതേയുള്ളൂ. പിന്നണിയിൽ നടക്കുന്ന നീക്കങ്ങളാണ് പ്രധാനം. നേരത്തെ പരാമർശിച്ചതുപോലെ, ദേശീയ നയം രൂപീകരിക്കുന്ന പ്രക്രിയ നടക്കുമ്പോൾ തന്നെ, ആർഎസ്എസ് പരസ്യമായി പ്രഖ്യാപിച്ചിരുന്നു, അവർ അവരുടെ വീക്ഷണങ്ങൾ സമർപ്പിക്കുമെന്നും അവ നടപ്പാക്കിയെടുക്കുമെന്നും. ആർഎസ്എസ് അനുബന്ധ സംഘടനകളാകട്ടെ, ഹൈന്ദവ ചിന്തകൾ അടിസ്ഥാനമാക്കി വിദ്യാഭ്യാസസമ്പ്രദായം അടിമുടി അഴിച്ചുപണിയണമെന്നുതന്നെ പരസ്യമായി ആവശ്യപ്പെട്ടിരുന്നു. ഇന്ത്യയുടെ പഴയകാലമഹിമയുടെ പേരുപറഞ്ഞ് വീണ്ടും വീണ്ടും ആർഎസ്എസ്–ബിജെപി നേതാക്കൾ, തങ്ങളുടെ ഹിന്ദുത്വവാദി അജൻഡയുടെ കാഹളമാണ് ഉയർത്തുന്നത്. ഇത് വ്യക്തമായും ആധുനിക ശാസ്ത്രീയ വിദ്യാഭ്യാസത്തെ വിദേശിയെന്നു മുദ്രകുത്തി തള്ളിക്കളയുകയാണ്. (പക്ഷേ സർക്കാരാകട്ടെ കച്ചവടത്തിനായി വിദേശസർവ്വകലാശാലകൾക്ക് ചുവപ്പു പരവതാനി വിരിക്കുന്നു) ഇവർ തികച്ചും അശാസ്ത്രീയമായ, പിന്തിരിപ്പനായ ആശയങ്ങളാണ് ശാസ്ത്രത്തിന്റെ പേരിൽ സ്വീകരിക്കുന്നത്. സംസ്കൃതത്തിനായുള്ള അവരുടെ പ്രചാരണവും, സർവ്വകലാശാലാ കരിക്കുലത്തിൽപോലും ഗീതയും രാമായണവും പോലെയുള്ള ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തണമെന്ന് വാദിക്കുന്നതും അവരുടെ ലക്ഷ്യം വ്യക്തമാക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കരട് നയത്തിൽ ആധുനിക ശാസ്ത്രീയ വിദ്യാഭ്യാസം ഔദ്യോഗികമായി സമ്പൂർണ്ണമായി തമസ്കരിക്കപ്പെടുമ്പോൾ അത് ഭയാനകമായ സൂചനകൾതന്നെയാണ് സംശയലേശമന്യേ നൽകുന്നത്.

മതേതര–ശാസ്ത്രീയ വിദ്യാഭ്യാസത്തെ ഇങ്ങനെ തുറന്നടിച്ച് ഇല്ലാതാക്കുന്നത്, രാജ്യത്തെ സാമൂഹ്യ–സാംസ്കാരിക അന്തരീക്ഷത്തിൽ കടുത്ത വിപരീതഫലങ്ങളാണ് ഉളവാക്കുക. അന്ധമായ വിധേയത്വം, പിന്തിരിപ്പൻ മനോഭാവം, മതഭ്രാന്ത്, എല്ലാതരത്തിലുമുള്ള അസഹിഷ്ണുതയോടു കൂടിയ യുക്തിരാഹിത്യം, എല്ലാം പ്രോൽസാഹിപ്പിക്കപ്പെടും. മതേതരവും ശാസ്ത്രീയവുമായ വിദ്യാഭ്യാസത്തിന്റെ വിനാശമെന്നാൽ, യുക്തിചിന്ത, ജീവൽ പ്രശ്നങ്ങളെ ശരിയായി വിലയിരുത്താനുള്ള ശക്തി എന്നിവ കൈമോശം വരിക എന്നാണ് അർത്ഥം. തന്നെയുമല്ല, വരുംകാലത്ത് മനുഷ്യന്റെ ചിന്താശേഷിയെ തന്നെ നശിപ്പിച്ച്, ജനങ്ങളുടെ സാംസ്കാരിക–നൈതിക നട്ടെല്ലുതന്നെ തകർക്കുന്ന ഈ മനോഭാവമാണ് രാജ്യത്ത് ഫാസിസം നടപ്പാക്കാൻ സഹായിക്കുക.

അപ്പോൾ ജനങ്ങൾ മാനവവിഭവശേഷി വകുപ്പിനോട്, വിശിഷ്യാ ബിജെപി സർക്കാരിനോട് ആവശ്യപ്പെടേണ്ടത്, വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും, അക്കാദമിക്ക് കരിക്കുലത്തിൽ, സിലബസിൽ, പാഠഭാഗങ്ങളിലും പാഠപുസ്തകങ്ങളിലും, സ്ഥാപനങ്ങളുടെ നടത്തിപ്പിൽ അങ്ങനെ എല്ലാത്തിലും മതേതര–ശാസ്ത്രീയ–ജനാധിപത്യ മനോഭാവം കണിശമായും പുലർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യണമെന്നാണ്. ഏതു തരത്തിലുമുള്ള വർഗ്ഗീയസമീപനം ഒഴിവാക്കണം. ചരിത്രത്തിന്റെ വികലമായ വീക്ഷണം, അശാസ്ത്രീയമായ പിന്തിരിപ്പൻ ചിന്തകൾ തുടങ്ങിയവയ്ക്ക് വിദ്യാഭ്യാസനയം വഴിയൊരുക്കുന്നത് ഒഴിവാക്കണം. അടിസ്ഥാന ശാസ്ത്ര–മാനവിക വിഷയങ്ങൾ, സാഹിത്യം എന്നിവക്ക് മതിയായ പ്രാധാന്യം നൽകണം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം തന്നെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള, പഠനത്തിലും അധ്യാപനത്തിലും ഉപരിപ്ലവമായ പ്രായോഗികസമീപനം അല്ലെങ്കിൽ 'ശിശുകേന്ദ്രീകൃത സമീപനം' നിർത്തണം. അപ്പോൾ മാത്രമേ, നമ്മുടെ രാഷ്ട്രനിർമ്മാതാക്കൾ വിഭാവനം ചെയ്തതുപോലെ, സമഗ്രമായി, മനുഷ്യനെ സൃഷ്ടിക്കുന്ന, സ്വഭാവം നിർണ്ണയിക്കുന്ന വിദ്യാഭ്യാസം സൗജന്യമായി നേടിയെടുക്കാനാകൂ. ഇല്ലെങ്കിൽ ഈ കരട് രേഖ, രാജ്യത്തെ മതേതര–ശാസ്ത്രീയ–ആധുനിക വിദ്യാഭ്യാസത്തെ നശിപ്പിച്ചതിനുള്ള നാഴികക്കല്ലായി മാത്രം നിലനിൽക്കും.

മാനവവിഭവശേഷി മന്ത്രാലയം ഈ വസ്തുതകൾ കണക്കിലെടുക്കുകയും, അന്തിമനയം രൂപീകരിക്കുന്നതിനുമുമ്പ് മതിയായ തിരുത്തലുകളും ഭേദഗതികളും വരുത്തുകയും ചെയ്യേണ്ടതുണ്ട്. രാജ്യത്തെ ജനങ്ങളാകട്ടെ, ഈ പറയുന്ന കരട് ദേശീയ വിദ്യാഭ്യാസ നയം 2016 മുന്നോട്ടുവയ്ക്കുന്ന ആപൽസൂചനകളെക്കുറിച്ച് അവബോധം നേടുകയും, വിനാശകരമായ ഈ നയം നടപ്പിലാക്കുന്നതിനെതിരെ കരുത്തുറ്റ വിദ്യാഭ്യാസ പ്രക്ഷോഭത്തിൽ സ്വയം സംഘടിച്ച് അണിചേരുകയും വേണം. ○

# റെയിൽവേ അപകട പരമ്പര: പ്രതിക്കൂട്ടിൽ സർക്കാർ തന്നെ

**ക**റുകുറ്റിയിൽ തിരുവനന്തപുരം-മംഗലാപുരം എക്സ്പ്രസ്സും കരുനാഗപ്പള്ളിയിൽ ചരക്കുവണ്ടിയും പാളം തെറ്റി മറിഞ്ഞ സംഭവം ഞെട്ടലോടെയാണ് കേരള ജനത കണ്ടത്. പെരുമൺ ദുരന്തത്തിന് ശേഷം ആളപായമുണ്ടാകും വിധമുള്ള വലിയ അപകടങ്ങൾ കേരളത്തിലുണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ട്രെയിൻ യാത്ര താരതമ്യേന സുരക്ഷിതയാത്രയാണ് എന്ന വിശ്വാസത്തിലാണ് ജനങ്ങൾ ട്രെയിനിനെ ആശ്രയിച്ചുവരുന്നത്. എന്നാൽ കുറേകാലമായി നടക്കുന്ന അപകടപരമ്പരകൾ ആ വിശ്വാസത്തിന്മേൽ കരിനിഴൽ വീഴ്ത്തിയിരിക്കുന്നു. കറുകുറ്റി അപകടത്തിൽ തിരുവനന്തപുരം-മംഗലാപുരം എക്സ്പ്രസ്സിന്റെ 12 ബോഗികളാണ് പാളം തെറ്റിയത്. കറുകുറ്റി അപകടം നടന്ന് രണ്ടാഴ്ചയ്ക്കുള്ളിൽ ആഗസ്റ്റ് 28 ന് എറണാകുളം-തൃശ്ശൂർ പാതയിൽ വിള്ളൽ കണ്ടെത്തുകയുണ്ടായി. വിള്ളൽ കീമാന്റെ ശ്രദ്ധയിൽ പെട്ടതുകൊണ്ടുമാത്രമാണ് വലിയ അപകടം ഒഴിവായത്. കൊല്ലം മാരിത്തോട്ടത്തിൽ പാതിരാത്രിയിലാണ് ചരക്ക് വണ്ടി പാളം തെറ്റി മറിഞ്ഞത്. പാളത്തിന് സമീപം താമസിച്ചിരുന്ന പാവപ്പെട്ട മനുഷ്യരുടെ ജീവനുകളാണ് തലനാരിഴയ്ക്ക് രക്ഷപെട്ടത്.

ട്രെയിൻ അപകടങ്ങൾ നിരന്തരമുണ്ടാകുമ്പോഴും കേന്ദ്ര സർക്കാരും റെയിൽവേയും കുറ്റകരമായ നിസംഗതയാണ് തുടരുന്നത്. കേരളത്തിൽ രണ്ട് റെയിൽവേ ഡിവിഷനുകളാണ് ഉള്ളത്. തിരുവനന്തപുരം ഡിവിഷനും മാംഗ്ലൂർ-പനമ്പൂർ ഡിവിഷനും. 200 യാത്രാ ട്രെയിനും 80 ചരക്കുവണ്ടികളുമാണ് കേരളത്തിൽ നിത്യേന ഓടുന്നത്. എന്നാൽ, ഇത്രയും ട്രെയിനുകൾക്ക് അപകട രഹിതമായി സഞ്ചരിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിൽ റെയിൽവേ അക്ഷന്തവ്യമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്.

1853-ൽ ഇന്ത്യൻ റെയിൽവേ ബോംബെയിൽ നിന്ന് താനെ വരെ ആരംഭിക്കുമ്പോൾ വെറും 52 കി.മീ. മാത്രമായിരുന്നു ആകെ സഞ്ചാരം. എന്നാൽ ഇന്നത് 1,15000 കിലോമീറ്റർ ദൂരമായി വർദ്ധിച്ചിരിക്കുന്നു. ബോംബെ മുതൽ താനെ വരെ സഞ്ചരിക്കുമ്പോൾ ആകെ മൂന്ന് സ്റ്റേഷനുകളാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ സ്റ്റേഷനുകളുടെ എണ്ണം 7112 ആണ്. ലക്ഷക്കണക്കിന് കോടി രൂപയുടെ ആസ്തിയുള്ള ഒരു പൊതുമേഖലാ സ്ഥാപനമായി ഇന്ത്യൻ റെയിൽവേയെ മാറ്റിയെടുക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുള്ളത് ഈ സ്ഥാപനത്തിലെ ലക്ഷക്കണക്കിന് തൊഴിലാളികളുടെ അദ്ധ്വാനമാണ്. എന്നാൽ കുത്തകാനുകൂല ആഗോളവൽക്കരണ നയങ്ങൾ ഇന്ത്യൻ റെയിൽവേയെ നാശോന്മുഖമാക്കുന്നതിൽ വിജയം വരിച്ചിരിക്കുന്നു. തൊണ്ണൂറുകളുടെ തുടക്കത്തിൽ 17 ലക്ഷം തൊഴിലാളികൾ ഇന്ത്യൻ റെയിൽവേയിൽ ഉണ്ടായിരുന്നുവെങ്കിൽ ഇന്നത് 13 ലക്ഷമായി കുറഞ്ഞിരിക്കുന്നു. 4 ലക്ഷം ജീവനക്കാരുടെ കുറവ് റെയിൽവേയുടെ അടിസ്ഥാന പ്രവർത്തനങ്ങളെപ്പോലും തകരാറിലാക്കിയിരിക്കുന്നു എന്നതിൽ സംശയമില്ല. തിരുവനന്തപുരം ഡിവിഷനിൽ 1254 ജീവനക്കാരുടെ കുറവാണുള്ളത്. പാലക്കാടാവട്ടെ 1037 ഉം. രണ്ട് ഡിവിഷനുകളിലുമായി 59 ലോക്കോ പൈലറ്റുമാരുടെ കുറവാണുള്ളത്. ഇതുമൂലം 24 മണിക്കൂർ വരെ ട്രെയിൻ ഓടിക്കുവാൻ ലോക്കോ പൈലറ്റുമാർ നിർബ്ബന്ധിതമാകുന്നു. യാത്രക്കാരുടെ സുരക്ഷിതത്വവുമായി ലോക്കോ പൈലറ്റുമാരുടെ മാനസികവും ശാരീരികവുമായ ആരോഗ്യം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുകയാണെന്നുപോലും റെയിൽവേ പരിഗണിക്കുന്നില്ല. 8 മണിക്കൂർ ജോലിയെന്ന അവകാശം റെയിൽവേ ജീവനക്കാർക്ക് അപ്രാപ്യമായിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന അപകടപരമ്പരകൾ ഇല്ലാതാകണമെങ്കിൽ റെയിൽവേ ഒന്നാമതായി ചെയ്യേണ്ടത് ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്തുകയെന്നതാണ്.

തിരുവനന്തപുരം-ഷൊർണൂർ പാതയിൽ മാത്രം മാറ്റേണ്ട പാളങ്ങൾ 202 ആണ്. ഇതിൽ മുപ്പതോളം സ്ഥലങ്ങളിൽ വേഗത മുപ്പത് കിലോമീറ്ററായി കുറയ്ക്കുവാനാണ് റെയിൽവേ അധികൃതർ ലോക്കോ പൈലറ്റുമാർക്ക് നൽകിയിരിക്കുന്ന നിർദ്ദേശം. കറുകുറ്റിയിൽ അപകടമുണ്ടാക്കിയ പാളം മാറ്റുവാൻ എഞ്ചിനീയറിംഗ് വിഭാഗം ഡിവിഷൻ അധികാരികളോട് മാസങ്ങൾ മുമ്പ് തന്നെ അനുമതി തേടിയിരുന്നതാണ്. എന്നാൽ പല കാരണങ്ങൾ പറഞ്ഞ് അധികൃതർ അനുമതി നിഷേധിച്ചു. യാത്രക്കാരുടെ ജീവന് എന്തെങ്കിലും വില കൽപ്പിക്കുന്നുണ്ടെങ്കിൽ പഴയ പാളങ്ങൾ മാറ്റി പുതിയ പാളങ്ങൾ സ്ഥാപിക്കുവാൻ റെയിൽവേ അധികൃതർ തയ്യാറാകണം.

രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയിൽവേ, പലവിധ പരിമിതികളുണ്ടെങ്കിലും ഇന്നും ജനമനസ്സുകളിൽ സേവനത്തിന്റെ മാതൃകയാണ്. ആ സ്ഥാനം ഇല്ലാതാക്കിക്കൊണ്ട് സ്വകാര്യവൽക്കരണമാണ് നല്ലത് എന്ന് ജനങ്ങളെക്കൊണ്ട് ചിന്തിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളാണ് കേന്ദ്ര സർക്കാരുകൾ കുറേക്കാലമായി അനുവർത്തിക്കുന്നത്. മോദി സർക്കാർ അധികാരത്തിലെത്തി അധികം കഴിയുംമുമ്പ് തന്നെ പ്രഖ്യാപിച്ചത് റെയിൽവേ സ്റ്റേഷനുകൾ സ്വകാര്യ മുതലാളിമാർക്ക് കൈമാറുമെന്നാണ്. ഇപ്പോൾതന്നെ റെയിൽവേ സ്റ്റേഷനുകളിലെ ടിക്കറ്റ് കൗണ്ടറുകൾക്ക് സമാന്തരമായി സ്വകാര്യകമ്പനികൾക്ക് ജനറൽ ടിക്കറ്റുകൾ വിൽക്കുവാനുള്ള അവകാശം കൊടുത്തിരിക്കുന്നു. ടിക്കറ്റ് നിരക്കുകൾ അടിക്കടി വർദ്ധിപ്പിച്ചുകൊണ്ടുള്ള കൊള്ളയടിയും സ്വകാര്യവൽക്കരണ അജണ്ടയുടെ ഭാഗമാണ്. രാജധാനി, ജനശതാബ്ദി, തുരന്തോ എക്സ്പ്രസ് തുടങ്ങിയ ട്രെയിനുകളുടെ ടിക്കറ്റ് നിരക്കിൽ കുറഞ്ഞത് 50 ശതമാനം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. റെയിൽ ബജറ്റ് പൊതുബജറ്റിൽ ലയിപ്പിക്കണമെന്ന 'നീതി ആയോഗ്' അംഗം ബിബേക് ദേബ്റോയിയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ വിദഗ്ദ്ധസമിതി ശുപാർശ കേന്ദ്രമന്ത്രിസഭ അംഗീകരിച്ചതും റെയിൽവേയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടും. 1924 ൽ ബ്രിട്ടീഷുകാർ ആരംഭിച്ച റെയിൽവേ ബജറ്റ് സമ്പ്രദായം നിർത്തലാക്കുന്നതിലൂടെ റെയിൽവേയ്ക്ക് ഇക്കാലമത്രയും ഉണ്ടായിരുന്ന പ്രത്യേക പദവിയും പരിരക്ഷകളും ഇല്ലാതാകും. രാജ്യത്തെ പല പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നുമാത്രമായി ഇന്ത്യൻ റയിൽവേ മാറും. പാർലമെന്റിൽ ചർച്ചയ്ക്ക്പോലും വയ്ക്കാതെയാണ് ഈ തീരുമാനം മോദി മന്ത്രിസഭ കൈക്കൊണ്ടതെന്നതിലൂടെ ഈ സർക്കാരിന്റെ ജനാധിപത്യ വിരുദ്ധ മുഖമാണ് വീണ്ടും വെളിപ്പെടുന്നത്.

വർഷാവർഷമുള്ള റെയിൽവേ ബജറ്റ് അവതരണത്തിലൂടെ റെയിൽവേയുടെ സ്വത്തിനെക്കുറിച്ചും അതിന്റെ ഉപയോഗത്തെ സംബന്ധിച്ചുമുള്ള സൂക്ഷ്മമായ ചർച്ചകൾ പാർലമെന്റിൽ നടക്കുന്നതിന് ഇടവരുത്തിയിരുന്നു. അതില്ലാതാകുന്നതോടുകൂടി റെയിൽവേയെ സ്വകാര്യവൽക്കരിക്കുക എന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പാക്കുവാൻ കൂടുതൽ സാദ്ധ്യതയാണ് ഉണ്ടാകുക. ചരക്ക് ഗതാഗതവും ജനങ്ങളുടെ യാത്രയും താരതമ്യേന കുറഞ്ഞ ചിലവിൽ നടത്തുവാൻ സാധിക്കുന്നത് ഇന്ത്യൻ റയിൽവേ പൊതുമേഖലാ സ്ഥാപനമായതുകൊണ്ടുമാത്രമാണ്. ജനങ്ങളുടെ അദ്ധ്വാനം കൊണ്ട് പടുത്തുയർത്തിയ ഇന്ത്യൻ റയിൽവേയെ സ്വകാര്യ കുത്തകകൾക്ക് തീറെഴുതുവാനുള്ള ഏതൊരു നീക്കവും ചെറുത്ത് തോൽപ്പിക്കപ്പെടണം. ഇന്ത്യൻ റെയിൽവേയെ സംരക്ഷിക്കുവാൻ പാസഞ്ചേഴ്സ് അസോസിയേഷനുകൾ രൂപീകരിച്ച് ബഹുജനങ്ങൾ പ്രക്ഷോഭരംഗത്ത് അണിനിരക്കണം. ○

# എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ റെയിൽവേ സ്റ്റേഷൻ മാർച്ച്

**കാ**ലഹരണപ്പെട്ട റെയിൽപ്പാളങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ മാറ്റി പുതിയവ സ്ഥാപിക്കുക, ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്തുക, റെയിൽവേ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എഐഡിവൈഒ വിവിധ ജില്ലകളിൽ റെയിൽവേ സ്റ്റേഷനുകൾക്കു മുന്നിൽ പ്രക്ഷോഭം സംഘടിപ്പിച്ചു. ആലപ്പുഴ റെയിൽവേ സ്റ്റേഷനിലേയ്ക്ക് നടത്തിയ മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് എൻ.ആർ.അജയകുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി ടി.ആർ.രാജിമോൾ, എസ്‌യുസിഐ (സി) ആലപ്പുഴ ടൗൺ ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് എം.എ. ബിന്ദു, എഐഡിവൈഒ ജില്ലാ വൈസ് പ്രസിഡന്റ് സഖാവ് കെ. ബിമൽജി എന്നിവർ പ്രസംഗിച്ചു.

കോട്ടയം റെയിൽവേ സ്റ്റേഷനിലേയ്ക്ക് നടത്തിയ മാർച്ച് എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് സഖാവ് രജിതാ ജയറാം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ്, എഐയുടിയുസി ജില്ലാ ജോയിന്റ് സെക്രട്ടറി സഖാവ് എ.ജി.അജയകുമാർ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് ആശാരാജ് തുടങ്ങിയവർ പ്രസംഗിച്ചു. എഐഡിവൈഒ ജില്ലാ സെക്രട്ടറി സഖാവ് അനില ബോസ് സ്വാഗതവും സഖാവ് ടി.ആർ രാജേഷ് നന്ദിയും രേഖപ്പെടുത്തി. തുടർന്ന് റെയിൽവേ സ്റ്റേഷൻ മാനേജർക്ക് നിവേദനവും സമർപ്പിച്ചു.

ആലുവ റെയിൽവേസ്റ്റേഷനുമുന്നിൽ സംഘടിപ്പിച്ച യുവജനപ്രതിഷേധം എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് സഖാവ് കെ.ഒ.സുധീർ, ജില്ലാ സെക്രട്ടറി സഖാവ് കെ.പി. സാൽവിൻ എന്നിവർ പ്രസംഗിച്ചു.

ചാലക്കുടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 24 ന് ചാലക്കുടി റെയിൽവേ സ്റ്റേഷനുമുമ്പിൽ പ്രതിഷേധ യോഗം സംഘടിപ്പിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് എം.പ്രദീപൻ യോഗം ഉൽഘാടനം ചെയ്തു. ചാലക്കുടി യൂണിറ്റ് പ്രസിഡന്റ് പി.കെ.ഷിബു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ പ്രസിഡന്റ് എ.എം.സുരേഷ് പ്രസംഗിച്ചു. പി.കെ.ധർമ്മജൻ സ്വാഗതവും കെ.വി.വിനോദ് നന്ദിയും പറഞ്ഞു.



അന്യായമായ റെയിൽവേചാർജ്ജ് വർദ്ധനവിനെതിരെ എസ്‌യുസിഐ (സി) പാർട്ടിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടന്ന പ്രതിഷേധമാർച്ചിൽ പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാറും കണ്ണൂരിൽ നടന്ന പ്രതിഷേധയോഗത്തിൽ പാർട്ടി ജില്ലാ കമ്മിറ്റിയംഗം ഡോ.ഡി.സുരേന്ദ്രനാഥും പ്രസംഗിക്കുന്നു.









എഐഡിവൈഒ ആലപ്പുഴ, ചാലക്കുടി, കോട്ടയം റെയിൽവേസ്റ്റേഷനുകളിലേയ്ക്ക് നടത്തിയ പ്രതിഷേധമാർച്ചുകൾ

# കാശ്മീർ പ്രശ്നം: മതം രാഷ്ട്ര രൂപീകരണത്തിന്റെ അടിസ്ഥാനമല്ല

*(1-ാം പേജിൽ നിന്ന്)*

പ്രതിനിധികളുടെ സമ്മതമില്ലാത്ത ഒരു ഉടമ്പടിയും അംഗീകരിക്കാനാകില്ല എന്ന നിർബന്ധമായ നിലപാട് ഇന്ത്യ ഗവൺമെന്റ് സ്വീകരിച്ചു. എന്നാൽ കാര്യങ്ങൾ ഒത്തുതീർപ്പാകുന്നതിന് മുമ്പുതന്നെ പാകിസ്ഥാൻ 'സ്റ്റാന്റ് സ്റ്റിൽ' കരാറിലെ വ്യവസ്ഥകൾ ലംഘിച്ചുതുടങ്ങി. ഇന്ധനവും മറ്റ് അവശ്യസാധനങ്ങളും ഉൾപ്പെടെയുള്ളവയുടെ വിതരണം റദ്ദാക്കി. പാകിസ്ഥാന്റെ ഭാഗമായ 'നോർത്ത് വെസ്റ്റേൺ ഫ്രോണ്ടിയർ പ്രോവിൻസിൽ' നിന്ന് വൻതോതിൽ ആദിവാസികൾ ജമ്മു കാശ്മീർ സംസ്ഥാനത്തേയ്ക്ക് നുഴഞ്ഞുകയറി. നുഴഞ്ഞുകയറ്റത്തിന് പാക്പട്ടാളത്തിന്റെ ഒത്താശയുമുണ്ടായിരുന്നു. പ്രദേശം പാകിസ്ഥാന്റെ അധീനതയിലാക്കിയെടുക്കുക എന്ന താൽപര്യമാണ് ഈ നീക്കത്തിന് പിന്നിൽ ഉണ്ടായിരുന്നത്. പാക് നീക്കത്തെ പ്രതിരോധിക്കാനുള്ള സൈനികശക്തി രാജാ ഹരിസിംഗിന് ഉണ്ടായിരുന്നില്ല. ആ സാഹചര്യത്തിൽ അദ്ദേഹം ഇന്ത്യൻ പട്ടാളത്തിന്റെ സഹായംതേടി.

സൈനികസഹായം നൽകുന്നതിന് മുന്നോടിയായി അതിനായുള്ള ഒരു കരാറിൽ ഏർപ്പെടേണ്ടതുണ്ടെന്ന് ഇന്ത്യ ഗവൺമെന്റ് ആവശ്യപ്പെട്ടു. അങ്ങനെയാണ് 'ഇൻസ്ട്രമെന്റ് ഓഫ് അക്സെഷനിൽ' ഒപ്പുവയ്ക്കേണ്ടിവന്നത്. 1947 ഒക്ടോബർ 26ന് രാജാ ഹരിസിംഗ് കരാറിൽ ഒപ്പുവച്ചു. ജമ്മു കാശ്മീരിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയായിരുന്ന നാഷണൽ കോൺഫ്രൻസിന്റെയും ഷെയ്ക്ക് മുഹമ്മദ് അബ്ദുള്ളയുടെയും പൂർണ്ണ പിന്തുണ ഈ നീക്കത്തിന് ഉണ്ടായിരുന്നു. ഇന്ത്യൻ പട്ടാളം 1947 ഒക്ടോബർ 27 ന് കാശ്മീരിൽ എത്തി. നുഴഞ്ഞുകയറ്റക്കാരെ പിന്നോട്ടടിച്ചു, യുഎൻഒ ഇടപെട്ടു, വെടിനിർത്തൽ പ്രഖ്യാപിച്ചു. എന്നാൽ ജമ്മു കാശ്മീരിലെ ഒരു വലിയ ഭൂപ്രദേശം, തന്ത്രപ്രധാനമായ ജിൽജിത് ഉൾപ്പെടെ പാകിസ്ഥാന്റെ അധീനതയിലായി. ഈ ഭൂപ്രദേശമാണ് 'പാക് അധീന കാശ്മീർ' എന്ന് അറിയപ്പെടുന്നത്.

മഹാരാജാ ഹരിസിംഗിന്റെ ഭരണത്തിനും ബ്രിട്ടീഷ് കോയ്മയ്ക്കുമെതിരെ നിരവധി പ്രക്ഷോഭങ്ങൾ സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് കാശ്മീരിൽ നടന്നുവന്നിരുന്നു. ഈ പ്രക്ഷോഭങ്ങളിലൂടെയാണ് നാഷണൽ കോൺഫറൻസ് ജമ്മുകാശ്മീരിലെ ജനങ്ങളുടെ വിശ്വസ്ത രാഷ്ട്രീയ പ്രസ്ഥാനമായി ഉയർന്നുവന്നത്. മുസ്ലീം കോൺഫറൻസ് എന്ന പേരിൽ 1932ൽ പ്രവർത്തനം ആരംഭിച്ച പ്രസ്ഥാനം 1939ൽ നാഷണൽ കോൺഫറൻസ് എന്ന് പുനർനാമകരണം ചെയ്യുകയായിരുന്നു. നാഷണൽ കോൺഫറൻസ് മതഭേദമില്ലാതെ കാശ്മീരിലെ മുഴുവൻ ജനങ്ങളുടെയും താൽപര്യമുയർത്തിപ്പിടിക്കുന്ന പ്രസ്ഥാനമായി മാറി, ഷെയ്ക്ക് മുഹമ്മദ് അബ്ദുള്ള അവരുടെ അനിഷേധ്യനായ നേതാവും.

ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നില്ല നാഷണൽ കോൺഫറൻസിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭങ്ങൾ. സ്വതന്ത്രദേശീയതാ ബോധമാണ് കാശ്മീരിലെ ജനങ്ങളിൽ രൂപപ്പെട്ടുവന്നത്. ഈ ചരിത്രയാഥാർത്ഥ്യങ്ങൾ അംഗീകരിച്ചുകൊണ്ടാണ് ജമ്മു കാശ്മീരിന് പൂർണ്ണ സ്വയംഭരണാവകാശം ഉറപ്പാക്കുന്ന ആർട്ടിക്കിൾ 370 പ്രത്യേക വകുപ്പായി ഇന്ത്യൻ ഭരണഘടനയിൽ ചേർത്തത്.

### സഖാവ് കൃഷ്ണ ചക്രവർത്തി നടത്തിയ പ്രസംഗം

സഖാക്കളെ,

കാശ്മീർ പ്രശ്നത്തിൽ നമ്മുടെ പാർട്ടിയുടെ ലൈൻ എന്തെന്ന് ചർച്ച ചെയ്യുവാനാണ് നിങ്ങൾ എന്നോട് ആവശ്യപ്പെട്ടിരിക്കുന്നത്. കാശ്മീരിന്റെ ഇന്നത്തെ അവസ്ഥ ഏറെ വേദനാകരമാണെന്നതും സ്ഥിതിഗതികൾ ദിനേന വഷളായിക്കൊണ്ടിരിക്കുന്നു എന്നതും നിങ്ങൾ പത്രവാർത്തകളിൽനിന്നും മനസ്സിലാക്കുന്നുണ്ടല്ലോ. നിത്യവും പ്രതിഷേധ പ്രകടനങ്ങൾ, പ്രതിഷേധക്കാർക്കുനേരെ സുരക്ഷാ ഭടൻമാരുടെ വെടിവയ്പും. 2010 ജൂൺ പതിനൊന്നിന് ഒരു ചെറുപ്പക്കാരൻ സുരക്ഷാഭടൻമാരുടെ വെടിവയ്പിനെത്തുടർന്ന് മരണമടഞ്ഞ സംഭവമാണ് ഇതിന്റെയെല്ലാം തുടക്കം. തുടർന്നിങ്ങോട്ട് എല്ലാ ദിവസങ്ങളിലും രണ്ടോ മൂന്നോ പേരെങ്കിലും ശരാശരി കൊല്ലപ്പെടുകയും കൂടുതൽ കൂടുതൽ ആളുകൾ പ്രതിഷേധാർത്ഥം തെരുവിൽ ഇറങ്ങുകയും ചെയ്തുകൊണ്ടിരിക്കുന്നു. ജനാലയിൽക്കൂടി പ്രതിഷേധം വീക്ഷിച്ചുകൊണ്ടിരുന്ന ഒരു സ്ത്രീസുരക്ഷാഭടന്മാരുടെ വെടിയേറ്റ് കൊല്ലപ്പെട്ടിരിക്കുന്നു എന്നത് സ്ഥിതിഗതികളുടെ രൂക്ഷത ബോദ്ധ്യപ്പെടുത്തുന്നു. കളിച്ചുകൊണ്ടിരിക്കവേപോലും കുട്ടികൾ സുരക്ഷാഭടൻമാരുടെ വെടിയേൽക്കുകയും കൊല്ലപ്പെടുകയും ചെയ്യുന്നു.

'ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവേഴ്സ് ആക്ട്'(AFSPA) പ്രകാരം സുരക്ഷാ ഉദ്യോഗസ്ഥൻമാർക്ക് പ്രത്യേക അധികാരം നൽകപ്പെട്ടിരിക്കുന്നു. പ്രത്യേക അധികാരം ഉപയോഗിച്ച് സുരക്ഷാ ഉദ്യോഗസ്ഥന്മാർക്ക് എന്തും ചെയ്യാം. തീവ്രവാദി എന്ന മുദ്രചാർത്തി ആരെയും പീഡിപ്പിക്കാം, ശിക്ഷിക്കപ്പെട്ടേക്കാം എന്ന ചിന്തയില്ലാതെ പെൺകുട്ടികളെ ബലാത്ക്കാരം ചെയ്യാം. അതിരില്ലാത്ത അധികാരങ്ങൾ സർക്കാർ ഇക്കൂട്ടർക്ക് നൽകിയിരിക്കുന്നു. ഏതുവീട്ടിലും കടന്നുകയറാം, ആൺകുട്ടികളെ തട്ടിക്കൊണ്ടുപോകാം, ആവശ്യപ്പെടുന്ന മോചനദ്രവ്യം കൊടുക്കാത്ത പക്ഷം കൊന്നുകളയുകയുമാകാം. ഇത്തരം ധാരാളം സംഭവങ്ങൾ നിത്യേന പത്രങ്ങളിലൂടെ നാം വായിക്കുന്നു.

ഷോപ്പിയാൻ സംഭവം സ്ഥിതിഗതികളുടെ ഗുരുതരാവസ്ഥ വെളിവാക്കുന്നതാണ്. പബ്ലിക് ടെലിഫോൺ ബൂത്തിൽ ഫോൺ ചെയ്യാൻ പോയതാണ് സഹോദരിയുമൊത്ത് ഒരു പെൺകുട്ടി. ഏറിയാൽ അരമണിക്കൂറിനകം അല്ലെങ്കിൽ ഒരു മണിക്കൂറിനുള്ളിൽ തിരിച്ചെത്തേണ്ടിയിരുന്നു അവർ. പക്ഷേ മണിക്കൂറുകൾ ഏറെ കഴിഞ്ഞിട്ടും തിരികെയെത്തിയില്ല. പെൺകുട്ടികളെ കാണാതെ അന്വേഷിച്ചെത്തിയവർക്ക് ഒരു അരുവിയിൽനിന്ന് അവരുടെ മൃതശരീരങ്ങളാണ് കണ്ടെത്താനായത്. മുങ്ങിമരിച്ചതാണ് എന്ന് പോലീസ് പറഞ്ഞു. എന്നാൽ ആ അരുവിയിൽ മുട്ടോളംപോലും വെള്ളമുണ്ടായിരുന്നില്ല. സംഭവിച്ചതെന്തെന്നാൽ ക്രൂരമായി ബലാത്ക്കാരം ചെയ്യപ്പെട്ട് കൊല്ലപ്പെട്ടതാണവർ. മൃതദേഹം അരുവിയിൽ എറിഞ്ഞുകളയുകയാണ് ഉണ്ടായത്. താഴ്വരയ്ക്ക് തീ പിടിച്ച ദിനങ്ങളായിരുന്നു തുടർന്ന്. ജൂൺ മുതൽ ഇങ്ങോട്ട് ചുരുങ്ങിയ സമയംകൊണ്ട് ചെറുപ്പക്കാരും സ്ത്രീകളുമടക്കം നൂറ്റിഇരുപതിലേറെ ആളുകൾ കൊല്ലപ്പെട്ടിരിക്കുന്നു എന്നതിലൂടെ എത്ര പ്രക്ഷുബ്ധമായിരുന്നു സാഹചര്യം എന്നത് ഊഹിക്കാവുന്നതേയുള്ളൂ. ജൂൺ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിനുള്ളിൽ 515 പേർക്ക് മുറിവേറ്റതായാണ് ഔദ്യോഗിക കണക്ക്. എന്നാൽ യാഥാർത്ഥ്യം അതിനുംമേലെയാണ്. (fact finding team to Kashmir, 2010)

### കാശ്മീർ പ്രശ്നം ഉരുണ്ടുകൂടി വന്നത് എങ്ങനെ?

മനുഷ്യത്വരഹിതമായ അതിക്രമങ്ങൾ സുരക്ഷാസേനയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് ഇത് ആദ്യമല്ല. 1989 മുതൽ നിശ്ചിത ഇടവേളകളിൽ ഇത് ആവർത്തിക്കപ്പെടുകയാണ്. കസ്റ്റഡിയിലെടുക്കുകയോ കൊല്ലപ്പെടുകയോ ചെയ്യുന്നവർ തീവ്രവാദികളോ അല്ലെങ്കിൽ തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നവരോ ആണ് എന്നാണ് സേനയുടെ ഭാഷ്യം. തീവ്രവാദപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ അപൂർവ്വമായി ഉണ്ടാകാം. എന്നാൽ താഴ്വരയിലെ ബഹുഭൂരിപക്ഷവും തീവ്രവാദത്തിന് എതിരാണ് എന്നതാണ് വാസ്തവം. താഴ്വരയിലെ മുഴുവൻ ആളുകളും തീവ്രവാദികളോ തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നവരോ ആണ് എന്നത് യാഥാർത്ഥ്യബോധമുള്ള ആരും അംഗീകരിക്കില്ല. പട്ടാളത്തിന്റെ അതിക്രമങ്ങൾക്കെതിരെ ജനങ്ങൾ ആയിരങ്ങളായി തെരുവിൽ അണിനിരക്കുന്നത് ഏവരും കണ്ടുകൊണ്ടാണ് ഇരിക്കുന്നത്. സാഹചര്യങ്ങൾ മുതലെടുത്തുകൊണ്ട് പാകിസ്ഥാനിൽനിന്നും തീവ്രവാദികൾ താഴ്വരയിൽ കടന്നുകൂടിയിട്ടുണ്ട് എന്നതും സത്യമാണ്. പോലീസ് ചെയ്യേണ്ടത് അവരെ കണ്ടെത്തുകയും നടപടിയെടുക്കുകയുമാണ്. എന്നാൽ ചെയ്യുന്നതോ, നിരപരാധികളായ ചെറുപ്പക്കാരെ, സ്ത്രീകളും കുട്ടികളും അടക്കം തീവ്രവാദമുദ്ര ചാർത്തി നിഷ്ക്കരുണം കൊന്നുകളയുന്നു. ഭരണാധികാരികളാകട്ടെ പട്ടാളത്തിന്റെ ഈ നടപടികളെ പ്രോത്സാഹിപ്പിക്കുന്നു. തീവ്രവാദികളുടെ ചെയ്തികളെക്കാൾ ഭരണകൂടത്തിന്റെ ചെയ്തികളാണ് ജനജീവിതം കൂടുതൽ ദുർവ്വഹമാക്കുന്നത്.

ബുദ്ധിജീവികളുടെ ഇടയിൽ മാത്രമല്ല, സാധാരണക്കാരുടെ ഇടയിൽപോലും ഒരുതരം അന്യതാബോധം വളർന്നുവരുന്നു എന്നതാണ് ഏറെ ആശങ്കപ്പെടുത്തുന്ന കാര്യം. എത്രശക്തമാണ് ജനങ്ങളുടെ വികാരം എന്നത് അടുത്തയിടെ പത്രത്തിൽവന്ന ഒരു ഫോട്ടോ വ്യക്തമാക്കുന്നു. അഞ്ചോ ആറോ വയസ്സു പ്രായമുള്ള ചെറുമകന്റെ കൈയിൽ പട്ടാളത്തെ എറിയാൻ കല്ലെടുത്തുകൊടുക്കുന്ന ഒരു മുത്തശ്ശിയുടേതായിരുന്നു ആ ഫോട്ടോ. ഒരു ചുവരെഴുത്തിന്റെ ഫോട്ടോയും പത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. 'ഇന്ത്യൻ പട്ടികൾ പുറത്തുപോകുക' എന്നതായിരുന്നു ആ ചുവരെഴുത്തുകളിൽ നാം വായിച്ചത്. സ്ഥിതിഗതികൾ അതിവേഗം കേന്ദ്രസർക്കാരിന്റെയും കൈവിട്ടു പോകുന്നു. സർക്കാരും ആശങ്കയിൽത്തന്നെ. പക്ഷേ സർക്കാർ ഉത്തരം പറയേണ്ട ഒരു കാര്യമുണ്ട്. സ്വാഭീഷ്ടപ്രകാരം ഇന്ത്യയോട് ചേർന്ന ജമ്മുവിലെയും കാശ്മീരിലെയും ജനങ്ങൾ എന്തുകൊണ്ട് ഇത്രമേൽ വൈരാഗ്യബുദ്ധിയുള്ളവരായി? കേന്ദ്രസർക്കാർ ഇത:പര്യന്തം സ്വീകരിച്ചുപോന്ന നയനടപടികളുടെ അനന്തരഫലമാണ് ഇന്നത്തെ ഈ സാഹചര്യം.

ഈ സംഭവങ്ങളുടെയും സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ രാഷ്ട്രീയപാർട്ടികളിൽ ചിലരുടെയെങ്കിലും ഭാഗത്തുനിന്ന് കാശ്മീർ ഇന്ത്യയിൽനിന്നും വേർപെടുത്തണം എന്ന ആവശ്യം ശക്തമായിരിക്കുകയാണ്. ചെറുപ്പക്കാരുടെ ഇടയിലും ഈ ആവശ്യത്തിന് സ്വാധീനമേറി വരുന്നു. ചെറുപ്പക്കാരെ സംബന്ധിച്ച് ഈ വികാരം സ്വാഭാവികം മാത്രമാണ്. കാരണം പോലീസിന്റെയും സുരക്ഷാ ഉദ്യോഗസ്ഥരുടെയും ക്രൂരതകൾ മാത്രം കണ്ട് വളർന്നുവന്ന ഒരു തലമുറയാണ് അവരുടേത്. നാളെ എന്തായിരിക്കും സംഭവിക്കുക എന്ന ഉത്ക്കണ്ഠയോടെയാണ് ഓരോരുത്തരും ഉറങ്ങാൻ പോകുന്നത്. ആരുടെയെങ്കിലും ഒരു സഹോദരൻ കൊല്ലപ്പെട്ടേക്കാം, ആരുടെയെങ്കിലുമൊരു സഹോദരി ബലാത്ക്കാരത്തിന് ഇരയായേക്കാം, സംഭവിക്കാൻ പാടില്ലാത്തത് പലതും സംഭവിച്ചേക്കാം. സ്വതന്ത്രമായി ജീവിക്കാൻ പറ്റുന്ന സമാധാനപരമായ അന്തരീക്ഷം അവർ ഒരിക്കലും ദർശിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കാശ്മീരിനെ വേർപ്പെടുത്തുക, എന്നതോ രാഷ്ട്രങ്ങളുടെ സ്വയം നിർണ്ണയാവകാശം എന്നതോ അല്ലാതെ മറ്റൊരു പരിഹാരമാർഗ്ഗം മുന്നിലില്ല എന്ന് അവർ വിചാരിക്കുന്നതിൽ അത്ഭുതമില്ല. വൈകാരികമായ ഒരു വിഷയമായി ഇത് മാറിയിരിക്കുന്നു. എന്നാൽ ഈ ചിന്താഗതി പുതിയതല്ല. 1950കളുടെ തുടക്കംമുതൽ രൂപംകൊണ്ട ഒരു ചിന്താഗതിയാണത്.

### ഷെയ്ക്ക് അബ്ദുള്ളയുടെയും നാഷണൽ കോൺഫറൻസിന്റെയും പങ്ക്

ഇന്ത്യൻയൂണിയനിൽ ചേരാനുള്ള സമ്മതപത്രത്തിൽ കാശ്മീർ മഹാരാജാവായിരുന്ന ഹരിസിംഗ് ഒപ്പുവച്ചുവെങ്കിലും അത് യാഥാർത്ഥ്യമായത് ഷെയ്ക് മുഹമ്മദ് അബ്ദുള്ള നേതൃത്വം നൽകിയിരുന്ന നാഷണൽ കോൺഫറൻസിന്റെ പൂർണ്ണ പിന്തുണ ലഭിച്ചതോടെയാണ്. നാഷണൽ കോൺഫറൻസ് മുസ്ലീങ്ങളുടെ പാർട്ടി ആയിരുന്നില്ല അന്ന്, മറിച്ച് ഹിന്ദുക്കളും മുസ്ലീങ്ങളും സിക്കുകാരും ബുദ്ധമതവിശ്വാസികളും ക്രിസ്തുമതവിശ്വാസികളുമായ മുഴുവൻ കാശ്മീർ ജനങ്ങളുടെയും പാർട്ടിയായിരുന്നു. 1947 ലെ 'ഇന്ത്യൻ ഇൻഡിപെന്റൻസ് ആക്ട്' പ്രകാരം കാശ്മീരിലെ ജനങ്ങൾക്ക് പാകിസ്ഥാനിൽ ചേരുക, പാകിസ്ഥാനിലോ ഇന്ത്യയിലോ ചേരാതെ സ്വതന്ത്രമായി നിൽക്കുക, ഇന്ത്യയോടൊപ്പം നിൽക്കുക എന്നീ സാദ്ധ്യതകളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കുവാനുള്ള അവസരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ത്യയോടൊപ്പം ചേരുവാനുള്ള തീരുമാനമാണ് അവർ കൈക്കൊണ്ടത്. സ്വാഭീഷ്ടപ്രകാരം കാശ്മീരിലെ ജനങ്ങൾ ഇന്ത്യയോടൊപ്പം നിലകൊണ്ടപ്പോൾ കേന്ദ്രഗവൺമെന്റ് പൂർണ്ണമായും ആ ജനങ്ങളെ വിശ്വാസത്തിലെടുക്കുകയും സ്നേഹ പരിഗണനകൾ നൽകുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കപ്പെട്ടിരുന്നത്. അഥവാ അതാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ സംഭവിച്ചത് മറിച്ചാണ്.

ഒരു സംസ്ഥാനമെന്ന നിലയിൽ ജമ്മു കാശ്മീർ രൂപപ്പെട്ടുവന്നപ്പോൾ, ജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുവാൻ ഉതകുംവിധം വ്യവസായങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപത്രികളും യൂണിവേഴ്സിറ്റികളും മതിയായ അളവിൽ ആരംഭിക്കേണ്ടിയിരുന്നു. എന്നാൽ ഈ ദിശയിൽ കാര്യമായ മുന്നേറ്റങ്ങൾ ഉണ്ടായില്ല. കാശ്മീർ താഴ്വര അതിന്റെ വശ്യഭംഗിക്ക് ഏറെ പ്രശസ്തമാണ്. ലോകത്തിലെതന്നെ അതിമനോഹരമായ ഇടങ്ങളിൽ ഒന്ന്. ടൂറിസത്തിന് വമ്പിച്ച സാദ്ധ്യയുണ്ട്. യഥേഷ്ടം തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുമാറ് ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താനോ അതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനോ ഉള്ള യാതൊരു നടപടികളും ഉണ്ടായില്ല. കാശ്മീരിലെ ചെറുപ്പക്കാർക്ക് വിശേഷിച്ചും മുസ്ലീം യുവാക്കൾക്ക് റയിൽവേ, ബാങ്ക്, ഇൻഷ്വറൻസ്, കേന്ദ്ര സർക്കാർ സർവ്വീസ് തുടങ്ങിയ മേഖലകളിൽ നിയമനകാര്യത്തിൽ വിവേചനം നേരിടേണ്ടതായി വന്നു. താഴ്വരയിലെ ചെറുപ്പക്കാർ എന്നും സംശയ ദൃഷ്ടിയോടെ വീക്ഷിക്കപ്പെട്ടു. കേന്ദ്രസർക്കാരിന്റെ ഈ നിലപാടുകൾമൂലം കാശ്മീരി ജനങ്ങളുടെ ഇടയിൽ പൊതുവിലും ചെറുപ്പക്കാരുടെ ഇടയിൽ പ്രത്യേകിച്ചും ആഴത്തിലുള്ള വേദനയും അതൃപ്തിയും രൂപപ്പെട്ടുവന്നു.

### ആർട്ടിക്കിൾ 370 അട്ടിമറിക്കപ്പെടുന്നു

ആർട്ടിക്കിൾ 370-ന്റെ അന്തസ്സ-ത്ത ക്രമേണ ചോർത്തിക്കളയുന്ന നടപടികളായിരുന്നു കൂടുതൽ ഗുരുതരമായ സംഗതി. 370-ാം വകുപ്പ് ഭരണഘടനയിൽ ഉൾപ്പെടുത്തിയത് കാശ്മീരിന്റെ സവിശേഷമായ ചരിത്രപശ്ചാത്തലം പരിഗണിച്ചാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി കൈകോർത്തുകൊണ്ട് അരങ്ങേറിയ ജന്മിത്തവാഴ്ചക്കെതിരെ നടന്ന സ്വാതന്ത്ര്യ പ്രക്ഷോഭത്തിൽ കാശ്മീർ ജനത തനത് സവിശേഷതകളുള്ള ഒരു സ്വതന്ത്രദേശീയതയായാണ് ഉയർന്നുവന്നത്. അതുകൊണ്ടാണ് ആർട്ടിക്കിൾ 370 പ്രകാരം കാശ്മീർ ജനതയ്ക്ക് സ്വയംഭരണാധികാരം ഉറപ്പാക്കപ്പെട്ടതും ജനങ്ങൾക്ക് തങ്ങളുടെ ഭാഗധേയം സ്വന്തം അഭീഷ്ടത്തിനും ആവശ്യകതകൾക്കും അനുസരിച്ച് തീരുമാനിക്കാനുള്ള അവസരം നൽകപ്പെട്ടതും. പ്രതിരോധം, വിദേശകാര്യം, കമ്മ്യൂണിക്കേഷൻസ്, കറൻസി തുടങ്ങി കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായ വകുപ്പുകൾ ഒഴികെയുള്ള എല്ലാ കാര്യങ്ങളിലും ആർട്ടിക്കിൾ 370 കാശ്മീരിന് സമ്പൂർണ്ണ സ്വയം ഭരണം നൽകപ്പെട്ടു. ജമ്മു കാശ്മീർ ഭരണഘടന പ്രകാരം സംസ്ഥാനത്തിന്റെ പ്രധാനമന്ത്രിയെയും സംസ്ഥാനഭരണത്തലവനായ സദർ-ഇ-റിയാസത്തിനെയും നേരിട്ട് തെരഞ്ഞെടുക്കുവാനുള്ള അധികാരവും ജനങ്ങൾക്ക് നൽകി. മറ്റ് സംസ്ഥാനങ്ങളിൽ ഗവർണ്ണറെ കേന്ദ്രസർക്കാർ നിയമിക്കുകയാണല്ലോ ചെയ്യുന്നത്.

ആർട്ടിക്കിൾ 370ൽ വെള്ളം ചേർക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കങ്ങളിൽ കാശ്മീർ ജനതയുടെ യഥാർത്ഥ പ്രതിനിധിയായ ഷെയ്ക് മുഹമ്മദ് അബ്ദുള്ള വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. കാശ്മീർ ഇന്ത്യയോടൊപ്പം ചേർന്നതിൽ ഷെയ്ക്ക് മുഹമ്മദ് അബ്ദുള്ളയുടെ പങ്ക് നിർണ്ണായകമായിരുന്നു. അദ്ദേഹത്തിന്റെ

*(ശേഷം 11-ാം പേജിൽ)*

# കാശ്മീർ പ്രശ്നം: വിട്ടുപോകലും പ്രത്യേക രാഷ്ട്ര രൂപീകരണവും പരിഹാരമല്ല

(10-ാം പേജിൽ നിന്ന്)

അഭിപ്രായം അംഗീകരിച്ച് ആർട്ടിക്കിൾ 370 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും അതിന്റെ യഥാർത്ഥ സാരാംശം അംഗീകരിക്കുന്നതിനും പകരം അദ്ദേഹത്തെ പാകിസ്ഥാൻ ഏജന്റായി മുദ്രയടിക്കുകയാണ് ഉണ്ടായത്. കാശ്മീരിലെ ജനങ്ങൾക്ക് ഇന്ന് ഷെയ്ക്ക് മുഹമ്മദ് അബ്ദുള്ളയെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസങ്ങൾ എന്തുതന്നെയായാലും അന്ന് അദ്ദേഹമായിരുന്നു അവരുടെ ഏറ്റവും വിശ്വസ്തനും സമാദരണീയനുമായ നേതാവ്. എന്നാൽ കേന്ദ്രസർക്കാർ നടത്തിയ ആസൂത്രിതമായ നീക്കങ്ങളിലൂടെ നാഷണൽ കോൺഫറൻസിനെ പിളർത്തി. ഭാഗ്യാന്വേഷികളായ ഒരു നിരനേതാക്കൻമാരെ വശത്താക്കാൻ ഇതിലൂടെ സാധിച്ചു. ഒടുവിൽ ഷെയ്ക്ക് മുഹമ്മദ് അബ്ദുള്ളയെ സ്ഥാനഭ്രഷ്ടനാക്കി ബക്ഷി ഗുലാം മുഹമ്മദിനെ ജമ്മു കാശ്മീരിന്റെ പ്രധാനമന്ത്രിയായി അവരോധിച്ചു. ഹിന്ദു ദേശഭ്രാന്തൻമാർ നാഷണൽ കോൺഫറൻസിന് അകത്തും പുറത്തും നടത്തിയ കുപ്രചാരണങ്ങളുടെ ഫലമായി പ്രധാനമന്ത്രി നെഹ്റു ഷെയ്ക്ക് മുഹമ്മദ് അബ്ദുള്ളയെ അറസ്റ്റു ചെയ്ത് ജയിലിലടയ്ക്കാനുള്ള അനുമതി നൽകി. അദ്ദേഹത്തിന്റെ ആത്മകഥ 'ഫ്ളേയിംസ് ഓഫ് ചിനാറും' കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങളും അക്കാലത്തെ മറ്റ് രേഖകളും പരിശോധിച്ചാൽ ഷെയ്ക് മുഹമ്മദ് അബ്ദുള്ളയുടെ മേൽ ചുമത്തപ്പെട്ട ആരോപണങ്ങൾ എത്ര പൊള്ളയായിരുന്നു എന്ന് ബോദ്ധ്യപ്പെടും. പല ഘട്ടങ്ങളിലായി നീണ്ട ഇരുപതു വർഷക്കാലം അദ്ദേഹം തടവിലാക്കപ്പെട്ടു. കാശ്മീരിലെ ജനങ്ങളുടെ ഏറ്റവും പൂജ്യനീയനായ നേതാവിനു നേരെയുണ്ടായ ഈ നീക്കങ്ങൾ ജനങ്ങളുടെ വികാരത്തെ മുറിപ്പെടുത്താൻ മാത്രമേ ഉപകരിച്ചുള്ളു.

ആർട്ടിക്കിൾ 370 പ്രകാരം കാശ്മീരിന് ഉറപ്പാക്കപ്പെട്ട സ്വയംഭരണ പദവി സംരക്ഷിക്കുവാൻ നടന്നുവന്ന പ്രക്ഷോഭത്തിന് 1974ൽ ഇന്ദിരാഗാന്ധിയും ഷെയ്ക്ക് മുഹമ്മദ് അബ്ദുള്ളയും തമ്മിലുണ്ടാക്കിയ കരാറോടെ വലിയ തിരിച്ചടി നേരിട്ടു. 1975 ഫെബ്രുവരിയിൽ, സയിദ് മിർ കാസിമിന് പകരം ലഭിക്കുമായിരുന്ന മുഖ്യമന്ത്രിപദത്തിനുവേണ്ടി, തങ്ങളുടെ ഏറ്റവും വിശ്വസ്തനായ നേതാവ് ഇന്ത്യൻ ഗവൺമെന്റുമായി ഒരു കരാറിലേർപ്പെടുകയെന്നത് കാശ്മീരിലെ ജനങ്ങൾക്ക് സ്വപ്നത്തിൽപ്പോലും വിശ്വസിക്കാനാകുമായിരുന്നില്ല. ഷെയ്ക്ക് മുഹമ്മദ് അബ്ദുള്ളയ്ക്കുവേണ്ടി മിർസാ അഫ്സൽബെഗ് ഒപ്പുവച്ച കരാർ യഥാർത്ഥത്തിൽ ഷെയ്ക്ക് മുഹമ്മദിനെ സംബന്ധിച്ചിടത്തോളം, എന്തിനുവേണ്ടിയാണോ അദ്ദേഹം നീണ്ട ഇരുപതുവർഷക്കാലം ജയിലിൽ കിടന്ന് നരകിച്ചത്, എന്തുപദവിയാണോ അദ്ദേഹം ഇക്കാലമത്രയും പുലർത്തിപ്പോന്നത് അതിൽനിന്നെല്ലാമുള്ള പടിയിറക്കമായിരുന്നു.

കാശ്മീരിലെ ബുദ്ധിജീവികൾ കാശ്മീർ പ്രശ്നത്തെ മാറിയ വീക്ഷണകോണിലൂടെ നോക്കിക്കാണുവാൻ ഈ സന്ധി ഇടയാക്കി. മാത്രമല്ല, ഷെയ്ക്ക് അബ്ദുള്ളയുടെ കുടുംബവാഴ്ചയ്ക്ക് നാന്ദികുറിക്കുന്ന സംഭവമായും ഇത് മാറി. ജനാധിപത്യപരവും സമാധാനപരവുമായി മുന്നേറിയിരുന്ന ഒരു പ്രക്ഷോഭം ക്രമേണ ആക്രമണോത്സുകവും സ്വഭാവത്തിൽ വർഗ്ഗീയവുമായി പരിണമിച്ചു. ഒടുവിൽ ഭരണകൂടത്തിനെതിരായ സംഘടിത സായുധ പ്രക്ഷോഭമായി അത് മാറി.

മഹാരാജാവിന്റെ ഭരണത്തിനെതിരെ ഉയർന്നു വന്ന പ്രക്ഷോഭണത്തിലൂടെ ഉദയംകൊണ്ട കാശ്മീർ ദേശീയതയുടെ പിറവിയിലും അതിന്റെ വളർച്ചയിലും ഷെയ്ക്ക് അബ്ദുള്ള വഹിച്ച നിർണ്ണായകമായ പങ്ക് നമുക്ക് വിസ്മരിക്കാവതല്ല. ആദ്യം മഹാരാജാവിന്റെ കീഴിലും തുടർന്ന് കേന്ദ്രസർക്കാരിന്റെ കീഴിലും അദ്ദേഹത്തിന് നേരിടേണ്ടിവന്നിട്ടുള്ള വിചാരണകളിലും പരീക്ഷണങ്ങളിലും 1974-75 കാലയളവിലെ സംഭവവികാസങ്ങൾ കരിനിഴൽ വീഴ്ത്തി.

രണ്ടു വ്യത്യസ്ത ദേശീയതകളുടെ ലയനവും സംയോജനവും നടക്കുന്ന അതീവ പ്രയാസകരമായ ചരിത്രപ്രക്രിയ കൂടുതൽ ആഴത്തിൽ നാം മനസ്സിലാക്കേണ്ടതുണ്ട്. തനത് സവിശേഷതകളോടെയും ദേശീയബോധത്തോടെയും സ്വതന്ത്രമായി വികസിച്ചുവരുന്ന ഒരു ജനവിഭാഗത്തെ മറ്റൊരു രാജ്യത്തോട് കൃത്രിമമായോ ബലപ്രയോഗത്തിലൂടെയോ ചേർക്കുക സാദ്ധ്യമല്ല. ജമ്മു കാശ്മീരിന്റെ കാര്യത്തിൽ സംഭവിച്ചത് അതാണ്. സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവും രാഷ്ട്രീയവും സാമൂഹ്യവുമായി ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇരുരാജ്യങ്ങളിലെയും ജനങ്ങൾതമ്മിൽ ഇടപഴകുവാനുള്ള സ്വാഭാവികവും സഹജവുമായ അവസരങ്ങൾ സൃഷ്ടിക്കപ്പെടണം. തികച്ചും ജനാധിപത്യപരവും മതേതരവുമായ അന്തരീക്ഷത്തിലേ ഇത് നടക്കൂ.

എന്നാൽ കാശ്മീരിന്റെ കാര്യത്തിൽ ഈ സ്വാഭാവികപ്രക്രിയ, കേന്ദ്രസർക്കാരിന്റെ സമീപന വൈകല്യവുംനയനടപടികളും നിമിത്തം തുടക്കംമുതൽത്തന്നെ തടസ്സപ്പെട്ടിരുന്നു. ആർട്ടിക്കിൾ 370 ലെ വകുപ്പുകളെ ഇന്ത്യ മാനിച്ചുകൊണ്ട് ലയനത്തിന്റെ പ്രക്രിയ സ്വാഭാവികമായി പുരോഗമിക്കാൻ വേണ്ട സാഹചര്യമാണ് ഒരുക്കേണ്ടിയിരുന്നത്. എന്നാൽ അതല്ല സംഭവിച്ചത്. കാശ്മീരിന്റെ പ്രധാനമന്ത്രി എന്ന പദവി മുഖ്യമന്ത്രി എന്നതായിചുരുങ്ങി. സദർ-ഇ-റിയാസത് എന്ന, തെരഞ്ഞെടുക്കപ്പെട്ടിരുന്ന സംസ്ഥാനഭരണത്തലവന്റെ പദവി കേവലം കേന്ദ്രത്തിന്റെ നോമിനിയായ ഗവർണ്ണർ എന്ന നിലയിലേയ്ക്ക് തരംതാഴ്ത്തപ്പെട്ടു. ഈ നീക്കങ്ങളെല്ലാം ഇന്ത്യ ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ച് ജനങ്ങളുടെ മനസ്സിൽ സംശയം വിതറി. ഒന്നിനുപിന്നാലെ ഒന്നായി അവരോധിതമായ പാവഗവൺമെന്റുകളിലൂടെ ജനങ്ങൾക്ക് ഈ സംശയം ബലപ്പെട്ടു.

സ്വന്തം സർക്കാരിനെ തെരഞ്ഞെടുക്കുവാനുള്ള അവകാശവും ജനാധിപത്യ അവകാശങ്ങളും ഒരു ജനതയ്ക്ക് ദീർഘകാലത്തേയ്ക്ക് നിഷേധിക്കുവാൻ സാധിക്കില്ല. ഇത്തരം അവകാശങ്ങൾ കാശ്മീരിലെ ജനങ്ങൾക്ക് ദീർഘകാലം നിഷേധിക്കപ്പെട്ടതിലൂടെ ഊറിക്കൂടിയ അതൃപ്തി 1987 ൽ മുസ്ലീം യുണൈറ്റഡ് ഫ്രണ്ട്(MUF)പോലെയുള്ള സംഘടനകളുടെ രൂപീകരണംവരെയും എത്തി. എംയുഎഫ് ഇന്നത്തെ 'ഹുറിയത്തി'ൽപ്പെട്ട എല്ലാ മുസ്ലീം ഗ്രൂപ്പുകളുടെയും ഒരു സംയുക്തമാണ്. ഇതാദ്യമായാണ് ഇന്ത്യൻ ഭരണഘടനയുടെ പരിധിക്കുള്ളിൽനിന്നുകൊണ്ട് മുസ്ലീം സംഘടനകൾ തെരഞ്ഞെടുപ്പിനെ മുന്നിൽക്കണ്ട് ഒരു മുന്നണി രൂപീകരിക്കുന്നത്. തെരഞ്ഞെടുപ്പിൽ അവർ അധികാരത്തിൽവരികയും ചെയ്യുമായിരുന്നു. എന്നാൽ കേന്ദ്രസർക്കാർ നടത്തിയ വ്യാപകമായ തെരഞ്ഞെടുപ്പ് കൃത്രിമങ്ങളിലൂടെ ഈ പ്രതീക്ഷകൾ അട്ടിമറിക്കപ്പെട്ടു, വീണ്ടും ഒരു പാവഗവൺമെന്റ് ജനങ്ങൾക്കുമേൽ അവരോധിതമായി.

ഇതിന്റെ അനന്തരഫലമെന്നവണ്ണം ചെറുപ്പക്കാരും മുസ്ലീം ബുദ്ധിജീവികളും അടങ്ങുന്ന ഒരു വിഭാഗം സായുധപോരാട്ടത്തിലേയ്ക്ക് നീങ്ങി. താഴ്വരയിലെ മുസ്ലീം മതമൗലികവാദികൾക്കും അതിർത്തിക്കപ്പുറത്തുനിന്നുള്ള തീവ്രവാദികൾക്കും ഇടപെടാൻ ഇത് അവസരമൊരുക്കി. കേന്ദ്രസർക്കാർ സ്വീകരിച്ച പ്രത്യാക്രമണ നടപടികൾ താഴ്വരയിലെ സാധാരണജനങ്ങളുടെ ജീവൻ എടുക്കുകയും അവർക്ക് നിരവധി യാതനകൾ സമ്മാനിക്കുകയും ചെയ്തു. സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമായി. ഏതാനും കശ്മീരി പണ്ഡിറ്റുകൾ കൊലചെയ്യപ്പെട്ട സംഭവം ആ വിഭാഗം ജനങ്ങളിലുണ്ടാക്കിയ ഭയാന്തരീക്ഷമാകട്ടെ അധികാരികളുടെ പിടിപ്പുകേടുമൂലം കൂടുതൽ വഷളായി. ജനങ്ങളിൽ നല്ലൊരു പങ്കും കശ്മീർ വിട്ട് ഇന്ത്യയുടെ മറ്റ് പ്രദേശങ്ങളിൽ കുടിയേറി. അങ്ങനെ ജനങ്ങൾക്കിടയിൽ ഒരു വർഗ്ഗീയ ചേരിതിരിവ് കൃത്രിമമായി സൃഷ്ടിക്കപ്പെട്ടു. അപൂർവ്വം ചില നിസ്സാര പ്രശ്നങ്ങൾ മാറ്റിനിർത്തിയാൽ ജന്മിത്ത കാലത്തും വലിയ വർഗ്ഗീയ കലാപങ്ങൾ കാശ്മീരിൽ ഉണ്ടായിട്ടില്ല. പൊതുവിൽ കാശ്മീരിലെ ജനങ്ങൾ സമാധാനപ്രിയരും ആതിഥ്യമര്യാദയുള്ളവരുമാണ്. ഇപ്പോഴും അതിന് മാറ്റം വന്നിട്ടില്ല. ഇന്നും നാം കാശ്മീരിലെ ഏതെങ്കിലും ഒരു വീട് സന്ദർശിക്കാനിടയായാൽ ഒരു കുടുംബാംഗത്തെപ്പോലെ കരുതി അവർ നമ്മെ പരിചരിക്കും. കാശ്മീരി ജനതയുടെ ദേശീയ ബോധത്തിനും അന്തസ്സിനും നേരെ നിരന്തരമായി നടക്കുന്ന അതിക്രമങ്ങൾ അവരിൽ വൈരാഗ്യബുദ്ധി വളർത്തിയിരിക്കുന്നു, ചിലരെങ്കിലും കാശ്മീർ ഇന്ത്യയിൽനിന്ന് വിട്ടുപോകുന്നതാണ് പരിഹാരം എന്ന നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നു.

കാശ്മീരിലെ ജനങ്ങൾ സമാധാനപ്രിയരാണ് എന്നതുപോലെതന്നെ സാമുദായിക സൗഹാർദ്ദവും പുലർത്തിപ്പോന്നവരാണ്. ഈ പ്രത്യേകതനിമിത്തമാണ്, മുസ്ലീം ഭൂരിപക്ഷ പ്രദേശമായിരുന്നിട്ടും കാശ്മീർ മുസ്ലീം രാഷ്ട്രം എന്നറിയപ്പെട്ടിരുന്ന പാകിസ്ഥാനോടൊപ്പം ചേരാതെ മതേതര രാഷ്ട്രം എന്ന് ഭരണഘടനയിലൂടെ പ്രഖ്യാപനം നടത്തിയ ഇന്ത്യയോടൊപ്പം നിലകൊള്ളുവാൻ തീരുമാനിച്ചത്. അതുകൊണ്ട് ഈ സാഹചര്യത്തിൽ രാജ്യത്തിന്റെ ജനാധിപത്യ മതേതര അന്തരീക്ഷം കലുഷിതമായാൽ ജനങ്ങൾ ആശങ്കാകുലരാകുക എന്നത് സ്വാഭാവികം മാത്രമാണ്.

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ വർഗ്ഗീയ കലാപങ്ങൾ നിരന്തര സംഭവമായിമാറി. ബാബ്റി മസ്ജിദ് സംഭവത്തെത്തുടർന്നും ഗോധ്ര വംശീയ കലാപത്തിന്റെ സമയത്തും ബിജെപിയുടെയും സംഘപരിവാരശക്തികളുടെയും മുൻകൈയിൽ ആസൂത്രിതമായും വ്യാപകമായും ഇളക്കിവിടപ്പെട്ട വർഗ്ഗീയ ഭ്രാന്ത്, മതന്യൂനപക്ഷ വിഭാഗങ്ങളിൽ പൊതുവിലും മുസ്ലിം മതവിശ്വാസികളിൽ പ്രത്യേകിച്ചും യഥാർത്ഥത്തിൽ ആശങ്കയും ഭീതിയും സൃഷ്ടിച്ചു. ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്ന് അരങ്ങേറിയ സിക്ക് വിരുദ്ധ കലാപത്തിലൂടെ ഇതിനകംതന്നെ മതന്യൂനപക്ഷങ്ങളിൽ ഭയാശങ്കകൾ വിതറപ്പെട്ടുകഴിഞ്ഞിരുന്നു. അധികാരത്തിലിരുന്ന കോൺഗ്രസ് സർക്കാരാകട്ടെ ഹിന്ദു മതഭ്രാന്തൻമാരുടെ ഈ നീക്കങ്ങളെ തടഞ്ഞില്ല എന്നുമാത്രമല്ല പ്രോത്സാഹിപ്പിക്കുകകൂടി ചെയ്തു. ഈ നടപടികൾ ഇരുപ്രദേശങ്ങളിലെയും ജനങ്ങൾക്കിടയിലെ വിള്ളൽ വലുതാകാൻ ഇടയൊരുക്കി.

**തെറ്റായ കേന്ദ്രനയങ്ങൾ**

കോൺഗ്രസ്സ് സർക്കാരായാലും ബിജെപി സർക്കാരായാലും തുടക്കംമുതൽ ഇതുവരെ സ്വീകരിച്ചുവന്ന നയനടപടികൾ അപകടകരമാംവിധം അബദ്ധജടിലമായിരുന്നു. ബലപ്രയോഗത്തിലൂടെ ദേശീയതകളെ സംയോജിപ്പിക്കാനാവില്ല എന്നത് ചരിത്രത്തിൽ ഇതിനകംതെളിയിക്കപ്പെട്ടുകഴിഞ്ഞ യാഥാർത്ഥ്യമാണ്. സംഘടിതവുംസായുധവുമായ പ്രതിപ്രവർത്തനങ്ങൾക്ക് മാത്രമേ ഇത് ഇടവരുത്തൂ. ജനാധിപത്യവിരുദ്ധവും അധീശമനോഭാവത്തോടുകൂടിയതുമായ ഇന്ത്യൻ സർക്കാരിന്റെ സമീപനങ്ങൾ തികച്ചും തെറ്റാണ് എന്നത് പുനരാവർത്തി തെളിയിക്കപ്പെട്ടുകഴിഞ്ഞതാണ്. ഇന്ത്യൻ മുഖ്യധാരയോട് ഇഴുകിച്ചേർന്നുപോകേണ്ടുന്നതിന് പകരം ഈ നയങ്ങൾ കാശ്മീരി ജനതയിൽ അരക്ഷിതാവസ്ഥയും അന്യതാബോധവുമാണ് സൃഷ്ടിച്ചത്.

ഇന്ന് ബിജെപി എന്നതുപോലെ തുടക്കം മുതൽ ജനസംഘവും ആർട്ടിക്കിൾ 370നെ എതിർത്തുപോന്നിരുന്നു. വകുപ്പ് റദ്ദാക്കണം എന്നതായിരുന്നു അവരുടെ ആവശ്യം. അങ്ങനെ ജനാധിപത്യവിരുദ്ധമായും, ദേശീയതകളുടെ തുല്യത എന്ന തത്ത്വത്തെ നിരാകരിച്ചും ബലപ്രയോഗത്തിലൂടെ കശ്മീരിനെ ഇന്ത്യയോട് ചേർക്കുകയായിരുന്നു. കോൺഗ്രസ്സാകട്ടെ, കാശ്മീരിന് പ്രത്യേകാധികാരം നൽകുന്ന ആർട്ടിക്കിൾ 370 റദ്ദാക്കണം എന്ന് പരസ്യമായി അഭിപ്രായപ്പെട്ടിട്ടില്ല എങ്കിൽപ്പോലും വകുപ്പിലെ നിർദ്ദേശങ്ങളെ നിരാകരിക്കുക എന്ന വഞ്ചനാപരമായ നിലപാടാണ് ഫലത്തിൽ സ്വീകരിച്ചുപോന്നത്.

സിപിഐ, സിപിഐ(എം) കക്ഷികളാകട്ടെ, ഇടയ്ക്കും മുട്ടിനും കാശ്മീർ വിഷയം ഉന്നയിക്കുമെങ്കിലും പാർലമെന്റിന് അകത്തും പുറത്തും മതിയായ ശക്തി സമാഹരിച്ച്, ജമ്മുകാശ്മീരിലെ ജനങ്ങൾക്കെതിരായ കേന്ദ്രസർക്കാർ നടപടികൾക്കെതിരെ ശക്തമായ പ്രക്ഷോഭം ദേശവ്യാപകമായി വളർത്തിയെടുക്കാൻ വേണ്ട പരിശ്രമങ്ങൾ നടത്തിയില്ല. ഫലത്തിൽ ഈ കക്ഷികളും തങ്ങളുടെ മൗനംകൊണ്ട് ഈ നയങ്ങൾക്ക് അനുമതി നൽകുകയാണ് ചെയ്തിരിക്കുന്നത്.

മറ്റുചില നീക്കങ്ങളും സമാന്തരമായി നടക്കുന്നുണ്ട്. ഒരു വിഭാഗം ജമ്മുകാശ്മീരിന്റെ പൂർണ്ണസ്വാതന്ത്ര്യം എന്ന ആവശ്യം ഉന്നയിക്കുന്നു, മറ്റ് ചിലവിഭാഗങ്ങൾ ആകട്ടെ, കാശ്മീർ പാകിസ്ഥാനൊപ്പം ചേരണം എന്ന് ആവശ്യപ്പെടുന്നു.

കോൺഗ്രസ്സും ബിജെപിയും നേതൃത്വം നൽകിപ്പോന്ന കേന്ദ്രസർക്കാരുകളുടെ ജനവിരുദ്ധ നയങ്ങളിലൂടെയും അതിലുപരി പട്ടാളത്തിന്റെ ക്രൂരമായ അതിക്രമങ്ങളുടെ ഫലമായും സൃഷ്ടിക്കപ്പെട്ട ശ്വാസം മുട്ടിക്കുന്ന ഈ അന്തരീക്ഷം, സ്വാതന്ത്ര കാശ്മീർ എന്ന ആവശ്യത്തിന് അനുകൂലമായ ചിന്താഗതി ശക്തമാക്കി. ചിലരാകട്ടെ സാമ്രാജ്യത്വ അധിനിവേശകാലത്തെ അടിച്ചമർത്തലിനോട് നിലവിലുള്ള സാഹചര്യത്തെ തുലനപ്പെടുത്തുകയും വിഭജനം എന്ന ആവശ്യത്തെ ന്യായീകരിക്കുകയും ചെയ്യുന്നു.

അതിസങ്കീർണ്ണമായ ഇന്നത്തെ സാഹചര്യത്തിൽ കാശ്മീർ പ്രശ്നത്തിന് ശരിയായ ഒരു പരിഹാരമാർഗ്ഗം കാണുക എന്നത് പ്രയാസമേറിയ കാര്യമാണ് എന്നതിൽ തർക്കമില്ല. എത്ര ബുദ്ധിമുട്ടേറിയതാണെങ്കിലും ശരിയായ പരിഹാരമാർഗ്ഗം കണ്ടെത്തിയേ മതിയാകൂ. പരിഹാരം ശരിയോ എന്ന് എങ്ങനെ വിലയിരുത്തും? പരിഹാരമാർഗ്ഗം ശരിയോ എന്നറിയുവാൻ തൊഴിലാളികളും സാധാരണക്കാരും ചൂഷണമനുഭവിക്കുന്നവരുമായ ജനങ്ങൾ വിപ്ലവത്തിനും പുരോഗതിക്കുംവേണ്ടി നടത്തുന്ന പ്രക്ഷോഭങ്ങൾക്കുമേൽ ഇത് സൃഷ്ടിക്കുന്ന പ്രത്യാഘാതം പരിശോധിച്ചാൽ മതി. അതായത് ഈ ജനവിഭാഗങ്ങൾക്കിടയിൽ വിള്ളലുണ്ടാക്കുകയല്ല മറിച്ച് ചൂഷണം അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ഐക്യം ശക്തിപ്പെടുത്തുകയും അതിലൂടെ ആ ദേശീയതകളുടെ മോചനത്തിനും പുരോഗതിക്കുമായുള്ള പോരാട്ടങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യണം.

തൊഴിലാളികളും ചൂഷണമനുഭവിക്കുന്ന മറ്റ് ജനവിഭാഗങ്ങളും കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ, ജനങ്ങൾക്കുമേൽ അനുവർത്തിക്കപ്പെടുന്ന ക്രൂരതകൾക്കെതിരെ ശക്തമായ പ്രക്ഷോഭണം പടുത്തുയർത്തേണ്ടതുണ്ട്. ജീവൻ ബലികൊടുത്തുകൊണ്ടും കഠിനമായ വൈതരണികളെ നേരിട്ടുകൊണ്ടും കാശ്മീരിലെ ജനങ്ങൾ ഈ പോരാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധനയങ്ങൾക്കും സമീപനങ്ങൾക്കും എതിരെ ശക്തമായ പ്രക്ഷോഭണം രാജ്യമെമ്പാടുമുള്ള പുരോഗമന ജനാധിപത്യവിശ്വാസികളുടെ മുൻകൈയിൽ ഉയർന്നുവരേണ്ടതുണ്ട്. ഈ ദിശയിൽ കാര്യമായ നീക്കങ്ങൾ ഉണ്ടായിട്ടില്ല എന്നത് നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. ഇതരഭാഗങ്ങളിലുള്ള ജനങ്ങളെ സംബന്ധിച്ചിടത്തോളം കാശ്മീർ സ്വമേധയാ ഇന്ത്യൻ യൂണിയനിൽ ചേർന്നുവെങ്കിലും ജനങ്ങളുടെ മാനസികമായ ഉൾച്ചേരൽ ക്ഷിപ്രസാദ്ധ്യമല്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടുമില്ല. ഒരു യഥാർത്ഥ സംയോജനത്തിനുള്ള പ്രക്രിയ രൂപപ്പെടേണ്ടിയിരുന്നു. ഈ പ്രക്രിയയാകട്ടെ ബലപ്രയോഗത്തിലൂടെയല്ല, മറിച്ച് അവധാനതയോടെ ചെയ്യേണ്ടതാണ്. പ്രഥമമായും ആ ജനതയെ വിശ്വാസത്തിലെടുക്കേണ്ടതുണ്ട്. സ്വതന്ത്രമായി ഇടപഴകാനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടണം. പ്രേരണയും സ്നേഹപൂർവ്വമായ ഇടപഴകലുകളും വേണം. യഥാർത്ഥ ജനാധിപത്യ-മതേതര അന്തരീക്ഷം നിലനിൽക്കുന്ന ഒരു സാഹചര്യത്തിലേ ഇത് സാദ്ധ്യവുമാകൂ. ഇന്ത്യയിൽ എവിടെയുമുള്ള ജനങ്ങൾ ഈ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്.

(ശേഷം 12-ാം പേജിൽ)

# കാശ്മീർ പ്രശ്നം: 370–ാം വകുപ്പ് ഉൾപ്പെടുത്തിയത് പ്രത്യേക ചരിത്രപശ്ചാത്തലത്തിൽ

*(11–ാം പേജിൽ നിന്ന്)*

സ്വതന്ത്ര കാശ്മീർ എന്ന ആശയം പരിശോധിച്ചാൽ, രാജ്യങ്ങളുടെ സ്വയം നിർണ്ണയാവകാശം അഥവാ പിരിഞ്ഞുപോകൽ എന്നത് ഒരു പൊതുതത്വം എന്ന നിലയിൽ കമ്മ്യൂണിസ്റ്റുകളും പിന്തുണയ്ക്കുന്ന ആശയമാണ്. എന്നാൽ എല്ലായ്പ്പോഴും അത് ശരിയായ പരിഹാരമാർഗ്ഗം ആയിരിക്കണം എന്നില്ല. സ്വതന്ത്രമായി നിൽക്കാൻ ആഗ്രഹിക്കുന്ന പ്രദേശത്തെ തൊഴിലാളികളും ചൂഷണമനുഭവിക്കുന്ന ഇതര ജനവിഭാഗങ്ങളും തമ്മിലും, സ്വതന്ത്രമാകുന്ന രാജ്യത്തെയും പിരിഞ്ഞുപോരുന്ന രാജ്യത്തെയും തൊഴിലാളികളും ചൂഷണമനുഭവിക്കുന്ന ജനവിഭാഗങ്ങളും തമ്മിലുമുള്ള ഐക്യവുമായിക്കൂടി ഇത് ബന്ധപ്പെട്ടിരിക്കുന്നു. എന്നുമാത്രവുമല്ല, വിഭജനം ലോകതൊഴിലാളിവർഗ്ഗവിമോചന പോരാട്ടവുമായും ബന്ധപ്പെട്ടിരിക്കുന്നു, അതായത് ലോകവിപ്ലവവുമായും ബന്ധപ്പെട്ടിരിക്കുന്നു എന്നു ചുരുക്കം. ന്യായമായും അടിച്ചമർത്തപ്പെടുന്ന രാജ്യത്തെ തൊഴിലാളിവർഗ്ഗവും അടിച്ചമർത്തുന്ന രാജ്യത്തെ തൊഴിലാളിവർഗ്ഗവും തമ്മിലുള്ള ബന്ധത്തിനും ഐക്യത്തിനും എന്തെങ്കിലും ഊനം ഉണ്ടാകേണ്ടതില്ല. അതുകൊണ്ടുതന്നെ മുറിപ്പെടുത്തപ്പെട്ട വികാരങ്ങളെ അടിസ്ഥാനമാക്കി കൈക്കൊള്ളേണ്ട തീരുമാനങ്ങളല്ല ഇവയൊന്നും. പക്ഷപാതരഹിതമായും ചരിത്രവികാസപ്രക്രിയയ്ക്ക് നിരക്കുംവിധവും വേണം നാം പരിഹാരമാർഗ്ഗങ്ങൾ ആരായേണ്ടത്.

**ആധുനികരാഷ്ട്രം രൂപപ്പെടുന്നത് എങ്ങനെ?**

ചരിത്രം പരിശോധിച്ചാൽ ഒരു കാലത്ത് ദേശീയ രാഷ്ട്രങ്ങൾ ഉണ്ടായിരുന്നില്ല എന്ന് കാണാം. സമൂഹത്തിന്റെയും സാമൂഹ്യ ഉൽപാദനത്തിന്റെയും വികാസത്തിന്റെ ഒരു നിശ്ചിത ഘട്ടത്തിലാണ് ദേശീയ രാഷ്ട്രങ്ങൾ ഉടലെടുത്തത്. മുതലാളിത്തത്തിന്റെ ഉയർച്ചയോടെ ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിന്റെ വളർച്ചക്കും വികാസത്തോടുമൊപ്പമാണ് അവ നിലവിൽ വന്നത്. ജന്മിത്ത സമൂഹത്തിലെ എല്ലാ വികേന്ദ്രീകൃത കമ്പോളങ്ങളെയും ഒരു കേന്ദ്രീകൃത ദേശീയ കമ്പോളത്തിലേക്ക് യോജിപ്പിക്കുകയും അതിനെ അടിസ്ഥാനമാക്കി ഒരു ആധുനിക കേന്ദ്രീകൃത ദേശീയ രാഷ്ട്രം രൂപപ്പെടുത്തുകയും ചെയ്തുകൊണ്ടാണ മുതലാളിത്തം വികസിച്ചത്. മുതലാളിത്തം അതിന്റെ പ്രാരംഭഘട്ടത്തിൽ വളരുന്ന, വികസിക്കുന്ന ഒരു വ്യവസ്ഥയായിരുന്നു. അത് നിരന്തരമായ വ്യവസായവൽക്കരണത്തിന്റെ വഴി തുറന്നു, ശാസ്ത്ര- സാങ്കേതിക വിദ്യകളുടെ വികാസത്തെ പ്രോൽസാഹിപ്പിച്ചു, വിദ്യാഭ്യാസത്തെ മതത്തിന്റെ നിയന്ത്രണത്തിൽ നിന്നും മതപരമായ ഇടപെടലുകളിൽ നിന്നും മോചിപ്പിച്ചു. മുതലാളിത്തത്തിന്റെ വളർച്ചയുടെ ഘട്ടത്തിൽ പ്രതിസന്ധി ഉണ്ടായിരുന്നില്ല, കുത്തകകൾ ഉണ്ടായിരുന്നില്ല. അതിനാൽ ചെറുകിട മൂലധത്തിനുമേൽ കുത്തകമൂലധനത്തിന്റെ മേധാവിത്വവും ഇല്ലായിരുന്നു. ഇതാണ് ലെയ്സെ-ഫെയർ സമ്പദ് വ്യവസ്ഥയുടെ (സ്വതന്ത്രമൽസരത്തിന്റെ) കാലം. ഏകീകൃതവും കേന്ദ്രീകൃതവുമായ ഒരു കമ്പോളം സ്ഥാപിച്ചെടുക്കാനുള്ള ത്വരയാൽ മുതലാളിവർഗ്ഗം ജന്മിത്ത കാലത്ത് നിലനിന്നിരുന്ന എല്ലാത്തരം സങ്കുചിതത്വങ്ങൾക്കും വിഭാഗീയ പ്രാദേശിക വികാരങ്ങൾക്കും, വിഘടന പ്രവണതകൾക്കും എതിരെ പോരാടി. സമൂഹത്തെ ജനാധിപത്യവൽക്കരിച്ചു. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്ന തങ്ങളുടെ മുദ്രാവാക്യം ഈ ഘട്ടത്തിൽ മുതലാളി വർഗ്ഗത്തിന് ആവുംമട്ടൊക്കെ നടപ്പിലാക്കാൻ കഴിഞ്ഞു, ചരിത്രപരമായി സാധ്യമായിടത്തോളം. ദേശീയ രാഷ്ട്ര രൂപീകരണത്തിനായി ജനതകളുടെ സംലയനം, സ്വതന്ത്രമായി, സ്വമേധയാ ഏറെക്കുറെ പൂർണ്ണമായി നടക്കാൻ ഏറ്റവും അനുകൂലമായ ഒരു സാഹചര്യമാണ് ഇതെല്ലാം ചേർന്ന് ഒരുക്കിയത്.

എന്നാൽ, ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ ലെനിൻ ചൂണ്ടിക്കാട്ടിയതുപോലെ മുതലാളിത്തം അതിന്റെ പരമോന്നതഘട്ടമായ സാമ്രാജ്യത്വത്തിൽ എത്തിയപ്പോൾ അതിന് പുലർത്തിപ്പോന്ന പുരോഗമനസ്വഭാവം നഷ്ടമായി. ഈ ഘട്ടത്തിൽ മുതലാളിത്തം കുത്തക മൂലധനത്തിന് ജന്മം നൽകി, പ്രതിസന്ധിയിലേക്ക് പ്രവേശിച്ചു. വികാസത്തിന്റെ പരമോന്നതഘട്ടം എന്നതിന്റെ അർത്ഥം, തുടർവികാസത്തിന് സാധ്യതയേതുമില്ലാത്ത ഘട്ടം എന്നാണ്. യഥാർത്ഥത്തിൽ അപചയം ആരംഭിക്കുന്ന ബിന്ദുവാണത്. മുതലാളിത്തം മരണാസന്നവും ജീർണ്ണവുമാകുന്ന ഘട്ടം. സ്വാഭാവികമായും അത് ഇല്ലാതാകണം. പക്ഷേ പ്രകൃതിയിലും സമൂഹത്തിലും ഒരു വ്യവസ്ഥ നിഷ്ക്രമിക്കുന്നത് അതിന്റെ ഉദരത്തിൽ വളരുന്ന പുതിയൊരു വ്യവസ്ഥക്ക് ജന്മം നൽകിക്കൊണ്ടാണ്. അതുകൊണ്ട്തന്നെ ലെനിൻ അതിനെ സാമ്രാജ്യത്വത്തിന്റെയും മരണാസന്ന മുതലാളിത്തത്തിന്റെയും യുഗം എന്നുമാത്രമല്ല വിളിച്ചത്. അതോടൊപ്പം തന്നെ തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും യുഗമാണിതെന്ന് അദ്ദേഹം വ്യക്തമാക്കി. ഈ യുഗത്തിൽ സാർവ്വദേശീയമായി മുതലാളിവർഗ്ഗം പിന്തിരിപ്പനായി മാറിയിരിക്കുന്നു. പക്ഷേ ദേശീയ വിമോചന സമരം അഥവാ ബൂർഷ്വാ ജനാധിപത്യവിപ്ലവം ആരംഭം കുറിച്ചിരിക്കുന്ന കോളനികളിലും അർദ്ധ കോളനികളിലും സാമ്രാജ്യത്വ ഭരണത്തിനും പ്രാദേശിക ജന്മിത്തത്തിനുമെതിരെയുള്ള പോരാട്ടത്തിന്റെ കാര്യത്തിൽ മുതലാളിവർഗ്ഗം സാപേക്ഷികമായ ഒരു പുരോഗമന പങ്ക് ഇനിയും വഹിക്കുന്നുണ്ട്. പക്ഷേ, സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനുമെതിരെ അതിന്റെ പ്രാരംഭഘട്ടത്തിൽ നടത്തിയതുപോലുള്ള ഒരു വിട്ടുവീഴ്ചയില്ലാത്ത സമരമല്ല, ഈ ഘട്ടത്തിൽ അത് നടത്തുന്നത്. അധികാരം പിടിച്ചെടുക്കുന്നതിന് മുമ്പ്, പഴയ ജന്മിത്ത ക്രമത്തിന്റെ വിപ്ലവകരമായ പരിവർത്തനത്തിനും സമൂഹത്തിന്റെ പൂർണ്ണമായ ജനാധിപത്യവൽക്കരണത്തിനും അവശ്യം വേണ്ടുന്ന സാംസ്കാരിക വിപ്ലവത്തിന്റെ കൊടിക്കൂറ ആസന്നമായ തൊഴിലാളിവർഗ്ഗ വിപ്ലവത്തെക്കുറിച്ചുള്ള ഭയപ്പാട് മൂലം മുതലാളിവർഗ്ഗം വലിച്ചെറിഞ്ഞു,

ദേശീയ മുതലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യസമരം നടന്ന മിക്ക കോളനികളിലും സംഭവിച്ചതുപോലെ നമ്മുടെ രാജ്യത്തും അത് ജന്മിത്തവുമായി സന്ധിചെയ്തു. ഫലമോ, ഭരണഘടനയിൽ ചില ഔപചാരിക ജനാധിപത്യ അവകാശങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ജാതീയത, വർഗ്ഗീയത, പ്രാദേശികവാദം തുടങ്ങി എല്ലാ വിഘടന പ്രവണതകളും മുഖ്യാംശത്തിൽ സാമൂഹ്യചിന്തയിൽ നിലനിൽക്കുകയാണ്. അങ്ങിനെ ദേശീയതകൾ ഒരു രാഷ്ട്രമായി ലയിച്ചു ചേരാൻ അനുയോജ്യമായ സാഹചര്യമൊരുക്കുന്നതിൽ അത് പരാജയപ്പെട്ടു. സമ്പൂർണ്ണമായ, സ്വമേധയാ ഉള്ള ലയനം അസാധ്യമായി. ജന്മിത്ത ആചാരങ്ങൾക്കും ശീലങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ചിന്താരീതികൾക്കും എതിരെ അതിന്റെ ഉയർച്ചയുടെ ഘട്ടത്തിൽ നടത്തിയതുപോലുള്ള ജീവന്മരണ സമരം നടത്താൻ ഈ ഘട്ടത്തിൽ ഭരണമുതലാളിവർഗ്ഗം ഭയപ്പെടുന്നു. സ്വാഭാവികമായും സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും യുഗത്തിൽ കുത്തകകളുടെ മേധാവിത്വവും ദേശീയ മർദ്ദനവും നിയമമായി വർത്തിക്കുമ്പോൾ വ്യത്യസ്ത ഭാഷകളും സംസ്കാരവുമുള്ള നിരവധി ദേശീയതകൾ യോജിച്ച് ഒരു രാജ്യമായി മാറാനും ഒരു ദേശീയ രാഷ്ട്രം സ്ഥാപിക്കാനും ശ്രമിക്കുമ്പോൾ ജനതകളുടെ സ്വതന്ത്രമായ, പൂർണ്ണമായ ലയനം സാധ്യമാവില്ല. നമ്മുടെ രാജ്യത്തിന്റ ഉദാഹരണം പരിശോധിക്കാം. ഇവിടെ ഈ പ്രക്രിയ വ്യക്തമായി വെളിവാക്കപ്പെടുന്നുണ്ട്.

നമ്മുടെ രാജ്യത്ത് അതിവിശാലമായ ഒരു ഭൂപ്രദേശത്ത് ബ്രിട്ടീഷുകാർ അവരുടെ ഭരണം ഏർപ്പെടുത്തി. ആസാമികൾ, മണിപ്പൂരികൾ, ബംഗാളികൾ, ബിഹാറികൾ, മറാത്തികൾ, രാജസ്ഥാനികൾ, ഗുജറാത്തികൾ, പഞ്ചാബികൾ, തമിഴർ, മലയാളികൾ, കന്നഡിഗകൾ, തെലുങ്കർ തുടങ്ങി ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്ന നിരവധി ദേശീയതകൾക്ക് ഒരു ലളിതമായ സത്യം മനസ്സിലായി. വേറിട്ട് നിന്ന് പോരാടിക്കൊണ്ട് അവരിൽ ഒന്നിനും ശക്തമായ ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണത്തെ തോൽപ്പിച്ച് സ്വാതന്ത്ര്യം നേടി ഒരു വേറിട്ട ദേശീയ രാഷ്ട്രം രൂപീകരിക്കാൻ കഴിയില്ല. അതിനാൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും പ്രാദേശിക ജന്മിത്തത്തിനും എതിരെ യോജിച്ച ദേശീയ സമരത്തിനുള്ള ഒരു പൊതു പ്രക്ഷോഭവേദി അവർ കെട്ടിപ്പടുത്തു, ഇന്ത്യൻ നാഷണൽ കോൺഗ്രസ്. ഇവിടെ കൂടുതൽ ആഴത്തിലുള്ള ഒരു കാര്യം നമ്മൾ മനസ്സിലാക്കണം. ബ്രിട്ടീഷ് ഭരണത്തിൽ ആയിരുന്ന ഈ ദേശീയതകൾ എല്ലാം പരസ്പരം ഇടകലർന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ വികസിപ്പിച്ച വിദ്യാഭ്യാസ സമ്പ്രദായത്തിന്റെയും പൊതുവായ സാമ്പത്തിക ജീവിതത്തിന്റെയും അടിസ്ഥാനത്തിൽ പൊതുവായ വികാരങ്ങളും ചിന്താഗതികളും സംസ്കാരവും വികസിച്ചു വന്നു. ഈ കാര്യങ്ങൾ മേൽപറഞ്ഞ ദേശീയതകൾക്കിടയിൽ ക്രമേണയെങ്കിലും നിശ്ചിതമായി ഒരു പൊതുദേശീയ വികാരത്തിന് ജന്മം നൽകി. ഇത് സ്വാതന്ത്ര്യസമരം വളർന്നതോടെ കൂടുതൽ ശക്തിപ്പെട്ടു. പക്ഷേ നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ വിട്ടുവീഴ്ചാമനോഭാവമുള്ള ബൂർഷ്വാ നേതൃത്വം തൊഴിലാളിവർഗ്ഗ വിപ്ലവത്തെക്കുറിച്ചുള്ള അവരുടെ ഭയപ്പാടുമൂലം ജന്മിത്തസമൂഹത്തിലെ ജീർണ്ണമായ വിഘടനപ്രവണതകൾക്കെതിരെ സാംസ്കാരിക വിപ്ലവം നടത്താതിരുന്നതിനാൽ ഈ ദേശീയ വികാരത്തിന് പൂർണ്ണമായ ഒരു ദേശീയ സ്വഭാവം കൈവന്നില്ല. മുതലാളിവർഗ്ഗം സമരം നടത്തിയത് വിശാലമായ ഇന്ത്യൻ മാർക്കറ്റ് കൈക്കലാക്കുക എന്ന ഏക ലക്ഷ്യത്തോടെ, മുഖ്യമായും രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിന് വേണ്ടിയായിരുന്നു. ഈ പ്രതിഭാസത്തെ വിശകലനം ചെയ്തുകൊണ്ട് നമ്മുടെ അന്തരിച്ച നേതാവും ഗുരുവും മാർഗ്ഗദർശിയും ഈ യുഗത്തിലെ ഒരു സമുന്നത മാർക്സിസ്റ്റ് ചിന്തകനുമായ സ.ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടി: "സാമ്പത്തികമായും രാഷ്ട്രീയമായും ഒരു രാഷ്ട്രമായെങ്കിലും നമ്മൾ ജാതി, സമുദായ, ദേശീയത, ഭാഷാ ഗ്രൂപ്പുകളായി ഭിന്നിച്ചിരിക്കുകയാണ്".

**മുതലാളിത്ത പ്രതിസന്ധിയുടെ നിഴലിൽ നടന്ന ഇന്ത്യൻ രാഷ്ട്രരൂപീകരണം**

രണ്ടാമതായി, ഈ സമയമാകുമ്പോഴേക്കും കുത്തകകളുടെ വളർച്ച മൂലം സ്വതന്ത്രമൽസരത്തിന്റെ കാലം കഴിഞ്ഞു പോയിരുന്നു. ഇന്നത്തെ മുതലാളിത്തത്തിൽ ചെറുകിട മൂലധനത്തിന് മുകളിൽ കുത്തകയാണ് ഭരിക്കുന്നത്. സ്വാതന്ത്ര്യത്തിന് മുൻപുതന്നെ നമ്മുടെ രാജ്യത്ത് കുത്തക പ്രവണത വികസിച്ചിരുന്നു. സ്വാതന്ത്ര്യത്തിന് ശേഷം ഇത് കൂടുതൽ ശക്തിപ്പെടുകയും ദൃഢികരിക്കപ്പെടുകയും ചെയ്തു. അതിനാൽ ചില ദേശീയതകളിലെ മുതലാളിവർഗ്ഗത്തിൽ കുത്തക കുടുംബങ്ങൾ വികസിച്ചു. സ.ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചു, "ഇന്ത്യൻ മുതലാളിവർഗ്ഗം ജന്മമെടുത്തതുതന്നെ പ്രതിസന്ധിയുടെ നിഴലിലാണ്". ഒരോ ദിനം കഴിയുംതോറും ഈ നിഴൽ കൂടുതൽ വളരുകയാണ്, ഇരുളുകയാണ്. സ്വാഭാവികമായും സമ്പദ്വ്യവസ്ഥയുടെ മുഖ്യപ്രവണതയായി കുത്തക വികസിച്ചെങ്കിലും ചെറുകിടമൂലധനത്തിന്റെ പങ്ക് ഇല്ലാതായില്ല; കാരണം പ്രതിസന്ധി ഗ്രസ്തമായ ഈ കാലയളവിൽ തടസ്സമില്ലാത്ത വ്യവസായവൽക്കരണം അസാധ്യമായിരുന്നു. എന്നു മാത്രമല്ല, ചെറുകിട പ്രാദേശിക മൂലധനങ്ങൾ സമ്പദ് വ്യവസ്ഥയിലെ ഗണനീയമായ ഒരു ശക്തിയായി തുടരുകയും പലപ്പോഴും കുത്തകമൂലധനവുമായി ചെറുകിട മൂലധനത്തിനും പ്രാദേശിക മൂലധനത്തിനുമുള്ള വൈരുദ്ധ്യം രൂക്ഷമാവുകയും വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലൂടെ പ്രകടിതമാവുകയും ചെയ്തു.

1965–ൽ കേന്ദ്ര ഗവൺമെന്റ് രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയായി ഹിന്ദി അടിച്ചേൽപ്പിച്ചപ്പോൾ തമിഴ്നാട്ടിലും ചില ദക്ഷിണ സംസ്ഥാനങ്ങളിലും ശക്തമായ ഭാഷാ സമരം പൊട്ടിപുറപ്പെട്ടു. ഈ പ്രതിഭാസം ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. പ്രതിസന്ധിഗ്രസ്തമായ മുതലാളിത്തത്തിന്റെ ഈ കാലഘട്ടത്തിൽ നമ്മുടേതുപോലെ ഒരു ബഹുദേശീയതാ രാഷ്ട്രത്തിൽ, മേൽകൈയുള്ള ദേശീയതയുടെ മുതലാളിവർഗ്ഗം മറ്റ് ദുർബല ദേശീയതകളുടെ മേൽ മേധാവിത്വം ചെലുത്തുന്നു. ന്യൂനപക്ഷദേശീയതകളെയും ന്യൂനപക്ഷങ്ങളെയും അടിച്ചമർത്തുക എന്നത് ഇന്നത്തെ മുതലാളിത്തത്തിന്റെ ചര്യയാണ്. ഈ അടിച്ചമർത്തൽ സാമ്പത്തിക രംഗത്ത് മാത്രമായി ഒതുങ്ങുന്നില്ല. രാഷ്ട്രീയവും സാംസ്കാരികവും ഭാഷാപരവുമായ എല്ലാ മണ്ഡലങ്ങളിലും അത് പടരുന്നു. ഹിന്ദി ഭാഷാ പ്രദേശങ്ങളിലെ മുതലാളിവർഗ്ഗത്തിൽനിന്ന് കുത്തക മൂലധനം ആദ്യമായി വികസിക്കുകയും സ്വാതന്ത്ര്യലബ്ധിക്കുശേഷം ക്രമേണ സമ്പദ് വ്യവസ്ഥയേയും ഭരണകൂടത്തേയും അവർ നിയന്ത്രിക്കുകയും ചെയ്തു. മേൽക്കോയ്മയുള്ള ഈ മുതലാളി വർഗ്ഗം സ്വന്തം ഭാഷയായ ഹിന്ദി, ഇതര ഭാഷക്കാർക്കുമേൽ അടിച്ചേൽപ്പിച്ചു. ഇത് ഹിന്ദി സംസാരിക്കാത്ത ജനങ്ങളുടെ, പ്രത്യേകിച്ച് ഹിന്ദി തീരെ മനസ്സിലാകാത്ത തമിഴ് ജനതയുടെ വികാരങ്ങളെ ആഴത്തിൽ മുറിപ്പെടുത്തി. സ്വാഭാവികമായി അവരിൽനിന്ന് വമ്പിച്ച ഒരു പ്രതിഷേധ സമരം സ്വമേധയാ പൊട്ടിപുറപ്പെട്ടു. ഭാഷ ഒരു വൈകാരിക പ്രശ്നമാണ്. അതിൻമേലുള്ള ഏതൊരാക്രമണവും മുഴുവൻ ജനതയുടെയും വികാരമുണർത്താതെ തരമില്ല. ആ വികാരം അന്ധതയിൽനിന്നും ഇടുങ്ങിയ ചിന്താഗതിയിൽ നിന്നും മുക്തമാണെങ്കിൽ മഹത്തായ ഒരു വികാരമാണ്. കാരണം ഒരു ജനതയുടെ ബുദ്ധിപരവും സാംസ്കാരിവുമായ വികാസം വലിയൊരളവിൽ അവരുടെ ഭാഷയുടെ വികാസത്തെ ആശ്രയിച്ചിരിക്കുന്നു.

ദേശീയ മുതലാളി വർഗ്ഗവുമായി വൈരുദ്ധ്യമുള്ള തമിഴ്നാട്ടിലെ വികസനകാംക്ഷിയായ പ്രാദേശിക മുതലാളിവർഗ്ഗം സാഹചര്യത്തെ മുതലെടുത്തുകൊണ്ട് ദേശീയ മാർക്കറ്റിലെ ഒരു പങ്ക് നേടാൻ ദേശീയ മുതലാളി വർഗ്ഗത്തിന് മേൽ സമ്മർദ്ദം ചെലുത്താനായി സമരത്തെ പ്രോൽസാഹിപ്പിച്ചു. ഈ ലക്ഷ്യത്തോടെ തമിഴ് പ്രാദേശിക മുതലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയ സംഘടനയായ ഡിഎംകെ ഇന്ത്യൻ യൂണിയനിൽനിന്ന് വിഘടിച്ച് പോവുക എന്ന മുദ്രാവാക്യം ഉയർത്തി. ഡിഎംകെയുടെ സ്ഥാപകനേതാവും പാർലമെന്റ് അംഗവുമായിരുന്ന സി.എൻ.അണ്ണാദുരൈ, ഔദ്യോഗിക ഭാഷയായി ഇംഗ്ലീഷ് നിലനിർത്തിയില്ലെങ്കിൽ തമിഴ്നാടിന് വിട്ടുപോവുകയല്ലാതെ മറ്റ് മാർഗ്ഗമുണ്ടാവില്ലെന്ന് പാർലമെന്റിൽ തുറന്നു പ്രഖ്യാപിച്ചു. തമിഴ്നാടിനെപ്പോലെ വലിയൊരു മാർക്കറ്റ് നഷ്ടപ്പെടുത്താൻ ആഗ്രഹിക്കാത്ത രാജ്യത്തെ ദേശീയ മുതലാളിവർഗ്ഗം പ്രാദേശിക ബൂർഷ്വാസിയുമായി ഒത്തുതീർപ്പിലെത്തി. വിഘടനവാദ ഡിമാന്റിൽനിന്ന് ഡിഎംകെ പിന്മാറി. ഒത്തുതീർപ്പിന്റെ ഭാഗമായി തമിഴ് മുതലാളി വർഗ്ഗത്തിന് ദേശീയ മാർക്കറ്റിലെ ഒരു പങ്ക് ലഭിച്ചു. ഇതിന്റെ ഫലമായാണ് ടി.വി.എസ്, രാംകൊ, മദുരകോട്സ് തുടങ്ങി നിരവധി തമിഴ് കുത്തക കുടുംബങ്ങൾ ഉയർന്നുവന്നത്. പലസമയത്തായി ഉയർന്നുവന്ന നിരവധി ബാങ്കുകളെയും നമുക്ക് കാണാം. ഭാഷാ പ്രശ്നത്തിന് ശാശ്വതപരിഹാരം ഉണ്ടായില്ലെങ്കിലും, തമിഴ് മുതലാളിവർഗ്ഗത്തിന്റെ വികസന അഭിലാഷങ്ങൾ പൂർത്തീകരിക്കപ്പെട്ടു. ഡിഎംകെ തങ്ങളുടെ വിഘടനവാദ മുദ്രാവാക്യം ഉപേക്ഷിച്ചു. തമിഴ് മുതലാളിവർഗ്ഗം ഈ പ്രശ്നത്തെ ദേശീയ മുതലാളിവർഗ്ഗവുമായി വിലപേശാനുള്ള ഒരു ഉപകരണമായി ഉപയോഗിച്ചു. അങ്ങനെ കേന്ദ്രസർക്കാരിന്റെ ഭാഷാനയം തമിഴ് ജനതയുടെ വികാരങ്ങളെ ആഴത്തിൽ മുറിവേൽപ്പിച്ചപ്പോൾ തമിഴ് മുതലാളി വർഗ്ഗത്തിന് അത് തങ്ങളുടെ താൽപര്യത്തിനായി ഉപയോഗിക്കാൻ കഴിഞ്ഞു.

തമിഴ്നാട് വേറൊരു രാജ്യമാകാതിരുന്നത് നന്നായി. തമിഴ് മുതലാളിവർഗ്ഗത്തിന്റെ യഥാർത്ഥ ലക്ഷ്യം ഇതായിരുന്നുമില്ല എന്ന്

*(ശേഷം 13–ാം പേജിൽ)*

# കാശ്മീർ പ്രശ്നം: 370-ാം വകുപ്പിന്റെ അന്തഃസത്ത ചോർത്തിക്കളഞ്ഞത് കേന്ദ്രസർക്കാർ

(12-ാം പേജിൽ നിന്ന്)

നമ്മൾ കണ്ടു. പക്ഷേ വാദത്തിനുവേണ്ടി അത് അംഗീകരിച്ചാൽത്തന്നെ തമിഴ്നാട് വേറൊരു രാജ്യമായി മാറിയിരുന്നെങ്കിൽ ആ രാജ്യം വർഗ്ഗരഹിതമായ സമൂഹമാകുമായിരുന്നോ? മുതലാളിത്ത ചൂഷകരും കൂലിവേലക്കാരായ ചൂഷിതരും ഇല്ലാത്ത, ചൂഷണമില്ലാത്ത നാടാകുമായിരുന്നോ? ഒരു രാഷ്ട്രത്തിലെ ചൂഷിതർക്കും ചൂഷകർക്കും പൊതുതാൽപര്യങ്ങൾ ഉണ്ടാകുമോ? ചരിത്രത്തിൽ കമ്മ്യൂണിസം സ്ഥാപിതമാകുന്നതിന് മുൻപ് ഒരു രാഷ്ട്രത്തിനും വർഗ്ഗരഹിത രാഷ്ട്രമാകാൻ കഴിയില്ല. എല്ലാ രാഷ്ട്രത്തിലും ചൂഷകരും ചൂഷിതരുമുണ്ട്. അവരുടെ താൽപര്യങ്ങൾ കേവലം വ്യത്യസ്തം മാത്രമല്ല നേർവിപരീതവുമാണ്. മുതലാളിവർഗ്ഗം ദേശീയ താൽപര്യത്തിന്റെ മുദ്രാവാക്യമുയർത്തുമ്പോൾ മുതലാളിവർഗ്ഗത്തിന്റെ താൽപര്യം എന്നല്ലാതെ മറ്റൊരർത്ഥവും അതിനില്ല. അത്തരം മുദ്രാവാക്യങ്ങൾ തൊഴിലാളിവർഗ്ഗത്തെ ആശയക്കുഴപ്പത്തിൽ ആക്കരുത്.

**മതം രാഷ്ട്രരൂപീകരണത്തിന്റെ അടിസ്ഥാനമല്ല**

ദേശീയതകളുടെ സ്വയം നിർണ്ണയാവകാശം എന്ന പ്രശ്നത്തോട് വ്യത്യസ്ത സാഹചര്യങ്ങളിലുള്ള തൊഴിലാളിവർഗ്ഗ സമീപനം ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. ദേശീയതകളുടെ സ്വയം നിർണ്ണയാവകാശം ശക്തമായി ഉയർത്തിയ വലിയ പ്രക്ഷോഭങ്ങൾ ആദ്യം ബംഗ്ലാദേശിലും പിന്നീട് ശ്രീലങ്കയിലും ഇപ്പോൾ കാശ്മീരിലും നമ്മൾ കണ്ടു. ഈ വിഷയത്തെ തൊഴിലാളിവർഗ്ഗ വീക്ഷണകോണിൽ നിന്ന് എങ്ങിനെയാണ് സമീപിക്കുന്നത് അല്ലെങ്കിൽ സമീപിക്കേണ്ടത് എന്ന് പരിശോധിക്കാം.

ബംഗ്ലാദേശ് അന്ന് അറിയപ്പെട്ടിരുന്നത് കിഴക്കൻ പാക്കിസ്ഥാൻ എന്നായിരുന്നു. പടിഞ്ഞാറൻ പാകിസ്ഥാനും കിഴക്കൻ പാക്കിസ്ഥാനും ചേരുന്നതായിരുന്നു പാക്കിസ്ഥാൻ. മതത്തിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടീഷ് ഭരണാധികാരികൾ കൃത്രിമമായി സൃഷ്ടിച്ചതാണ് പാക്കിസ്ഥാൻ. പക്ഷേ ഒരു രാഷ്ടത്തിന്റെ രൂപീകരണത്തിന്റെ അടിത്തറ മതമാകാൻ കഴിയില്ല. അങ്ങിനെ ആയിരുന്നെങ്കിൽ ലോകത്തിലെ എല്ലാ ക്രിസ്ത്യൻ രാജ്യങ്ങളും ഒരു രാഷ്ട്രമായേനെ. അതുപോലെ എല്ലാ മുസ്ലീം രാജ്യങ്ങളും എല്ലാ ബുദ്ധിസ്റ്റ് രാജ്യങ്ങളും ഓരോ രാഷ്ട്രങ്ങൾ ആയി രൂപപ്പെട്ടേനെ. ഒരു രാഷ്ട്രത്തിന്റെ വികാസത്തിനാവശ്യമായ അടിസ്ഥാന ഘടകങ്ങൾ ഏതൊക്കെയാണെന്ന് ചരിത്രത്തിന്റെ പാഠങ്ങളിൽനിന്ന് മനോഹരമായി സ്റ്റാലിൻ കാണിച്ചു. മാർക്സിസവും ദേശീയതാ പ്രശ്നവും എന്ന തന്റെ വിഖ്യാത കൃതിയിൽ സ്റ്റാലിൻ പറയുന്നു. "ഒരു രാഷ്ട്രം ചരിത്രപരമായി സംഘടിതവും സ്ഥിരതയുള്ളതുമായ ഒരു ജനസഞ്ചയമാണ്. അത് പൊതുവായഭാഷയുടെയും ഭൂപ്രദേശത്തിന്റെയും സാമ്പത്തിക ജീവിതത്തിന്റെയും മനോഘടനയുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുന്നതും പൊതുവായ സംസ്കാരത്തിലൂടെ പ്രകടിതമാകുന്നതുമാണ്".

ഈ ഉപാധികളൊന്നും പാകിസ്ഥാൻ രൂപീകരിച്ചപ്പോൾ പൂർത്തീകരിച്ചിരുന്നില്ല. പടിഞ്ഞാറൻ പാക്കിസ്ഥാനിൽ നിന്ന് വളരെ ദൂരെ, ആയിരക്കണക്കിന് മൈലുകൾ താണ്ടിയുള്ള കടൽമാർഗ്ഗമുള്ള ബന്ധമല്ലാതെ ഭൂമിശാസ്ത്രപരമായ തുടർച്ചയില്ലാതെയാണ് കിഴക്കൻ പാക്കിസ്ഥാൻ സ്ഥിതി ചെയ്തിരുന്നത്. പൊതുവായ മതമൊഴികെ ഈ രണ്ടു ജനതകളും തമ്മിൽ ഒരു സാമ്യവും ഉണ്ടായിരുന്നില്ല. മാത്രമല്ല കിഴക്കൻ പാക്കിസ്ഥാനിലെ ഉന്നത ഉദ്യോഗസ്ഥ തസ്തികകളിലെല്ലാം പടിഞ്ഞാറൻ പാക്കിസ്ഥാനിൽ നിന്നുള്ളവരെയാണ് നിയമിച്ചിരുന്നത്. കിഴക്കൻ പാക്കിസ്ഥാനിൽ നിന്നുള്ള നികുതിവരുമാനത്തിന്റെ മുഖ്യപങ്കും പടിഞ്ഞാറൻ പാക്കിസ്ഥാനിൽ വിനിയോഗിക്കുകയും ചെയ്തിരുന്നു. ഏകദേശമൊരു കോളനിവാഴ്ചപോലുള്ള ഈ മർദ്ദന ഭരണത്തിനെതിരെ കിഴക്കൻ പാക്കിസ്ഥാനിലെ ജനങ്ങളിൽ വലിയ പ്രതിഷേധം വളർന്നുവന്നിരുന്നു. അവസാനം കിഴക്കൻ പാക്കിസ്ഥാനിലെ ജനതയ്ക്ക് തികച്ചും അപരിചിത ഭാഷയായിരുന്ന ഉർദു ഔദ്യോഗിക ഭാഷയായി അടിച്ചേൽപ്പിച്ചപ്പോൾ, അതിനെത്തുടർന്നുണ്ടായ പ്രക്ഷോഭണം പടിഞ്ഞാറൻ പാക്കിസ്ഥാന്റെ ഭരണത്തിനെതിരായ ഒരു ഉയിർത്തെഴുന്നേൽപ്പായി മാറി. കിഴക്കൻ പാക്കിസ്ഥാനിലെ ജനങ്ങൾ പൂർണ്ണ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.

അന്നുവരെ പൂർത്തീകരിക്കാതിരുന്ന അവരുടെ ദേശീയ അഭിലാഷങ്ങളും അവ നേടിയെടുക്കാനുള്ള അവരുടെ ആഴമാർന്ന ആഗ്രഹവും സ്വാതന്ത്ര്യം നേടാനുള്ള സമരത്തിൽ പ്രകടിതമായി. ഈ സമരം നീതിയുക്തവും ചരിത്രപരവുമായിരുന്നു. അതുകൊണ്ടാണ് ലോകത്തെ എല്ലാ പുരോഗമന ശക്തികളുടെയും പിന്തുണ അതിന് ലഭിച്ചത്.

1951-ൽ തന്നെ അന്നത്തെ കിഴക്കൻ പാക്കിസ്ഥാന്റെ വിധി ജോസഫ് സ്റ്റാലിന് മുൻകൂട്ടി കാണാൻ കഴിഞ്ഞു. അവിഭക്ത സിപിഐയുടെ കേന്ദ്രകമ്മിറ്റി അംഗങ്ങളുടെ ഒരു ഗ്രൂപ്പുമായുള്ള കൂടിക്കാഴ്ചയുടെ അവസരത്തിൽ, കൃത്രിമമായി സൃഷ്ടിക്കപ്പെട്ട ഇന്ത്യ, പാക്കിസ്ഥാൻ, സിലോൺ എന്നീ മൂന്ന് രാഷ്ട്രങ്ങളെ പരാമർശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "കൃത്രിമമായ ഈ വിഭജനം ബംഗാളിൽ വിശേഷിച്ചും വളരെ വ്യക്തമാണ്. ലഭിക്കുന്ന ആദ്യത്തെ അവസരത്തിൽ ബംഗാൾ പ്രവിശ്യ പാക്കിസ്ഥാനിൽ നിന്ന് അടർന്ന് മാറും".

സ്റ്റാലിന്റെ ഈ നിരീക്ഷണം പ്രവചനതുല്യമാണ്. എന്നു മാത്രമല്ല അന്നത്തെ കിഴക്കൻ പാക്കിസ്ഥാനിലെ (ഇപ്പോൾ ബംഗ്ലാദേശ്) ജനങ്ങൾ പാക്കിസ്ഥാനിൽനിന്നുള്ള വിഘടനത്തിനുവേണ്ടി നടത്തിയ പോരാട്ടത്തിന്റെ ന്യായയുക്തത എടുത്തുകാണിക്കുന്നു.

**ശ്രീലങ്കയുടെ അനുഭവം**

പക്ഷേ ശ്രീലങ്കയിലെ എൽടിടിഇ വിഘടനത്തിനുവേണ്ടി നടത്തിയ സമരത്തിന് വ്യത്യസ്തമായ ഒരു പശ്ചാത്തലമാണുണ്ടായിരുന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് വിദേശ സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനുമെതിരെ ശ്രീലങ്കയിൽ (അന്നത്തെ സിലോൺ) സ്വാതന്ത്ര്യ സമരം ആരംഭിച്ചപ്പോൾ സിംഹളരും തമിഴരും ഒന്നിച്ച് സമരം വളർത്തിയെടുത്തു. ചരിത്രപരമായി ഒരു ദേശവും ദേശീയ രാഷ്ട്രവും രൂപീകരിക്കാനുള്ള ബൂർഷ്വാ ജനാധിപത്യ വിപ്ലവ പ്രസ്ഥാനമായിരുന്നു അത്.

പക്ഷേ സാമ്രാജ്യത്വത്തിന്റെ ഈ കാലഘട്ടത്തിൽ ശ്രീലങ്കയുടെ സ്വാതന്ത്ര്യസമരം ശ്രീലങ്കൻ മുതലാളിവർഗ്ഗമാണ് നയിച്ചത് എന്നതിനാൽ സമൂഹത്തിന്റെ പൂർണ്ണ ജനാധിപത്യവൽക്കരണം നടപ്പാക്കാനായില്ല. എന്നുമാത്രമല്ല പ്രാദേശികവാദം, വർഗ്ഗീയത, ഭാഷാസങ്കുചിതത്വം തുടങ്ങിയ ജന്മിത്ത ചിന്താഗതികൾ സമൂഹത്തിൽ ആഴത്തിൽ വേരോടിയിരുന്നു. ബുദ്ധസന്യാസിമാർക്ക് പോലും ഭരണസംവിധാനത്തിൽ ഗണ്യമായ സ്വാധീനമുണ്ട്. കൃഷിയും മൽസ്യബന്ധനവും റബ്ബർ, തേയില തോട്ടങ്ങളിലെ പണിയും തൊഴിലാക്കിയ സിംഹള ജനതയേക്കാൾ, വിദ്യാഭ്യാസപരമായും സാമ്പത്തികമായും മുന്നേറിയിരുന്ന തമിഴ് ജനത വേറിട്ടൊരു രാഷ്ട്രത്തിന് വേണ്ടി പോരാടിയില്ല. സ്വാതന്ത്ര്യത്തിന് ശേഷം ഏറെക്കാലം തമിഴ് ജനത, വിഘടിച്ചുപോവുക എന്ന ഡിമാന്റ് ഉയർത്തിയിരുന്നില്ല. പക്ഷേ, ശ്രീലങ്കയിലെ ആകെ ജനസംഖ്യയുടെ 20% മാത്രമേ തമിഴർ ഉണ്ടായിരുന്നുള്ളു. സ്വാഭാവികമായും സ്വാതന്ത്ര്യാനന്തരം തെരഞ്ഞെടുപ്പിലൂടെ ഗവൺമെന്റുകൾ രൂപീകരിച്ചപ്പോഴൊക്കെ സിംഹളർ കേവല ഭൂരിപക്ഷത്തെ നിയന്ത്രിച്ചു, സർക്കാരിൽ തമിഴ് മന്ത്രിമാർ ഉണ്ടെങ്കിൽപോലും.

മുതലാളിത്ത രാജ്യങ്ങളിലെല്ലാം സംഭവിക്കന്നതുപോലെ ശ്രീലങ്കയിലും സിംഹളമുതലാളിവർഗ്ഗം സർക്കാരിന്റെ പിന്തുണയോടെ തമിഴ് മുതലാളിവർഗ്ഗത്തെ അവഗണിക്കാൻ തുടങ്ങി. ഒപ്പം തന്നെ തമിഴ് ജനതയും പ്രത്യേകിച്ച് വിദ്യാർത്ഥികളും യുവാക്കളും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന്റെ കാര്യത്തിലും തൊഴിലിന്റെ കാര്യത്തിലും വിവേചനം നേരിട്ടു. സിംഹള വിദ്യാർത്ഥികൾ കുടുതൽ പരിഗണിക്കപ്പെട്ടു. കൂടാതെ മതാന്ധരായ ബുദ്ധിസ്റ്റ് സന്യാസിമാരുടെ പ്രകോപനത്താൽ ഇടക്കിടെ വർഗ്ഗീയലഹളകളും നടന്നു. ഇതെല്ലാം തമിഴ് ജനതക്കിടയിൽ ആഴത്തിലുള്ള രോഷവും പരിഭവവും ഉണ്ടാക്കിക്കൊണ്ടിരുന്നു. അവസാനം സിംഹളഭാഷ തമിഴർക്ക് മേൽ അടിച്ചേൽപ്പിച്ചപ്പോൾ അതുവരെ സഞ്ചിതമായിരുന്ന തമിഴരുടെ പരാതികൾ ഒരു വലിയ കലാപമായി പൊട്ടിത്തെറിച്ചു. തമിഴ് ജനതക്കെതിരെ ശ്രീലങ്കൻ സർക്കാർ നടത്തുന്ന ആക്രമണങ്ങളെ ചെറുക്കാൻ തമിഴ് യുണൈറ്റഡ് ലിബറേഷൻ ഫ്രണ്ട് (ടിയുഎൽഎഫ്) രൂപീകരിക്കപ്പെട്ടു. പക്ഷേ തമിഴ് ജനതക്ക് പൂർണ്ണസ്വയം ഭരണത്തിന് വേണ്ടി പ്രവർത്തിച്ച ടിയുഎൽഎഫിന്റെ നേതൃത്വത്തിൽ വലിയൊരു വിഭാഗം വിദ്യാർത്ഥികൾക്കും യുവാക്കൾക്കും വിശ്വാസമുണ്ടായിരുന്നില്ല. ഈ വിഭാഗത്തിന് വേറിട്ടൊരു രാഷ്ട്രമാണ് വേണ്ടിയിരുന്നത്, സ്വതന്ത്രമായ ഒരു തമിഴ് ദേശീയ രാഷ്ട്രം. അവർ ടിയുഎൽഎഫിൽ നിന്ന് പുറത്തു വന്ന് പുതിയ ഒരു സംഘടന രൂപീകരിച്ചു. അതാണ് ലിബറേഷൻ ടൈഗേഴ്സ് ഓഫ് തമിഴ് ഈഴം (എൽടിടിഇ). തമിഴ് ഈഴം എന്ന് വിളിക്കപ്പെടുന്ന തമിഴർക്കുവേണ്ടിയുള്ള പ്രത്യേക രാജ്യത്തിന് വേണ്ടി അവർ ശ്രീലങ്കൻ ഭരണകൂടത്തിനെതിരെ സായുധസമരം ആരംഭിച്ചു. പ്രത്യേക രാഷ്ട്രത്തിന് വേണ്ടിയുള്ള തങ്ങളുടെ ഡിമാന്റ് ന്യായീകരിക്കാനായി എൽടിടിഇ സ്വയംനിർണ്ണയത്തിനുള്ള അവകാശം ഉന്നയിച്ചു.

നിരവധി വർഷങ്ങൾ അവർ സായുധപോരാട്ടം നടത്തി, ചെറുപ്പക്കാരായ തമിഴരെ ചേർത്ത് ഒരു സായുധ സേന രൂപീകരിച്ചു, നിരവധിപേർക്ക് ജീവൻ ബലിയർപ്പിക്കേണ്ടി വന്നു. പക്ഷേ, അന്തിമമായി അവർ വിജയിച്ചില്ല. സായുധസമരത്തിൽ മാത്രമല്ല, വിഭജനത്തിന് വേണ്ടിയുള്ള അവരുടെ ആവശ്യത്തിന് ലോകരംഗത്ത് പിന്തുണ നേടിയെടുക്കുന്നതിലും അവർ വിജയിച്ചില്ല. ശ്രീലങ്കൻ ഭരണകൂടത്തിന്റെ വിവേചന മർദ്ദന നടപടികളെയും പരിപാടികളെയും ലോകത്തെ പുരോഗമനശക്തികൾ, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റുകൾ, നമ്മുടെ പാർട്ടിയടക്കം അപലപിച്ചു. പക്ഷേ ഒരു രാജ്യം പോലും എൽടിടിഇയുടെ ഡിമാന്റിനെ പിന്തുണച്ചില്ല. എന്തുകൊണ്ടാണത്? കാരണം, വിഭജനത്തിന്റെ ഡിമാന്റ്, ചരിത്രപരമായി ന്യായീകരിക്കാവുന്നതായിരുന്നില്ല.

ശ്രീലങ്കൻ ദേശീയ രാഷ്ട്രത്തിന്റെ (അതൊരു ബൂർഷ്വാ ദേശീയ രാഷ്ട്രമാണ്) രൂപീകരണത്തിന് വേണ്ടിയുള്ള സമരത്തിൽ തമിഴ് ജനത തുല്യനിലയിൽ പങ്കെടുത്തു എന്നത് ശ്രീലങ്കൻ ചരിത്രത്തിൽ നിന്ന് നമ്മൾ കണ്ടു കഴിഞ്ഞു. സ്വാഭാവികമായും സ്വാതന്ത്ര്യത്തിന് ശേഷം സമരം മറ്റൊരു ഘട്ടത്തിലേക്ക് കടന്നു, മുതലാളിത്ത വിരുദ്ധ വിപ്ലവത്തിന്റെ ഘട്ടം. ഒരു ബഹുദേശീയതാരാഷ്ട്രത്തിൽ, മരണാസന്നമായ മുതലാളിത്തത്തിന്റെ കാലത്ത്, വൻകിട ദേശീയതയുടെ മുതലാളി വർഗ്ഗം ചെറുകിട ദേശീയതകളെ അടിച്ചമർത്തുന്നത് സ്വാഭാവിക ക്രമമാണെന്ന ഏറ്റവും പ്രധാനപ്പെട്ട വസ്തുത മനസ്സിലാക്കാൻ, അവരുടെ ആത്മാർത്ഥവും സത്യസന്ധവുമായ സമരങ്ങളെല്ലാം ഒരുഭാഗത്തുണ്ടായിട്ടും, എൽടിടിഇ നേതൃത്വത്തിന് കഴിഞ്ഞില്ല. മർദ്ദകനടപടികൾ, ശ്രീലങ്കയിലെ ഭരണമുതലാളി വർഗ്ഗത്തിന്റെ പ്രതിനിധിയായ സിംഹള സർക്കാർ ആണെടുത്തത്, ചൂഷിതരായ ശ്രീലങ്കയിലെ സാധാരണ ജനങ്ങളല്ല. ശ്രീലങ്കയിലെ സാധാരണ പൗരന്മാരെയും ഇതേ ശ്രീലങ്കൻ മുതലാളി വർഗ്ഗം ചൂഷണം ചെയ്യുകയും അടിച്ചമർത്തുകയും ചെയ്യുന്നുണ്ട്. ഏതാനും വർഷങ്ങൾക്ക് മുൻപാണ്, ജനതാവിമുക്തി പെരുമുന (ജെവിപി)യുടെ ആയിരക്കണക്കിന് യുവാക്കളെ ഇതേ ശ്രീലങ്കൻ സർക്കാർ കൂട്ടക്കൊല ചെയ്തത്. അതുകൊണ്ട്, തമിഴരെ മാത്രമല്ല, സിംഹളരെയും ഭരണമുതലാളിവർഗ്ഗം ഒരുപോലെ ചൂഷണം ചെയ്യുകയും അടിച്ചമർത്തുകയും ചെയ്യുന്നുണ്ട്. ഇക്കാലത്ത് ഒരു ബഹുദേശീയതാ മുതലാളിത്ത ചൂഷക ഭരണകൂടത്തിന്റെ യഥാർത്ഥ സ്വഭാവം ഇതാണ്. സ്വാഭാവികമായും, ഞങ്ങളുടെ ശക്തമായ അഭിപ്രായം, രണ്ട് ദേശീയതകളിലെയും ചൂഷിതരായ ജനങ്ങൾ, സർക്കാരിന്റെ എല്ലാ മർദ്ദന നടപടികൾക്കുമെതിരെ യോജിച്ചുനിന്ന് പോരാടുകയും, ചൂഷക മുതലാളിത്ത ദേശീയ രാഷ്ട്രത്തെ തകർത്ത് ഒരു സോഷ്യലിസ്റ്റ് ഭരണകൂടം സ്ഥാപിക്കാനുള്ള സമരത്തിന് അനുരോധമായവിധം ആ പോരാട്ടങ്ങൾ നയിക്കുകയും ചെയ്യണമായിരുന്നു എന്നാണ്. അങ്ങനെ മാത്രമെ, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാനാവൂ, പ്രബല ദേശീയത, ദുർബല ദേശീയതയെ അടിച്ചമർത്തുന്നതും അവസാനിപ്പിക്കാൻ കഴിയൂ.

യഥാർത്ഥത്തിൽ ഒരു ബഹുദേശീയതാ രാഷ്ട്രത്തിൽ, ബൂർഷ്വാഭരണകൂടം നടത്തുന്ന തീവ്രമായ അടിച്ചമർത്തലിന്റെയും പീഡനത്തിന്റെയും സാഹചര്യത്തിൽ, രണ്ട് ജനതകൾക്ക് ഒരുമിച്ച് ജീവിക്കാനാവാത്തവിധം അവർ തമ്മിലുള്ള ബന്ധങ്ങൾ വഷളായിട്ടില്ലെങ്കിൽ, വിഘടനത്തിന്റെ ഡിമാന്റല്ല, പൂർണ്ണസ്വയംഭരണത്തിനുള്ള ഡിമാന്റാണ് ശരിയായ പരിഹാരം. ഈ ദിശയിലുള്ള ഒരു പ്രവർത്തനപദ്ധതി, ന്യൂനപക്ഷ ദേശീയതയ്ക്ക് സ്വന്തം ആവശ്യകതയും ആഗ്രഹങ്ങളും അനുസരിച്ച് അവരുടെ ജീവിതം ചിട്ടപ്പെടുത്താനുള്ള പൂർണ്ണ അവകാശം നൽകും. എന്ന് മാത്രമല്ല, ഭൂരിപക്ഷ ദേശീയതയിലെ തൊഴിലാളി വർഗ്ഗവും മറ്റ് ചൂഷിത ജനങ്ങളുമായി ഐക്യം നിലനിർത്തിക്കൊണ്ട്, ഏറ്റവും കേന്ദ്രീകൃതമായ ബൂർഷ്വാ ഭരണകൂടത്തെ നിയന്ത്രിക്കുന്ന പൊതുശത്രുവായ, ഭരിക്കുന്ന ദേശീയ മുതലാളി വർഗ്ഗത്തിനെതിരെ യോജിച്ച പോരാട്ടം നടത്താനുള്ള അവസരവും അവർക്ക് നൽകും. എൽടിടിഇ നേതൃത്വം ശരിയായ രാഷ്ട്രീയ ലൈൻ പിന്തുടർന്നിരുന്നുവെങ്കിൽ, ഇത്രയും നീണ്ട ഒരു പോരാട്ടത്തിന് ശേഷം, അളവറ്റ യാതനകൾക്കും ത്യാഗങ്ങൾക്കും ശേഷം, പൂർണ്ണസ്വയംഭരണമെന്ന ഡിമാന്റ് നേടാനാകുമായിരുന്നു. ഞങ്ങൾ മനസ്സിലാക്കുന്നത്, ശ്രീലങ്കയിലെ തമിഴ്ജനതയുടെ സമരത്തിന്റെ ഘട്ടം, ഇപ്പോഴും ഇതുതന്നെയാണ് എന്നാണ്.

ബംഗ്ലാദേശിലെയും, ശ്രീലങ്കയിലെയും സാഹചര്യം, കാശ്മീരിലെ സാഹചര്യത്തിൽ നിന്ന് തീർച്ചയായും വ്യത്യസ്തമാണ്. എങ്കിൽപ്പോലും, തൊഴിലാളി വർഗ്ഗത്തിന്റെയും മറ്റ് ചൂഷിത ജനങ്ങളുടെയും യഥാർത്ഥ മോചനം എന്ന വിഷയത്തോട് ബോധമുള്ള തൊഴിലാളിവർഗ്ഗത്തിന്റെ അഥവാ കമ്മ്യൂണിസ്റ്റുകളുടെ സമീപനം അടിസ്ഥാനപരമായി വ്യത്യസ്തമാകാൻ കഴിയില്ല. ദേശീയപ്രശ്നത്തിന്റെ ഓരോ പ്രത്യേക ദൃഷ്ടാന്തത്തിലും, സമരത്തിന്റെ സ്വഭാവവും അതിന്റെ സങ്കീർണ്ണതകളും വർഗ്ഗബോധമുള്ള തൊഴിലാളിവർഗ്ഗം ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. വിഭജനമാണോ, പൂർണ്ണ സ്വയംഭരണമാണോ, ഇതിൽ ഏതാണ് അവരുടെ വിമോചന പോരാട്ടത്തെ ശക്തിപ്പെടുത്തുക എന്നാലോചിക്കണം. ബംഗ്ലാദേശിന്റെ കാര്യത്തിൽ ന്യൂനപക്ഷ മർദ്ദനം മാത്രമായിരുന്നില്ല, കൊളോണിയൽ അടിച്ചമർത്തൽ ഒരു വശത്തും ഒരു ദേശീയ രാഷ്ട്രമായി വികസിക്കാനുള്ള അഭിലാഷങ്ങൾ പൂർത്തീകരിക്കാനുള്ള സമരം മറുവശത്തുമുണ്ടായിരുന്നു. ശ്രീലങ്കയുടെ കാര്യത്തിൽ അതിഗുരുതരമായ ന്യൂനപക്ഷ പീഡനവും അടിച്ചമർത്തലും ആയിരുന്നു. പക്ഷേ, തമിഴരും ശ്രീലങ്കൻ ജനതയുമായുള്ള ബന്ധം, അതുമൂലം വഷളായില്ല.

**തൊഴിലാളിവർഗ്ഗവീക്ഷണം അനിവാര്യം**

ബോധമുള്ള തൊഴിലാളിവർഗ്ഗം വിഭജനത്തെ പിന്തുണക്കുന്നത് എപ്പോഴാണ്, കൃത്യമായി ഏതു സാഹചര്യത്തിലാണ്? കമ്മ്യൂണിസ്റ്റുകൾ വിഭജനത്തെ പിന്തുണക്കുന്നില്ല എന്നത് ശരിയല്ല. മറിച്ച്, എല്ലായിടത്തും, അവർ സ്വയം നിർണ്ണയത്തിനുള്ള അഥവാ വിഭജനത്തിനുള്ള അവകാശം ഉയർത്തിപിടിക്കുന്നു, അത് ചരിത്രപരമായി നീതികരിക്കാവുന്നതാണെങ്കിൽ, ചൂഷിതരുടെ വിമോചന സമരത്തെ യഥാർത്ഥത്തിൽ അത് ശക്തിപ്പെ

(ശേഷം 14-ാം പേജിൽ)

# കാശ്മീർ പ്രശ്നം: 370-ാം വകുപ്പ് വ്യവസ്ഥ ചെയ്തിരുന്ന പൂർണ്ണ സ്വയംഭരണം പുനഃസ്ഥാപിക്കുക

(13-ാം പേജിൽ നിന്ന്)

ടുത്തുമെങ്കിൽ. റഷ്യയിലെ തൊഴിലാളി വർഗ്ഗ വിപ്ലവത്തിന് ശേഷം എല്ലാ ദേശീയതകൾക്കും വിഭജനത്തിനുള്ള അവകാശം നൽകുന്ന വളരെ പ്രധാനപ്പെട്ട ഒരു പ്രത്യേക വ്യവസ്ഥ ലെനിന്റെ നേതൃത്വത്തിൽ പുതുതായി രൂപം കൊണ്ട സോവിയറ്റ് യൂണിയന്റെ ഭരണഘടനയിൽ എഴുതി ചേർത്തു. ഒരു മുതലാളിത്ത രാഷ്ട്രത്തിനും ഇങ്ങനെയൊന്ന് ഒരിക്കലും ചിന്തിക്കാനാവില്ല. പക്ഷേ എന്തുകൊണ്ടാണ് ലെനിൻ എല്ലാ ദേശീയതകൾക്കും ഈ അവകാശം അനുവദിച്ചത്?

ഒന്നാമതായി, സാറിസ്റ്റ് വാഴ്ചയുടെ കാലത്ത്, മഹാറഷ്യൻ ദേശീയത, ദുർബല ദേശീയതകളെ തീവ്രമായി അടിച്ചമർത്തുകയും പീഡിപ്പിക്കുകയും ചെയ്തിരുന്നു. കെറൻസ്കി സർക്കാരിന്റെ കീഴിലുള്ള മുതലാളിത്ത ഭരണവും ദുർബല ദേശീയതകളോട് ഈ അടിച്ചമർത്തൽ നയം തന്നെ തുടർന്നു. സ്വാഭാവികമായും വിപ്ലവത്തിന് ശേഷം സ്ഥാപിക്കപ്പെട്ട കേന്ദ്ര ഭരണത്തോട് ദുർബല ദേശീയതകൾക്ക് ആശങ്കയും അകൽച്ചയും ഉണ്ടായി. അതിനാൽ ദുർബല ദേശീയതകളുടെ മനസ്സിൽ നിന്ന് ഈ ആശങ്ക മാറ്റേണ്ടത് ആവശ്യമായിരുന്നു.

രണ്ടാമതായി, കൂടുതൽ പ്രധാനമായി, സോഷ്യലിസത്തിൽ മൂലധനത്തിന്റെ ഭരണം ഇല്ലാത്തതിനാലും ഉല്പാദന ഉപാധികളുടെ മേൽ സാമൂഹിക ഉടമസ്ഥതയുള്ളതിനാലും മനുഷ്യൻ മനുഷ്യനെയോ ഒരു ദേശീയത മറ്റു ദേശീയതകളെയോ അടിച്ചമർത്തുന്ന പ്രശ്നമില്ലെന്ന് ദുർബല രാജ്യങ്ങൾക്കും ലോകത്തിനുതന്നെയും കാണിച്ചുകൊടുക്കാൻ ലെനിൻ ആഗ്രഹിച്ചു. സോഷ്യലിസത്തിൽ മാത്രമേ, എല്ലാ ദേശീയതകൾക്കും സ്വതന്ത്രമായി, സാപേക്ഷിക സ്വാതന്ത്ര്യത്തോടെ, പരസ്പരസഹായത്തോടെയും സഹകരണത്തോടെയും വികസിക്കാനാവൂ. വിഭജനത്തിനുള്ള അവകാശം ദേശീയതകൾക്ക് നൽകിയെങ്കിലും ഒരൊറ്റ ദേശീയതയും സോവിയറ്റ് യൂണിയനിൽ സോഷ്യലിസം നിലനിന്നിടത്തോളം കാലം വിട്ടുപോകുന്നതിനെപ്പറ്റി ചിന്തിക്കുകപോലും ചെയ്യാതിരുന്നത് അതുകൊണ്ടാണ്.

പ്രകൃതിയിലും സമൂഹത്തിലുമുള്ള രണ്ട് പ്രതിഭാസങ്ങൾ ഒരിക്കലും സർവ്വസമമാകില്ല. പ്രത്യേകിച്ച് സമൂഹത്തിൽ. സാമൂഹിക-സാംസ്ക്കാരിക വ്യത്യാസങ്ങൾ കാരണം, ഒരേ പോലുള്ള സാമ്പത്തിക അടിത്തറയുണ്ടെങ്കിലും, രാഷ്ട്രങ്ങൾ തമ്മിൽ നിരവധി വ്യത്യാസങ്ങൾ നിലനിൽക്കുന്നു. പക്ഷേ അത്തരം വ്യത്യാസങ്ങൾ ഉണ്ടെങ്കിലും, രാഷ്ട്രങ്ങളുടെ സ്വയം നിർണ്ണയാവകാശത്തെക്കുറിച്ചുള്ള അടിസ്ഥാനസമീപനം ഒന്നുതന്നെയാണ്.

നമ്മൾ ഇതുകൂടി ഓർത്തിരിക്കണം, ഓരോ രാഷ്ട്രത്തിലും അത്തരം വ്യത്യാസങ്ങൾ നിലനിൽക്കുമ്പോൾ തന്നെ, ദേശീയതകളുടെ സ്വയം നിർണ്ണായാവകാശത്തിന്റെ വിഷയത്തിൽ മുതലാളി വർഗ്ഗത്തിന്റെ സമീപനവും തൊഴിലാളി വർഗ്ഗത്തിന്റെ സമീപനവും ഒന്നായിരിക്കില്ല. ഒരു ബഹുദേശീയതാരാജ്യത്ത്, പ്രബല ദേശീയതയുടെ മുതലാളിവർഗ്ഗത്താൽ അടിച്ചമർത്തപ്പെടുന്ന ദുർബ്ബല ദേശീയതയുടെ മുതലാളിവർഗ്ഗം എപ്പോഴും പ്രത്യേക കമ്പോളത്തിന് വേണ്ടി, അവരുടെ സ്വന്തം ഗാർഹിക കമ്പോളത്തിന് വേണ്ടി പ്രബല മുതലാളിവർഗ്ഗത്തിനെതിരെയുള്ള സമരത്തിൽ തൊഴിലാളി വർഗ്ഗവുമായി ഒന്നിച്ചു നിൽക്കാൻ ശ്രമിക്കും.

സ്റ്റാലിൻ വ്യക്തമായി പറഞ്ഞു:

"വളരുന്ന മുതലാളി വർഗ്ഗത്തിന്റെ മുഖ്യപ്രശ്നം, കമ്പോളത്തിന്റെ പ്രശ്നമാണ്. സ്വന്തം ചരക്കുകൾ വിറ്റഴിച്ച്, ഇതര ദേശീയതയിലെ മുതലാളിവർഗ്ഗവുമായുള്ള മത്സരത്തിൽ വിജയിച്ച് വരിക എന്നതാണ് അതിന്റെ ലക്ഷ്യം. അതുകൊണ്ടാണ് "സ്വന്തം", "ആഭ്യന്തര" കമ്പോളം ഭദ്രമാക്കാൻ അതാഗ്രഹിക്കുന്നത്. മുതലാളിവർഗ്ഗം, അതിന്റെ ദേശസ്നേഹം പഠിക്കുന്ന ആദ്യത്തെ വിദ്യാലയമാണ് കമ്പോളം."

സ്റ്റാലിൻ തുടർന്ന് പറയുന്നു:

"ഉയർന്നുവരുന്ന മുതലാളിത്തത്തിന്റെ സാഹചര്യങ്ങളിലുള്ള ദേശീയസമരം, മുതലാളിവർഗ്ഗങ്ങൾ തമ്മിലുള്ള സമരമാണ്. ചിലപ്പോൾ, തൊഴിലാളിവർഗ്ഗത്തെ ദേശീയ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവരുന്നതിൽ മുതലാളിവർഗ്ഗം വിജയിക്കുന്നു. അപ്പോൾ ദേശീയസമരം പുറമേയ്ക്ക് ഒരു "ദേശവ്യാപക" സ്വഭാവം ആർജ്ജിക്കുന്നു. പക്ഷേ, ഇത് പുറമേക്ക് മാത്രമാണ്. അതിന്റെ സാരാംശത്തിൽ അതൊരു മുതലാളി വർഗ്ഗസമരമാണ്, മുതലാളിവർഗ്ഗത്തിന്റെ നേട്ടവും, ലാഭവും ലക്ഷ്യം വക്കുന്ന ഒരു സമരം.

"പക്ഷേ ഇപ്പറഞ്ഞതിൽനിന്ന്, ദേശീയ മർദ്ദനത്തിന്റെ നയത്തിനെതിരെ തൊഴിലാളിവർഗ്ഗം പോരാട്ടം നടത്തേണ്ട എന്ന് സിദ്ധിക്കുന്നില്ല."

"സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുന്നത്, വോട്ടവകാശം നിഷേധിക്കുന്നത്, ഭാഷാപരമായ അടിച്ചമർത്തൽ, സ്കൂളുകൾ അടച്ചുപൂട്ടുന്നത് തുടങ്ങിയ മർദ്ദന നടപടികൾ മുതലാളിവർഗ്ഗത്തോടൊപ്പം, ഒരു പക്ഷേ അതിനെക്കാളേറെ തൊഴിലാളിവർഗ്ഗത്തെയും ബാധിക്കുന്നു. ഇത്തരം ഒരു അവസ്ഥാവിശേഷം, മർദ്ദിത രാഷ്ട്രങ്ങളിലെ തൊഴിലാളിവർഗ്ഗത്തിന്റെ ബൗദ്ധിക ശക്തികളുടെ സ്വതന്ത്രവികാസത്തെ മുരടിപ്പിക്കാനേ സഹായിക്കൂ. ഒരു ടാറ്റാർ അല്ലെങ്കിൽ ജൂത തൊഴിലാളിക്ക് തന്റെ യോഗങ്ങളിലും പ്രഭാഷണങ്ങളിലും സ്വന്തം മാതൃഭാഷ ഉപയോഗിക്കാൻ അനുവാദമില്ലെങ്കിൽ, അവന്റെ സ്കൂളുകൾ അടച്ചുപൂട്ടിയാൽ പിന്നെ, അവന്റെ ബുദ്ധിപരമായ കഴിവുകളുടെ പൂർണ്ണവികാസത്തെക്കുറിച്ച് ഗൗരവമായി സംസാരിക്കാനാവില്ല. "പക്ഷേ, ദേശീയമർദ്ദനം, തൊഴിലാളി വർഗ്ഗത്തിന്റെ താല്പര്യങ്ങൾക്ക് മറ്റൊരു തരത്തിലും അപകടം വരുത്തുന്നു. ഒരു വലിയ വിഭാഗത്തിന്റെ ശ്രദ്ധ, സാമൂഹ്യവിഷയങ്ങളിൽ നിന്ന്, വർഗ്ഗസമരത്തിന്റെ വിഷയങ്ങളിൽനിന്ന്, ദേശീയപ്രശ്നങ്ങളിലേക്ക്, തൊഴിലാളി വർഗ്ഗത്തിനും മുതലാളി വർഗ്ഗത്തിനും "പൊതുവായ" വിഷയങ്ങളിലേക്ക് അത് വ്യതിചലിപ്പിക്കുന്നു. ഇത്, "താൽപര്യങ്ങളുടെ സമന്വയ"ത്തെക്കുറിച്ചുള്ള കള്ളപ്രചാരണത്തിന്, തൊഴിലാളി വർഗ്ഗത്തിന്റെ വർഗ്ഗതാല്പര്യങ്ങൾ വിസ്മരിക്കുന്നതിന്, തൊഴിലാളികളെ ബൗദ്ധികമായി അടിമപ്പെടുത്തുന്നതിന് വളക്കൂറുള്ള മണ്ണൊരുക്കുന്നു. ഇതാകട്ടെ എല്ലാ ദേശീയതകളിലുമുള്ള തൊഴിലാളികളെ ഒന്നിപ്പിക്കുന്നതിന് ഗുരുതരമായ തടസ്സം സൃഷ്ടിക്കുന്നു."

**വിട്ടുപോകൽ പ്രശ്നപരിഹാരമല്ല**

കാശ്മീർ ഒരു പ്രത്യേക രാഷ്ട്രം ആയി എന്ന് സങ്കൽപ്പിക്കുക. അതിലൂടെ കാശ്മീർ ഒരു വർഗ്ഗരഹിത സമൂഹമാകുമോ? അവിടത്തെ പ്രാദേശിക മുതലാളിമാരുടെ ചൂഷണം ഉണ്ടാവില്ലേ? തീർച്ചയായും ആ പ്രത്യേക രാഷ്ട്രവും ഒരു ചൂഷണാധിഷ്ഠിത സമൂഹമായിരിക്കും, അവിടെ തൊഴിലാളിവർഗ്ഗവും സാധാരണ ജനങ്ങളും നേരിടുന്ന ചൂഷണവും മർദ്ദനവും തുടരുകയും ചെയ്യും. സോഷ്യലിസം സ്ഥാപിതമാകുന്നതിലൂടെ മാത്രമേ ചൂഷണവും മർദ്ദനവും അവസാനിക്കുകയുള്ളൂ എന്ന് ചരിത്രം തെളിയിക്കുന്നുണ്ട്. സോഷ്യലിസത്തിന് വേണ്ടിയുള്ള പോരാട്ടം തൊഴിലാളി വർഗ്ഗത്തിന്റെ ഐക്യത്തിലൂടെ ശക്തിപ്പെടുകയാണ് ചെയ്യുക.

ഈ വിഷയത്തിൽ ലെനിന്റെ മാർഗ്ഗനിർദ്ദേശം ഇങ്ങിനെയാണ്:

"തൊഴിലാളി വർഗ്ഗത്തിന്റെ താല്പര്യങ്ങളും മുതലാളിത്തത്തിനെതിരായ അതിന്റെ പോരാട്ടവും ആവശ്യപ്പെടുന്നത് എല്ലാ രാഷ്ട്രങ്ങളിലെയും തൊഴിലാളികളുടെ പൂർണ്ണമായ ഐക്യദാർഢ്യവും ഏറ്റവുമടുത്ത ഒരുമയുമാണ്; എല്ലാ ദേശീയതകളിലെയും മുതലാളിവർഗ്ഗത്തിന്റെ ദേശീയനയത്തിനെതിരായ ചെറുത്തുനിൽപ്പാണ്. അതിനാൽ കമ്മ്യൂണിസ്റ്റുകൾ, രാഷ്ട്രങ്ങളുടെ സ്വയം നിർണ്ണായവകാശം, അഥവാ മർദ്ദിത ദേശീയതയ്ക്ക് വിട്ടുപോകാനുള്ള അവകാശം തള്ളിക്കളഞ്ഞാലും, അതല്ല, മർദ്ദിത ദേശീയതയിലെ മുതലാളിവർഗ്ഗത്തിന്റെ എല്ലാ ദേശീയ ഡിമാന്റുകളെയും പിന്തുണച്ചു എന്നുവന്നാലും, അവർ തൊഴിലാളി വർഗ്ഗനയത്തിൽ നിന്ന് വ്യതിചലിച്ച്, തൊഴിലാളികളെ മുതലാളി വർഗ്ഗത്തിന്റെ നയത്തിന് കീഴ്പ്പെടുത്തുകയാവും ചെയ്യുക. ഒരു കൂലിത്തൊഴിലാളിയെ സംബന്ധിച്ചിടത്തോളം, അയാളെ റഷ്യൻ ഇതര മുതലാളി വർഗ്ഗത്തെക്കാൾ മുഖ്യമായി മഹാറഷ്യൻ മുതലാളി വർഗ്ഗമാണോ ചൂഷണം ചെയ്യുന്നത്, അതല്ലെങ്കിൽ ജൂതമുതലാളിവർഗ്ഗത്തേക്കാൾ പോളിഷ് മുതലാളി വർഗ്ഗമാണോ ചൂഷണം ചെയ്യുന്നത് തുടങ്ങിയ കാര്യങ്ങൾ വലിയ വ്യത്യാസമുണ്ടാക്കുന്നില്ല. തന്റെ വർഗ്ഗ താല്പര്യം മനസ്സിലായിട്ടുള്ള കൂലിത്തൊഴിലാളി, മഹാറഷ്യൻ മുതലാളിയുടെ ഭരണകൂടവിശേഷാവകാശങ്ങളെക്കുറിച്ചും, പോളിഷ് അല്ലെങ്കിൽ ഉക്രെയിനിയൻ മുതലാളിമാർക്ക് ഭരണകൂട വിശേഷാവകാശങ്ങൾ ലഭിച്ചുകഴിയുമ്പോൾ, ഭൂമിയിൽ ഒരു സ്വർഗ്ഗം തന്നെ സ്ഥാപിക്കുമെന്ന അവരുടെ വാഗ്ദാനങ്ങളെക്കുറിച്ചും ഒരു പോലെ നിസ്സംഗനാണ്. മിശ്രിത ജനതയുള്ള സംയുക്ത രാഷ്ട്രങ്ങളിലും വേറിട്ട ദേശീയ രാഷ്ട്രങ്ങളിലും മുതലാളിത്തം വികസിക്കുന്നുണ്ട്, എന്തുതന്നെയായാലും തുടർന്നും വികസിക്കും."

ലെനിൻ തുടർന്നു പറയുന്നു.

"ഭൂമിശാസ്ത്രപരവും സാമ്പത്തികവുമായ ബന്ധങ്ങളുടെ വിലയും വലിയൊരു കമ്പോളത്തിന്റെയും വലിയൊരു ഭരണകൂടത്തിന്റെയും നേട്ടങ്ങളും ബഹുജനങ്ങൾക്ക് തങ്ങളുടെ നിത്യാനുഭവങ്ങളിൽ നിന്ന് നന്നായിട്ടറിയാം. അതുകൊണ്ട് അവർ വിഭജനത്തിന്റെ മാർഗ്ഗം സ്വീകരിക്കുന്നത് ദേശീയ മർദ്ദനവും ദേശീയമായ ഉരസലുകളും ഒരുമിച്ചുള്ള ജീവിതം തീർത്തും അസഹനീയമാക്കുമ്പോൾ, എല്ലാത്തരം സാമ്പത്തിക വ്യാപാരങ്ങളും തടസ്സപ്പെടുത്തുമ്പോൾ മാത്രമായിരിക്കും. ആ സാഹചര്യത്തിൽ മുതലാളിത്തവികസനത്തിന്റെ താൽപര്യങ്ങളെയും വർഗ്ഗസമരത്തിന്റെ സ്വാതന്ത്ര്യത്തെയും വിഭജനമാവും ഏറ്റവും നന്നായി സഹായിക്കുക".

കാശ്മീരിന്റെ കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ മർദ്ദന നടപടികൾ മൂലം പ്രത്യേകിച്ച് 1989ന് ശേഷം ഇന്ത്യൻ പട്ടാളത്തോടും, സുരക്ഷാസേനകളോടും ഭരണസംവിധാനത്തോടും കേന്ദ്ര സർക്കാരിനോടും കാശ്മീരിലെ ജനങ്ങൾക്ക് കടുത്ത വെറുപ്പ് ഉണ്ടായിട്ടുണ്ട്. എങ്കിലും കാശ്മീരിലെ ജനങ്ങളും ഇന്ത്യയിലെ മറ്റ് ഭാഗങ്ങളിലെ ജനങ്ങളും തമ്മിലുള്ള ബന്ധം വഷളായിട്ടില്ല. കാശ്മീരിലെ ജനങ്ങളുടെ ഇന്ത്യയിലുള്ള ലയനം പൂർണ്ണമായി നടന്നിട്ടില്ല എങ്കിലും ഈ രണ്ട് ജനതകളും തമ്മിലുള്ള ദീർഘകാലത്തെ സഹവാസവും സാമ്പത്തികവും സാമൂഹ്യ-രാഷ്ട്രീയവുമായ കൊടുക്കൽ വാങ്ങലുകളും തീർച്ചയായും അവരുടെയിടയിൽ അവഗണിക്കാനാവാത്ത ഒരു അടുപ്പം ഉണ്ടാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധനയങ്ങളും സുരക്ഷാസേനയുടെ മർദ്ദനനടപടികളും കാശ്മീരി ജനതയുടെ വികാരങ്ങളെ തീർച്ചയായും മുറിപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് രണ്ട് ജനതകൾ തമ്മിൽ ശത്രുതയ്ക്കിടയാക്കിയിട്ടില്ല. അവർക്ക് ഒരുമിച്ച് ജിവിക്കാനാവില്ലെന്നും ഒരു തരം സാമ്പത്തിക കൊടുക്കൽ വാങ്ങലും സാധ്യമല്ലെന്നുമുള്ള സ്ഥിതി തീർച്ചയായുമില്ല. നേരെമറിച്ച്, ലക്ഷക്കണക്കിന് കാശ്മീരി തൊഴിലാളികളും പണിക്കാരും ചെറുകിട കച്ചവടക്കാരും സ്ഥിരമായി ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ വരുന്നുണ്ട്, ചില ഹിന്ദുമൗലികവാദശക്തികൾ ഒഴികെ ഇന്ത്യൻ ജനങ്ങളിൽ മഹാഭൂരിപക്ഷവും അവരെ സ്വാഗതം ചെയ്യുകയും വളരെ ഊഷ്മളമായ ബന്ധങ്ങൾ നിലനിർത്തുകയും ചെയ്യുന്നുമുണ്ട്. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ജനങ്ങൾ കാശ്മീർ സന്ദർശിക്കുമ്പോൾ അവർക്കും അവിടെ സ്വന്തം നാടുപോലെയുള്ള അനുഭവമാണുണ്ടാകാറുള്ളത്. വളരെ പ്രധാനപ്പെട്ട ഈ വസ്തുത തീർച്ചയായും വിഭജനത്തെ ന്യായീകരിക്കുന്നില്ല.

അങ്ങിനെയെങ്കിൽ കാശ്മീരിലെ തൊഴിലാളിവർഗ്ഗത്തിന്റെയും മറ്റ് ചൂഷിത ജനതയുടെയും മോചനത്തിന് വേണ്ടിയുള്ള പോരാട്ടത്തിന്റെ താൽപര്യം സംരക്ഷിക്കുന്ന പരിഹാരം എന്തായിരിക്കും? വിഭജനമോ പൂർണ്ണസ്വയംഭരണമോ? കാശ്മീർ ഇന്നു കടന്നുപോകുന്ന മൂർത്തമായ ചരിത്രസാഹചര്യത്തെ ആശ്രയിച്ചിരിക്കുന്ന പ്രശ്നമാണിത്. നിലനിൽക്കുന്ന ദേശീയവും സാർവ്വദേശീയവുമായ സാഹചര്യങ്ങളുടെ നിഷ്പക്ഷമായ ഒരു പഠനം നടത്തിയാൽ കാശ്മീരിന്റെ പിന്നോക്ക സമ്പദ് വ്യവസ്ഥയും ഭൂമിശാസ്ത്രപരമായി തന്ത്രപ്രധാനമായ സ്ഥാനവും മൂലം വിഭജനം എന്ന നിർദ്ദേശം നിരവധി അപകടങ്ങൾ നിറഞ്ഞ ഒന്നാണെന്ന് തീർച്ചയായും കാണാൻ കഴിയും.

1951ൽ ഭരണഘടനാ നിർമ്മാണ സഭ (Constituent Assembly)യിൽ സംസാരിക്കവേ അന്നത്തെ പ്രധാനമന്ത്രിയും ജമ്മു-കാശ്മീരിലെ ജനപ്രീതിയുള്ള നേതാവുമായ ഷെയ്ക്ക് മുഹമ്മദ് അബ്ദുള്ള ചൂണ്ടിക്കാട്ടി, കാശ്മീരിന്റെ അടിസ്ഥാന സാമ്പത്തിക പ്രവർത്തനം കൃഷിയും വ്യാപാരവുമായി ബന്ധപ്പെട്ടതാണ്. ഇന്ത്യയുടെ സഹായത്തോടെ ഇവയെ മുന്നോട്ടു നയിക്കാനും വികസിപ്പിക്കാനും കഴിയും. സംസ്ഥാനം പ്രകൃതി വിഭവങ്ങളാലും ധാതുവിഭവങ്ങളാലും സമ്പന്നമാണെന്നും പാക്കിസ്ഥാനേക്കാൾ വ്യാവസായികമായും സാങ്കേതികമായും ഏറെ വികസിച്ചിട്ടുള്ള ഇന്ത്യയുടെ സഹായത്തോടെ ഈ വിഭവങ്ങൾ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാൻ സാധിക്കുമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

ഇക്കാലമത്രയും ഈ ദിശയിൽ കാര്യമായൊന്നും ചെയ്തിട്ടില്ല എന്ന വസ്തുതയാണ് നമ്മളിന്ന് കാണുന്നത്. എത്ര വേദനാകരമാണെങ്കിലും സംസ്ഥാനം വ്യാവസായികമായി പിന്നോക്കവും ദുർബലവുമാണെന്നും സാമ്പത്തികമായി പൂർണമായി ഇന്ത്യയെ ആശ്രയിച്ചുമാത്രം നിലനിൽക്കാവുന്ന അവസ്ഥയിലുമാണെന്നതാണ് വസ്തുത. ഈ സാഹചര്യത്തിൽ വേറിട്ടൊരു രാജ്യമായാൽ, സാമ്പത്തികസഹായത്തിനും വികസനത്തിനും മറ്റൊരു രാജ്യത്തോട് സഹായമഭ്യർത്ഥിക്കുകയും ആശ്രയിക്കുകയും വേണ്ടിവരും. ഇന്നത്തെ സാർവ്വദേശീയ സാഹചര്യത്തിൽ ഈയൊരു നടപടി കാശ്മീരിന്റെ ആഭ്യന്തര കാര്യങ്ങളിൽ നേരിട്ടിടപെടാനും സൈനികമായിപ്പോലും ഇടങ്കോലിടാനും അവസരം പാർത്തിരിക്കുന്ന സാമ്രാജ്യത്വശക്തികൾക്ക് പ്രത്യേകിച്ച് അമേരിക്കൻ സാമ്രാജ്യത്വത്തിന് അവസരങ്ങൾ നൽകുകയില്ലേ? അങ്ങിനെ സംഭവിച്ചാൽ കാശ്മീരിന്റെ ഭദ്രതയ്ക്കും പരമാധികാരത്തിനും നേർക്ക് വരുന്ന കടന്നാക്രമണത്തെ അതിജീവിക്കാനാകുമോ?

സങ്കീർണ്ണമായ ഈ പ്രശ്നത്തിന് ഇത്തരമൊരു ലളിതപരിഹാരത്തിന് വേണ്ടി വാദിക്കുന്നവർ 1951ൽ ജമ്മുകാശ്മീർ ഭരണഘടന നിർമ്മാണ സഭയിലെ ഉൽഘാടന പ്രസംഗത്തിൽ ഷെയ്ക്ക് മുഹമ്മദ് അബ്ദുള്ള പറഞ്ഞത് ഓർക്കുന്നത് നല്ലതാണ്. "നമുക്ക്, രണ്ട് രാഷ്ട്രങ്ങളിൽ നിന്നും അകന്ന് നിൽക്കുകയും പക്ഷേ അവരുമായി സൗഹൃദ ബന്ധങ്ങൾ നിലനിർത്തുകയും ചെയ്യുന്ന ഒരു കിഴക്കൻ സ്വിറ്റ്സർലാന്റ് ആയി മാറുക എന്ന ഒരു മാർഗ്ഗം പരിഗണിക്കാം. ഇത് ഇന്നത്തെ പ്രതിസന്ധിയിൽ നിന്ന് പുറത്തേക്ക് ഒരു വഴി തുറക്കുന്നു എന്ന നിലയിൽ ആകർഷകമായി തോന്നിയേക്കാം. നമുക്ക്, ഒരു വിനോദ സഞ്ചാര രാജ്യമെന്ന നിലയിൽ ചില സ്വാഭാവിക പ്രയോജനങ്ങൾ ഇതുകൊണ്ട് ഉണ്ടായെന്നും വരാം. പക്ഷേ ഒരു സ്വതന്ത്ര പദവി പരിഗണിക്കുമ്പോൾ നമ്മൾ പ്രായോഗിക പരിഗണനകൾ അവഗണിച്ചുകൂടാ. ഒന്നാമതായി, നമ്മുടെ ദീർഘവും നിരവധി രാജ്യങ്ങളുമായി പങ്കിടുന്നതും വിഷമകരവുമായ അതിർത്തിയിൽ, സ്വയം പ്രതിരോധിക്കാൻ വേണ്ടത്ര ശക്തിയില്ലാത്ത ഒരു ചെറിയ രാജ്യത്തിന് അതിന്റെ സ്വാതന്ത്ര്യവും പരമാധികാരവും സംരക്ഷിക്കാൻ എളുപ്പമല്ല. രണ്ടാമതായി, നമ്മുടെ എല്ലാ അയൽരാജ്യങ്ങളുടെയും സൗഹൃദം നമുക്ക് വേണ്ടിവരും. നമുക്കെതിരെ ഒരാക്രമണമുണ്ടാവില്ല എന്ന് ഉറപ്പുതരാൻ പറ്റുന്ന വിധം നമ്മോടൊപ്പം നീങ്ങുന്ന ശക്തമായ രാജ്യങ്ങളെ

(ശേഷം 15-ാം പേജിൽ)

# സൗമ്യവധം: സുപ്രീംകോടതി വിധി പുനഃപരിശോധിക്കുക. കുറ്റവാളിക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുക

സൗമ്യ വധത്തിൽ ഗോവിന്ദച്ചാമിയുടെ വധശിക്ഷ സുപ്രീംകോടതി റദ്ദാക്കിയിരിക്കുന്നു. സൗമ്യയെ കൊലപ്പെടുത്തിയത് ഗോവിന്ദച്ചാമിയാണ് എന്നത് തെളിയിക്കാൻ പ്രോസിക്യൂഷന് സാധിച്ചില്ല എന്നതാണ് കോടതിയുടെ കണ്ടെത്തൽ. മരണകാരണമായി ചൂണ്ടിക്കാണിക്കുന്ന തലയിലെ മുറിവ് സൗമ്യയെ ഗോവിന്ദച്ചാമി ട്രെയിനിൽനിന്ന് തള്ളിയിട്ടപ്പോൾ ഉണ്ടായതാണ് എന്നാണ് പ്രോസിക്യൂഷന്റെ വാദം. ഗോവിന്ദച്ചാമി തള്ളിയിട്ടു എന്നതിന് തെളിവ് എവിടെ എന്നാണ് കോടതി ചോദിക്കുന്നത്. എന്തായാലും വിചിത്രമായ ഈ വാദഗതിയുടെ മറവിൽ ഐപിസി 302-ാം വകുപ്പ് പ്രകാരമുള്ള വധശിക്ഷയിൽനിന്ന് ഗോവിന്ദച്ചാമി രക്ഷപ്പെടുത്തപ്പെട്ടു. കൊല്ലാൻ ഉദ്ദേശമില്ലെങ്കിലും മരണകാരണമാകാവുന്ന മുറിവേൽപ്പിക്കുന്നതിനെ കൊലപാതകമായി കണക്കാക്കാമെന്ന് 300-ാം വകുപ്പ് പറയുന്നുണ്ട്. കൊലപാതകത്തിന് 302-ാം വകുപ്പ് അനുസരിച്ച് വധശിക്ഷ നൽകാം.

വധശിക്ഷ വേണോ വേണ്ടേ എന്നതല്ല പ്രസക്തമായ വിഷയം. പൈശാചികമായ നിലയിൽ ഒരു പെൺകുട്ടിയെ കൊലപ്പെടുത്തിയ കേസിൽ പ്രതിക്ക് ലഭിക്കേണ്ട പരമാവധി ശിക്ഷ ഉറപ്പാക്കപ്പെട്ടോ, കുറ്റവാളികൾക്ക് സുപ്രീംകോടതിയുടെ വിധി താക്കീതായോ എന്നതാണ് പ്രസക്തമായ വിഷയം. അത്തരം ഒരു നീതിബോധം ഉണ്ടായില്ല എന്നിടത്താണ് സുപ്രീംകോടതി വിധി അപലപിക്കപ്പെടുന്നത്. ട്രെയിനിനുള്ളിൽവച്ചുതന്നെ മാരകമായ നിലയിൽ മുറിവേൽപ്പിക്കപ്പെട്ട് അബോധാവസ്ഥയിലായ സൗമ്യ ട്രെയിനിൽനിന്ന് ചാടിയേക്കാം എന്ന് കോടതി കരുതുന്നത് എന്തടിസ്ഥാനത്തിലാണ്? സ്വയ രക്ഷാർത്ഥം ചാടിയതെങ്കിൽ അതെങ്ങനെയാണ് അപലപനീയമാകുന്നത്? സൗമ്യയുടെ ശരീരത്തിൽ കാണപ്പെട്ട മുറിവുകൾ സ്വയം ചാടുമ്പോഴുണ്ടാകുന്നതല്ല, മറിച്ച് തള്ളിയിടുമ്പോഴുണ്ടാകുന്നതാണ് എന്നത് പോസ്റ്റുമോർട്ടം റിപ്പോർട്ടുകൾ ശരിവയ്ക്കുന്നു എന്ന അഭിപ്രായം കോടതി പരിഗണിക്കാത്തത് എന്തുകൊണ്ട്?

ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ നിസ്സഹായയായ ഒരു പെൺകുട്ടിയെ മൃഗീയമായി ആക്രമിക്കുകയും ട്രാക്കിലേയ്ക്ക് വലിച്ചെറിഞ്ഞ് ക്രൂരമായി ബലാത്ക്കാരം ചെയ്ത് കൊലപ്പെടുത്തുകയും ചെയ്ത പ്രതിക്ക് നിയമത്തിന്റെ രക്ഷാകവചം ഉറപ്പാക്കുന്നതിലൂടെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സാമൂഹ്യമായ അരക്ഷിതാവസ്ഥ അധികാരകേന്ദ്രങ്ങളെ അശേഷം അലോസരപ്പെടുത്തുന്നില്ല എന്നത് വീണ്ടും തെളിയിക്കപ്പെടുകയാണ്. സുപ്രീംകോടതിവിധി സ്ത്രീകൾക്കുനേരെയുള്ള കുറ്റകൃത്യങ്ങൾക്കെതിരെയുള്ള കർശന താക്കീതല്ല, മറിച്ച് കുറ്റകൃത്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സന്ദേശമാണ് അത് നൽകുന്നത്. ശിക്ഷിക്കപ്പെടില്ല എന്ന് ഉറപ്പുണ്ടായിരുന്നു എന്നാണ് ഗോവിന്ദച്ചാമി വിധിയോട് പ്രതികരിച്ചത്. നിയമപരമായി പ്രതിക്ക് നൽകേണ്ടിയിരുന്ന പരമാവധി ശിക്ഷ സുപ്രീംകോടതി വിധിച്ചിട്ടില്ല.തെളിയിക്കപ്പെട്ടുവെന്ന് കോടതി തന്നെ അംഗീകരിച്ച ബലാത്സംഗക്കുറ്റത്തെ കുറച്ചുകൂടി ഗൗരവത്തോടെ കാണേണ്ടിയിരുന്നു. ബലാത്സംഗക്കുറ്റത്തിന് വിധിക്കപ്പെട്ട ജീവപര്യന്തം തടവ് ജീവിതാവസാനംവരെ എന്ന് കോടതി വ്യക്തമായി നിർവ്വചിച്ചില്ല. പത്തോ പന്ത്രണ്ടോ വർഷങ്ങൾക്കുശേഷം പ്രതി ജയിലിൽനിന്ന് പുറത്തുവരുന്ന സാഹചര്യം തന്മൂലം ഒഴിവാക്കാമായിരുന്നു. കൊലക്കുറ്റത്തിനും ബലാത്സംഗത്തിനുംപുറമേ തെളിയിക്കപ്പെട്ട മറ്റെല്ലാ കുറ്റകൃത്യങ്ങൾക്കും വെവ്വേറെ ശിക്ഷ നൽകാൻ കഴിയുമായിരുന്നു. എന്നാൽ അവയ്ക്കുള്ള ശിക്ഷകൾ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്ന് സുപ്രീംകോടതി വിധിച്ചത് നിർഭാഗ്യകരമാണ്. കേട്ടുകേൾവി കോടതിയിൽ പറയരുത് എന്ന് പ്രോസിക്യൂഷനെ ശാസിക്കുന്ന കോടതി കേട്ടുകേൾവിയെമാത്രം ആശ്രയിച്ചാണ് 302 -ാം വകുപ്പ് നിലനിൽക്കുന്നില്ല എന്ന വിധി പ്രസ്താവിച്ചിരിക്കുന്നത് എന്നതും വിരോധാഭാസമായിരിക്കുന്നു. പെൺകുട്ടി ട്രെയിനിൽനിന്ന് ചാടുന്നതുകണ്ടതായി ഒരു മധ്യവയസ്കൻ പറഞ്ഞു എന്ന് നാലാം സാക്ഷിയും നാൽപ്പതാം സാക്ഷിയും കോടതിയിൽ മൊഴിനൽകി. എന്നാൽ അങ്ങനെയൊരു മധ്യവയസ്കൻ കോടതിക്ക് മുന്നിൽ വന്നിട്ടില്ല താനും. ഈ മൊഴിയാണ് സൗമ്യ സ്വയം ചാടി എന്ന നിഗമനത്തിൽ എത്തിച്ചേരാൻ കോടതി അവലംബമാക്കിയിരിക്കുന്നത് എന്നത് വിചിത്രമാണ്.

2011 ഫെബ്രുവരി 1 ന് എറണാകുളം-ഷൊർണ്ണൂർ പാസഞ്ചറിൽ നടന്ന ആക്രമണത്തിലാണ് സൗമ്യ കൊല്ലപ്പെടുന്നത്. സൗമ്യയുടെ മരണമൊഴിയുടെ അടിസ്ഥാനത്തിലാണ് ഗോവിന്ദച്ചാമി അറസ്റ്റ് ചെയ്യപ്പെട്ടത്. പോലീസ് സമർപ്പിച്ച ആയിരം പേജുള്ള കുറ്റപത്രത്തിന്റെയും 82 സാക്ഷി മൊഴികളുടെയും സാഹചര്യത്തെളിവുകളുടെയും അടിസ്ഥാനത്തിലാണ് തൃശൂർ അതിവേഗക്കോടതി ഗോവിന്ദച്ചാമിക്ക് വധശിക്ഷ വിധിച്ചത്. ഹൈക്കോടതി ഡിവിഷൻ ബഞ്ചാകട്ടെ സമാനതകളില്ലാത്ത ക്രൂരത എന്ന് സംഭവത്തെ വിശേഷിപ്പിച്ച് അതിവേഗക്കോടതിയുടെ ശിക്ഷ ശരിവയ്ക്കുകയാണുണ്ടായത്. ഗോവിന്ദച്ചാമി രക്തദാഹിയായ കൊലപാതകിയാണ് എന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു. ലേഡീസ് കമ്പാർട്ട്മെന്റ് ട്രെയിനിന്റെ മദ്ധ്യഭാഗത്തേയ്ക്ക് മാറ്റണമെന്നും സുരക്ഷാ ചുമതല സായുധ ഭടൻമാരെ ഏൽപ്പിക്കണം എന്നും വിധി പ്രസ്താവിക്കവേ ഹൈക്കോടതി അഭിപ്രായപ്പെട്ടിരുന്നു. അതേ കേസിലാണ് ഇപ്പോൾ സുപ്രീംകോടതി തെളിവ് ചോദിച്ചിരിക്കുന്നത്.

വേണ്ടത്ര തെളിവുകൾ ഹാജരാക്കി, നടന്ന സംഭവത്തിന്റെ നിഷ്ഠുരതയും പ്രതിയുടെ ക്രിമിനൽ പശ്ചാത്തലവും കോടതിയെ ബോദ്ധ്യപ്പെടുത്തി പ്രതിക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുവാനുള്ള ബാദ്ധ്യത പ്രോസിക്യൂഷനുണ്ട് എന്നിരിക്കെ സുപ്രീംകോടതിയുടെ പല ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ സർക്കാർ അഭിഭാഷകർക്ക് സാധിച്ചിട്ടില്ല എന്നതിൽ ദുരൂഹതയുണ്ട്. സർക്കാർ അഭിഭാഷകർ കേസ് പഠിക്കാതെയും വേണ്ടത്ര തയ്യാറെടുപ്പില്ലാതെയുമാണ് സുപ്രീം കോടതിയിൽ ഹാജരായിരിക്കുന്നത് എന്നാണ് ഇത് വ്യക്തമാക്കുന്നത്. അതിവേഗക്കോടതിക്കും ഹൈക്കോടതിക്കും ബോദ്ധ്യപ്പെട്ട കാര്യങ്ങൾ സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്തുക മാത്രമാണ് പ്രോസിക്യൂഷൻ ചെയ്യേണ്ടിയിരുന്നത്. അവർ ചെയ്യാതിരുന്നതും അതു തന്നെ. ആർക്കുവേണ്ടി? ആരെ സഹായിക്കാൻ? ആരാണ് ഗോവിന്ദച്ചാമിക്കുവേണ്ടി യഥാർത്ഥത്തിൽ വാദിക്കുന്നത്? ഗോവിന്ദച്ചാമി ആരാണ്? ഇവയും ഉത്തരങ്ങൾ ലഭിക്കേണ്ട ചോദ്യങ്ങൾ തന്നെ.

സമൂഹ മനഃസാക്ഷിക്കുമേൽ തീ കോരിയിടുന്ന ഒരു വിധിയാണ് സുപ്രീംകോടതിയുടേത്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിലും കുറ്റവാളികൾക്ക് കർശനമായ ശിക്ഷ ഉറപ്പുവരുത്തുന്നതിലും നമ്മുടെ നിയമസംവിധാനങ്ങൾ സ്ഥിരമായി പരാജയപ്പെടുന്നത് എന്തുകൊണ്ട്? കുറ്റം എത്ര വലുതായാലും ഒരു പ്രതിപോലും നമ്മുടെ നാട്ടിൽ ശിക്ഷിക്കപ്പെടില്ലേ? മനുഷ്യ മനഃസാക്ഷിയെ പിടിച്ചുലയ്ക്കുന്ന സംഭവങ്ങളിൽപ്പോലും കേസിന്റെ പ്രാധാന്യം നിയമപോരാട്ടത്തിൽ പ്രതിഫലിക്കാതെ പോകുന്നത് എന്തുകൊണ്ട്? നിയമത്തിന്റെ പരിരക്ഷ ആർക്ക്? സൗമ്യവധക്കേസിലെ സുപ്രീംകോടതിയുടെ വിധിയോടുകൂടി ഈ ചോദ്യങ്ങൾ ഒരിക്കൽക്കൂടി ഉയർത്തപ്പെടുകയാണ്. കേരളം ഇളകിമറിഞ്ഞ സംഭവമായിരുന്നു സൗമ്യയുടെ വധം. ഒരു സമൂഹത്തെ എത്രമേൽ വൈകാരികമായി സ്പർശിക്കുന്ന സംഭവമായാലും ശാസ്ത്രീയമായി തെളിവുകൾ സമാഹരിക്കുകയും തെളിവുകളെ ഏകോപിപ്പിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിയമത്തിന്റെ പഴുതുകളും നൂലാമാലകളും പ്രതികൾക്ക് അനുകൂലമാകും. പ്രതികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നില്ല എന്നത് സ്ത്രീസമൂഹത്തോടും പൊതുസമൂഹത്തോടും നീതിന്യായ വ്യവസ്ഥയോടുമുള്ള വെല്ലുവിളിയാണ്. ○



സുപ്രീംകോടതി വിധി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് സ്ത്രീസുരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന പ്രതിഷേധ കൂട്ടായ്മ മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു

## കാശ്മീർ പ്രശ്നം:

(14-ാം പേജിൽ നിന്ന്)

അയൽക്കാർക്കിടയിൽ നമുക്ക് കണ്ടെത്താനാകുമോ? 1947 ആഗസ്റ്റ് 15 മുതൽ ഒക്ടോബർ 22വരെ നമ്മുടെ രാജ്യം സ്വതന്ത്രമായിരുന്നു എന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കാനാഗ്രഹിക്കുന്നു. നമ്മുടെ ദൗർബല്യത്തെ അയൽരാജ്യം ആക്രമണത്തിലൂടെ മുതലെടുത്തു എന്നതായിരുന്നു അതിന്റെ ഫലം. ഭാവിയിലും സമാനമായ ആക്രമണത്തിന് നമ്മൾ ഇരകളാവില്ല എന്നതിന് എന്തുറപ്പാണുള്ളത്?"

ഇന്ന്, സോഷ്യലിസ്റ്റ് സമാധാന ക്യാമ്പ് നിലവിലില്ലാത്ത സാഹചര്യത്തിൽ, ചെറുതും ദുർബലവുമായ രാജ്യങ്ങളുടെ കാര്യങ്ങളിൽ സാമ്രാജ്യത്വശക്തികൾ വിശേഷിച്ചും യുഎസ്എ നടത്തുന്ന മടിയില്ലാത്ത ഇടപെടലുകളെ ചെറുക്കാൻ ഫലപ്രദമായ ഒരു സാമ്രാജ്യത്വ വിരുദ്ധശക്തി ഇല്ലാത്ത സമയത്ത്, ഇത് എന്നത്തേക്കാളുമേറെ പ്രസക്തമാണ്. കാശ്മീർ പോലെ ദുർബലമായൊരു നാടിന് അത് വിജ്ജിച്ചുമാറിയാൽ അതിന്റെ സ്വാതന്ത്ര്യം നിലനിർത്തുക അസാദ്ധ്യമാണ്. പ്രത്യേകിച്ചും അഫ്ഗാനിസ്ഥാനെയും ലിബിയയെയും പോലെ, എന്തിന് നിരവധി വികസ്വര രാജ്യങ്ങളെക്കാൾ സാമ്പത്തികമായും സൈനികമായും കൂടുതൽ വികസിച്ചിരുന്ന ഇറാക്കിനെപോലുള്ള രാജ്യങ്ങൾക്ക് പോലും ലോക സാമ്രാജ്യത്വശക്തികളുടെ പ്രത്യേകിച്ച് യുഎസ്എയുടെ കടന്നാക്രമണത്തെ ചെറുത്തുനിൽക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ. സിറിയ, ഇറാൻ, വടക്കൻ കൊറിയ, ക്യൂബ തുടങ്ങിയ രാജ്യങ്ങൾ യുഎസ് ആക്രമണത്തിന്റെ നിരന്തര ഭീഷണിയിൽ നിൽക്കുമ്പോൾ, എല്ലാ സാർവ്വദേശീയ നിയമങ്ങളും മടിയില്ലാതെ ലംഘിച്ചുകൊണ്ട് ഉപരോധങ്ങൾക്കും വ്യാപാര നിരോധനങ്ങൾക്കും അവയെ വിധേയരാക്കുമ്പോൾ, സാമ്രാജ്യത്വ രാജ്യങ്ങളുടെ വിശേഷിച്ച് യുഎസ്എയുടെ ആക്രമണ പദ്ധതികളെ ഫലപ്രദമായി തടയാൻ കഴിയുന്ന വിധത്തിലുള്ള വീറ്റുറ്റ ഒരു സമാധാനപ്രസ്ഥാനത്തിന്റെ അഭാവത്തിൽ, അത്തരമൊരു സാഹചര്യത്തിൽ കാശ്മീരിനെ സാമ്രാജ്യത്വ ഇടപെടലുകൾക്കും ഗൂഢപദ്ധതികൾക്കും അനുകൂലമായ ഒരു പ്രദേശമാക്കി മാറ്റുന്ന ഒരു പരിഹാരം കാശ്മീർ പ്രശ്നത്തിന് ചിന്താശേഷിയുള്ള ആരെങ്കിലും നിർദ്ദേശിക്കുമോ?

ഈ സാഹചര്യത്തിൽ കാശ്മീരിലെ ജനങ്ങളുടെ വികാസത്തിനും ഒപ്പംതന്നെ തൊഴിലാളിവർഗ്ഗ വിപ്ലവപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും അനുഗുണമായ പരിഹാരം പൂർണ്ണ സ്വയംഭരണം മാത്രമാണ് എന്ന് ഞങ്ങൾ ശക്തമായി അഭിപ്രായപ്പെടുന്നു. കാശ്മീരിലെ ജനങ്ങൾക്ക് അവരുടെ ആഗ്രഹങ്ങൾക്കനുസരിച്ച് അവരുടെ ജീവിതം ക്രമീകരിക്കാനും രാഷ്ട്രങ്ങളുടെ ചരിത്രപരമായ വികാസ പ്രക്രിയക്ക് അനുരോധമായി അവരുടെ സ്വന്തം ഭാവി തീരുമാനിക്കുവാനും ഉള്ള അവസരം അതുറപ്പുവരുത്തും.

ആദ്യം കേന്ദ്രസർക്കാരിന്റെ മർദ്ദന നടപടികൾക്കെതിരെ ശക്തമായ ജനാധിപത്യ ബഹുജനസമരവും അന്തിമമായി അവരുടെ വിമോചനത്തിനുള്ള പോരാട്ടവും വളർത്തിയെടുക്കുന്നതിലേക്ക് നീങ്ങാൻ കഴിയും വിധം ഇന്ത്യയിലെ തൊഴിലാളിവർഗ്ഗവുമായും മറ്റ് ചൂഷിതരായ വിശാല ജനവിഭാഗങ്ങളുമായും ഒന്നിക്കാനുള്ള അടിത്തറ അതിലൂടെ ഉണ്ടാകും.

ദേശീയ പ്രശ്നത്തിൽ ഒരു ആധികാരിക സൈദ്ധാന്തികനായ സ്റ്റാലിൻ നിർദ്ദേശിക്കുന്നു: "പ്രാദേശിക സ്വയംഭരണത്തിന്റെ പ്രയോജനം അത് ജനങ്ങളെ രാഷ്ട്രങ്ങളായി വിഭജിക്കുന്നില്ല, ദേശീയാതിർത്തികൾ ശക്തിപ്പെടുത്തുന്നില്ല, എന്നതിലാണ്. നേരെ മറിച്ച് ഈ അതിർത്തികളെ അത് ലഘൂകരിക്കുകയും, ജനതകളെ ഒന്നിപ്പിക്കുകയും, മറ്റൊരു തരത്തിലുള്ള വിഭജനത്തിന്, വർഗ്ഗാടിസ്ഥാനത്തിലുള്ള വിഭജനത്തിന് വഴിതുറക്കുകയും ചെയ്യുന്നു. അവസാനമായി ഒരു പൊതുകേന്ദ്രത്തിന്റെ തീരുമാനം കാത്തിരിക്കാതെ സാധ്യമായതിൽ ഏറ്റവും നല്ലരീതിയിൽ പ്രദേശത്തിന്റെ പ്രകൃതിസമ്പത്ത് ഉപയോഗപ്പെടുത്തി അതിന്റെ ഉൽപാദനശക്തികളെ വികസിപ്പിക്കാനും അത് സാധ്യമാക്കുന്നു......." "അതിനാൽ ദേശീയ പ്രശ്നത്തിന്റെ പരിഹാരത്തിന്റെ കാതലായ ഒരു ഭാഗമാണ് പ്രാദേശിക സ്വയംഭരണം."

ജമ്മുകാശ്മീരിന്റെ കാര്യത്തിൽ ഇന്ത്യൻ ഭരണഘടനയുടെ 370-ാം വകുപ്പ് അതിന്റെ തനതായ രൂപത്തിൽ വ്യവസ്ഥ ചെയ്തിരുന്ന പൂർണ്ണ സ്വയംഭരണത്തിന്റെ സ്ഥിതി തിരിച്ചുകൊണ്ടുവരിക, ഒപ്പം തന്നെ നേരത്തേ പറഞ്ഞ സാമ്പത്തിക, സാമൂഹ്യ, വിദ്യാഭ്യാസ വികാസത്തിനുള്ള നടപടികൾ സ്വീകരിക്കുക, അതോടൊപ്പം പ്രത്യേകിച്ച് യഥാർത്ഥ മതേതര ജനാധിപത്യ സമീപനം സ്വീകരിക്കുന്ന വിധത്തിൽ കേന്ദ്രസർക്കാരിന്റെ മനോഭാവത്തിൽ അടിസ്ഥാനപരമായ ഒരു മാറ്റം എന്നിവയിലൂടെ മാത്രമേ രണ്ട് ജനതകളുടെ യഥാർത്ഥ ലയനത്തിന് പാതയൊരുക്കാൻ കഴിയൂ എന്ന് നമ്മുടെ പാർട്ടി തുടക്കം മുതൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതൊരു പ്രയാസകരവും നീണ്ടുനിൽക്കുന്നതുമായ പ്രക്രിയയാണെങ്കിലും ജമ്മുകാശ്മീർ ജനതയുടെ ആഴത്തിലുള്ള മുറിവുകളും വ്രണിതമായ വികാരങ്ങളും മാറ്റിയെടുക്കാൻ ആവശ്യമായ എല്ലാ നടപടികളും കേന്ദ്രസർക്കാർ സ്വീകരിക്കണം. ഇതിലേക്കുള്ള ആദ്യചുവട് എന്ന നിലയിൽ സിവിലിയൻ മേഖലകളിൽനിന്ന് സൈന്യത്തെയും അർദ്ധസൈനിക വിഭാഗങ്ങളെയും ഉടനടി പിൻവലിക്കുകയും, കാശ്മീർ പബ്ലിക് സേഫ്റ്റി ആക്ട് 1978, ജമ്മുകാശ്മീർ അസ്വസ്ഥത ബാധിത ആക്ട്, ആംഡ് ഫോഴ്സസ് (ജമ്മുകാശ്മീർ) സ്പെഷ്യൽ പവേഴ്സ് ആക്ട് 1990, തുടങ്ങിയ ജനവിരുദ്ധ നിയമങ്ങൾ റദ്ദാക്കുകയും വേണം. ○

*Date of Posting 9 th & 10 th of every month at RMS, Trivandrum.*
*Date of publishing 01/10/2016*
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 43 No.6
Price : Rs 5.00
October 2016

# എഐഡിവൈഒ സംസ്ഥാന സമ്മേളനം

**ആ**ൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ(എഐഡിവൈഒ) രണ്ടാമത് സംസ്ഥാന സമ്മേളനം മാവേലിക്കരയിൽ സംഘടിപ്പിച്ചു. തൊഴിലില്ലായ്മയ്ക്കും സാംസ്ക്കാരിക അധഃപതനത്തിനും വർഗ്ഗീയതയ്ക്കും അഴിമതിക്കുമെതിരെ സംഘടിപ്പിച്ച സമ്മേളനം എഐഡിവൈഒ അഖിലേന്ത്യാ വൈസ് പ്രസിഡന്റ് സഖാവ് രാമഞ്ജനപ്പ ഉദ്ഘാടനം ചെയ്തു. സാധാരണ മനുഷ്യനേക്കാൾ പരിഗണന മൃഗങ്ങൾക്ക് ലഭിക്കുന്നത് വർത്തമാനകാല ഇന്ത്യൻ ദുരന്തമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പശുവിന്റെ പേരിൽ മനുഷ്യനെ കൊന്നൊടുക്കുന്നവരെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ് മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി ഭരണം. മോദി സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം ദളിത് ജനവിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കുമെതിരായ ആക്രമണത്തിന് സംഘടിത സ്വഭാവം കൈവന്നിരിക്കുന്നു. വർദ്ധിച്ചുവരുന്ന ഫാസിസ്റ്റ് വിപത്തിനെ ചെറുക്കുവാൻ യുവാക്കളെ ശരിയായ ദിശയിൽ സംഘടിപ്പിക്കണം, അദ്ദേഹം കൂട്ടിച്ചേർത്തു. എഐഡിവൈഒ സംസ്ഥാന വൈസ്പ്രസിഡന്റ് സഖാവ് ആർ. പാർത്ഥസാരഥി വർമ്മ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ മുഖ്യപ്രഭാഷണം നടത്തി. സംഘടനാ റിപ്പോർട്ട് സഖാവ് എൻ.കെ.ബിജുവും രാഷ്ട്രീയ പ്രമേയം സഖാവ് ഇ.വി.പ്രകാശും അവതരിപ്പിച്ചു. സാമൂഹ്യ വിഷയങ്ങളെ അധികരിച്ചുള്ള 7 പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടു. സമാപന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് എൻ.കെ.ബിജു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറി പി.പി.പ്രശാന്ത്കുമാർ സ്വാഗതവും ആലപ്പുഴ ജില്ലാ പ്രസിഡന്റ് എൻ.ആർ. അജയകുമാർ നന്ദിയും പറഞ്ഞു.

സഖാക്കൾ എൻ.കെ.ബിജു (പ്രസിഡന്റ്), പി.പി.പ്രശാന്ത്കുമാർ, ടി.ജെ.ഡിക്സൺ, കെ.ഒ. സുധീർ, എം.പ്രദീപൻ(വൈസ് പ്രസിഡന്റുമാർ), ഇ.വി.പ്രകാശ് (സെക്രട്ടറി), കെ.പി.സാൽവിൻ, എൻ.ആർ.അജയകുമാർ, ടി.ആർ.രാജിമോൾ, എ.വി.ബെന്നി, പി.രാജേഷ്(ജോയിന്റ് സെക്രട്ടറിമാർ), എം.കെ.ഉഷ(ട്രഷറർ) എന്നിവരടങ്ങിയ 65 അംഗ സംസ്ഥാന കൗൺസിലും സമ്മേളനം തെരഞ്ഞെടുത്തു. ○







എഐഡിവൈഒ സംസ്ഥാന സമ്മേളനം അഖിലേന്ത്യാ വൈസ്പ്രസിഡന്റ് രാമാഞ്ജനപ്പ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ സഖാക്കൾ ആർ.പാർത്ഥസാരഥിവർമ്മ, ജയ്സൺ ജോസഫ്, ടി.ജെ.ഡിക്സൺ, ജി.എസ്.പത്മകുമാർ, എൻ.കെ.ബിജു, പി.പി.പ്രശാന്ത്കുമാർ എന്നിവർ. പ്രകടനത്തിന്റെ ഒരു ദൃശ്യം (വലത്ത്).

## പ്രീ പ്രൈമറി ടീച്ചേഴ്സ് ആൻഡ് ഹെൽപേഴ്സ് ഓർഗനൈസേഷൻ
# സെക്രട്ടേറിയറ്റ് മാർച്ച് നടത്തി

**പൊ**തുവിദ്യാഭ്യാസ സംവിധാനം നിലനിർത്തുന്നതിൽ അനിഷേധ്യമായ പങ്കാണ് പ്രീപ്രൈമറി മേഖല നിർവഹിക്കുന്നത്. എന്നാൽ ഈ മേഖലയിലെ അധ്യാപകരും ജീവനക്കാരും വലിയ തൊഴിൽ ചൂഷണമാണ് അനുഭവിക്കുന്നത്. പൊതുവിദ്യാലയങ്ങളുടെ ഭാഗമായ ഗവൺമെന്റ്-എയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി അധ്യാപകർക്ക് ജീവൻ നിലനിർത്താൻ പോലുമുള്ള ശമ്പളമില്ല എന്നതാണ് പ്രാഥമികമായ പ്രശ്നം. 1000 രൂപ മുതൽ 4500 രൂപ വരെയാണ് ഭൂരിഭാഗം അധ്യാപകർക്കും ആയമാർക്കും പ്രതിമാസശമ്പളമെന്നനിലയിൽ പരമാവധി ലഭിക്കുന്നത്. യാതൊരുവിധ സേവന-വേതന വ്യവസ്ഥകളും ഈ മേഖലയിൽ നിലവിലില്ല. എയ്ഡഡ് സ്കൂളുകളിൽ കുട്ടികളിൽനിന്ന് മാനേജുമെന്റ് ഭീമമായ ഫീസ് പിരിക്കുമ്പോഴും അധ്യാപകർക്കും ആയമാർക്കും തുച്ഛമായവേതനം മാത്രമാണ് നൽകുന്നത്. ഇപിഎഫ്, ഇഎസ്ഐ തുടങ്ങിയ ആനുകൂല്യങ്ങളും നിയമപ്രകാരമുള്ള അവധിയും ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകളിലെ പ്രീപ്രൈമറി ജീവനക്കാർക്ക് ലഭിക്കുന്നില്ല. അക്കാദമിക് യോഗ്യതകളോടെ ജോലി ചെയ്യുന്ന ഇവർക്ക് പിഎസ്‌സി വഴി നിയമനം ലഭിച്ചവർക്ക് ലഭിക്കുന്ന അതേ ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കാൻ അവകാശമുണ്ട്.




പിപിറ്റിഎച്ച് ഒ സെപ്തംബർ 30 ന് നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിന്റെ മുൻനിര

എയ്ഡഡ് സ്കൂളുകളുടെയും സർക്കാർ സ്കൂളുകളുടെയും ഭാഗമായി പ്രീപ്രൈമറിയെ അംഗീകരിക്കുക, പിഎസ്‌സി വഴി നിയമിക്കപ്പെട്ട അദ്ധ്യാപകർക്കുള്ള സേവന - വേതന വ്യവസ്ഥകൾ പ്രീപ്രൈമറി ജീവനക്കാർക്കും നൽകുക, അന്യായമായ പിരിച്ചുവിടൽ അവസാനിപ്പിക്കുക, തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുക, പ്രീപ്രൈമറിയിലെ പ്രശ്നങ്ങളെക്കുറിച്ചു പഠിക്കുവാൻ കമ്മീഷനെ നിയമിക്കുക - തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് പിപിറ്റിഎച്ച്ഒ യുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 30 ന് സെക്രട്ടേറിയേറ്റ് മാർച്ചും ധർണയും നടത്തി. പി. വനജ (പിപിറ്റിഎച്ച്ഒ, സംസ്ഥാന പ്രസിഡന്റ്) അദ്ധ്യക്ഷത വഹിച്ചു. മിനി കെ.ഫിലിപ്പ് (സംസ്ഥാന ജനറൽ സെക്രട്ടറി, സ്ത്രീ സുരക്ഷാ സമിതി) ഉദ്ഘാടനം ചെയ്തു. "പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് വികസിത രാജ്യങ്ങളിൽ ലഭിക്കുന്ന പ്രാധാന്യം നമ്മുടെ രാജ്യത്ത് ലഭിക്കുന്നില്ല. കൊച്ചു കുഞ്ഞുങ്ങളെ വിദ്യാഭ്യാസ ലോകത്തേയ്ക്ക് കൈപിടിച്ചുയർത്തുകയും മാതൃസഹജമായ വാത്സല്യത്തോടെ എല്ലാ അർത്ഥത്തിലും വളർത്തിയെടുക്കുകയും ചെയ്യുന്നതിൽ അതുല്യമായ പങ്കു വഹിക്കുന്ന പ്രീപ്രൈമറി അദ്ധ്യാപകരും ആയമാരും ഉന്നയിക്കുന്ന ആവശ്യങ്ങൾ ഉടനടി അംഗീകരിച്ചു നടപ്പാക്കണം"-ശ്രീമതി മിനി കെ. ഫിലിപ്പ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

എം. ഷാജർഖാൻ(സേവ് എഡ്യൂക്കേഷൻകമ്മിറ്റി സംസ്ഥാന സെക്രട്ടറി), വി. വിജയഷോമ (സംസ്ഥാന സെക്രട്ടറി,പിപിറ്റിഎച്ച്ഒ), എസ്. മിനി (സംസ്ഥാനസെക്രട്ടറി, ഐഎൻപിഎ), ഷിനു സാമുവൽ(കാസർകോഡ്), ബി.വൃന്ദ (കണ്ണൂർ), കെ.പി. സുബൈദ (കോഴിക്കോട്) എം.കെ. ഉഷ (എറണാകുളം) വി. ഉഷാകുമാരി (ആലപ്പുഴ), വിദ്യാ ആർ. ശേഖർ (കെയുഎസ്റ്റിഒ സംസ്ഥാന സെക്രട്ടറി) സുമ വി., പ്രസിദ്ധ എന്നിവർ പ്രസംഗിച്ചു. കെ.എം. ബീവി (പിപിറ്റിഎച്ച്ഒ സംസ്ഥാന വൈസ് പ്രസിഡന്റ്) സ്വാഗതവും, ബി.കെ. രേഷ്മ (പിപിറ്റിഎച്ച്ഒ സംസ്ഥാന ട്രഷറർ) നന്ദിയും പറഞ്ഞു. ○

## ലിറ്റിൽ ആൻഡമാനിൽ ശിബ്ദാസ്ഘോഷ് അനുസ്മരണയോഗം

**മ**ഹാനായ തൊഴിലാളിവർഗ്ഗനേതാവ് സഖാവ് ശിബ്ദാസ്ഘോഷിന്റെ 40-ാം ചരമവാർഷികം ലിറ്റിൽ ആൻഡമാനിൽ സമുചിതം ആചരിക്കപ്പെട്ടു. ആഗസ്റ്റ് 5 ന് നടന്ന അനുസ്മരണ സമ്മേളനത്തിൽ സഖാവ് ബലറാം മന്ന മുഖ്യപ്രസംഗം നടത്തി. ശിബ്ദാസ്ഘോഷിന്റെ ചിത്രത്തിൽ ഹാരാർപ്പണം നടത്തി. പാർട്ടി സഖാക്കളും അനുഭാവികളും പങ്കെടുത്ത യോഗം സഖാവ് ശിബ്ദാസ്ഘോഷിനെക്കുറിച്ചുള്ള ഗാനാലാപനത്തോടെ സമാപിച്ചു.




Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.